# സീറോമലബാർ
# ആരാധനക്രമ പഞ്ചാംഗം

## 2009 - 2010

(Ad Experimentum)

Published by
Syro Malabar Major Archiepiscopal Commission for Liturgy

**അക്ഷരങ്ങളുടെയും അടയാളങ്ങളുടെയും വിവരണം**

| | | |
|---|---|---|
| ✠ | : | കടമുള്ള ദിവസം |
| ക. | : | കന്യക |
| മ. | : | മല്പാൻ |
| മെ. | : | മെത്രാൻ |
| വ. | : | വന്ദകർ |
| വി. | : | വിശുദ്ധ |
| വേ. | : | വേദസാക്ഷി |
| പാ. | : | പാപ്പാ |
| പു. | : | പുരോഹിതൻ |

| വർഷം | നോമ്പ് 1-ാം ഞായർ | ഈസ്റ്റർ | പന്തക്കുസ്ത |
|---|---|---|---|
| 2010 | ഫെബ്രു 14 | ഏപ്രിൽ 4 | മേയ് 23 |
| 2011 | മാർച്ച് 6 | ഏപ്രിൽ 24 | ജൂൺ 12 |
| 2012 | ഫെബ്രു 19 | ഏപ്രിൽ 8 | മേയ് 27 |

# ഈ പഞ്ചാംഗത്തെപ്പറ്റി

1. 1995 നവംബർ മാസത്തിൽ സമ്മേളിച്ച സീറോമലബാർ മെത്രാന്മാരുടെ സിനഡിന്റെ തീരുമാനം അനുസരിച്ചാണ് ഈ പഞ്ചാംഗം തയ്യാറാക്കിയിരിക്കുന്നത്.

2. ചില വായനകൾക്കുശേഷം ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്നത് 1959-60കളിൽ റോം നല്കിയ വായനകളുടെ (Ordo and Supplementum) പൂർണ്ണരൂപമാണ്. വളരെ ദൈർഘ്യമുള്ള വായനകളുടെ ദൈർഘ്യം കുറച്ചിട്ടുണ്ട്. ഇടദിവസങ്ങളിലെ വായനകൾ ആവശ്യാനുസരണം തിരഞ്ഞെടുത്തിരിക്കുന്നു.

3. പൗരസ്ത്യസുറിയാനി കലണ്ടറനുസരിച്ചുള്ള ആരാധനക്രമവൽസര വിഭജനമാണ് ഈ പഞ്ചാംഗത്തിൽ സ്വീകരിച്ചിരിക്കുന്നത്. അതനുസരിച്ച് ആരാധനാവൽസരത്തെ ഒൻപത് കാലങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ കാലത്തിന്റെയും ചൈതന്യം സംക്ഷിപ്തമായി ഇതിൽ നല്കിയിട്ടുണ്ട്.

4. രക്ഷാചരിത്രത്തിലെ ദിവ്യരഹസ്യങ്ങളെ കേന്ദ്രീകരിച്ചാണ് ആരാധനാവൽസരത്തിനു രൂപം നല്കിയിരിക്കുന്നത്. ഈശോയുടെ ജനനം (മംഗലവാർത്ത-പിറവി), മാമ്മോദീസ (ദനഹാ), പീഡാനുഭവവും മരണവും (നോമ്പ്), ഉയിർപ്പ്-സ്വർഗ്ഗാരോഹണം (ഉയിർപ്പ്), പന്തക്കുസ്ത (ശ്ലീഹ-കൈത്ത), രൂപാന്തരീകരണവും കുരിശിന്റെ പുകഴ്ചയും (ഏലിയ, സ്ലീവ, മൂശ), മിശിഹായുടെ പുനരാഗമനവും സഭയുടെ മഹത്ത്വീകരണവും (പള്ളിക്കൂദാശ) എന്നിവയാണ് ആ രക്ഷാകരസംഭവങ്ങൾ.

5. തിരുനാളുകളെ പ്രാധാന്യേന മൂന്നു ഗണമായി തിരിച്ചിരിക്കുന്നു. അതനുസരിച്ചാണ് ആ ദിവസങ്ങളിൽ വായനകൾ ക്രമീകരിച്ചിരിക്കുന്നത്. തിരുനാളുകൾ തിരിച്ചറിയുന്നതിന് മൂന്നു വലിപ്പത്തിലുള്ള അക്ഷരങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

   - കർത്താവിന്റെയും രക്ഷാകരചരിത്രവുമായി നേരിട്ടു ബന്ധമുള്ള പ. കന്യാമറിയത്തിന്റെയും തിരുനാളുകളും മറ്റു ചില പ്രധാന തിരുനാളുകളുമാണ് ഒന്നാം ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. (ഉദാ. ഉയിർപ്പ്, മാതാവിന്റെ അമലോത്ഭവം, വി. തോമാശ്ലീഹായുടെ ദുക്റാന). ആ ദിവസങ്ങളിൽ തിരുനാളുകളുടെ വായനകളാണ് ആദ്യം നല്കിയിരിക്കുന്നത്.

- നമ്മുടെ സഭയിൽ പൊതുവെ അനുസ്മരിച്ചുപോരുന്ന വിശുദ്ധരുടെ തിരുനാളുകളാണ് രണ്ടാമത്തെ ഗണത്തിൽ (ഉദാ. പാദുവായിലെ വി. അന്തോണീസ്, വി. ഫ്രാൻസിസ് അസ്സീസി). ആ ദിവസങ്ങളിൽ കാലത്തിന്റെ വായനകൾക്കു ശേഷമാണ് തിരുനാളിന്റെ വായന ചേർത്തിരിക്കുന്നത്.

- മൂന്നാമത്തെ ഗണത്തിൽപ്പെടുത്തിയിരിക്കുന്ന തിരുനാൾ (ഉദാ. വി. ഡൊമിനിക് സാവിയോ, വി. പത്താം പീയൂസ്) ദിവസങ്ങളിലും രണ്ടാം ഗണത്തിലെ തിരുനാളുകളുടെ ക്രമംതന്നെ സ്വീകരിച്ചിരിക്കുന്നു.

ചുരുക്കം ചില തിരുനാളുകൾക്ക് (ഉദാ. വി. ശിമയോൻ ബാർസബയും സഹരക്തസാക്ഷികളും, കർത്താവിന്റെ എഴുപതു ശിഷ്യന്മാർ) പ്രത്യേകം വായനകൾ നല്കിയിട്ടില്ല. അനുബന്ധം 1-ൽ വേറെ ചില വിശുദ്ധരുടെ പേരുകളും നല്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ, അനുബന്ധം 2-ൽനിന്ന് വായനകൾ തിരഞ്ഞെടുക്കാം.

6. പ്രത്യക്ഷവത്കരണകാലത്തിലെ വെള്ളിയാഴ്ചകളിൽ വരുന്ന തിരുനാളുകൾ ആ ദിവസങ്ങളിൽത്തന്നെ നല്കിയിട്ടുണ്ട്. എന്നാൽ, അവ സാധാരണമായി ആഘോഷിച്ചുപോരുന്ന ദിവസങ്ങളിലും കൊടുത്തിട്ടുണ്ട്. (ഉദാ. സകല വിശുദ്ധരുടെയും തിരുനാൾ, വി. സ്റ്റീഫൻ). മംഗലവാർത്ത രണ്ടാം ഞായർ മംഗലവാർത്തത്തിരുനാളായി ആചരിക്കാവുന്നതാണ്.

7. സകല മരിച്ചവരുടെയും ഓർമ്മ പ്രത്യക്ഷവത്കരണകാലത്തിലെ അവസാന വെള്ളിയാഴ്ചയോ നവംബർ രണ്ടാം തീയതിയോ ആചരിക്കാവുന്നതാണ്.

8. വലിയ നോമ്പിന്റെ ആദ്യദിവസമായ തിങ്കളാഴ്ചയാണ് അനുതാപശുശ്രൂഷയും അതോടനുബന്ധിച്ചുള്ള ഉപവാസവും മാംസവർജ്ജനവും നടത്തുക. ആവശ്യമുള്ള സ്ഥലങ്ങളിൽ രൂപതാദ്ധ്യക്ഷന്റെ തീരുമാനത്തിനു വിധേയമായി ഇവ നോമ്പിലെ മറ്റൊരു ദിവസത്തിലും നടത്താവുന്നതാണ്.

9. വലിയനോമ്പിലെ എല്ലാ ദിവസങ്ങളോടൊപ്പം ഇരുപത്തഞ്ചുനോമ്പ്, മൂന്നുനോമ്പ്, എട്ടുനോമ്പ്, പതിനഞ്ചുനോമ്പ് എന്നിവയും മാംസവർജ്ജനദിവസങ്ങളായി ആചരിക്കുന്നത് അഭികാമ്യമാണ്.

10. ഞായറാഴ്ചകൾക്കും പ്രധാനപ്പെട്ട മറ്റു ദിവസങ്ങൾക്കും നാലു വായനകൾ വീതം നല്കിയിട്ടുണ്ട്.

11. കൂദാശകൾക്കും തിരുനാളുകൾക്കും മറ്റും ഉപയോഗിക്കാവുന്ന വായനകൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

12. സീറോമലബാർസഭാചരിത്രത്തിലെ സ്മരണീയമായ ചില സംഭവങ്ങളും അവയുടെ തീയതികളും അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.

13. വലിയ നോമ്പാരംഭത്തിൽ അനുതാപശുശ്രൂഷ നടത്തുന്ന ദിവസവും പീഡാനുഭവവെള്ളിയാഴ്ചയും ഉപവാസവും മാംസവർജ്ജനവും നടത്തേണ്ടതാണ്.

14. വലിയനോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും ഉപവസിക്കുന്നത് അഭികാമ്യമാണ്.

15. ആണ്ടുവട്ടത്തിലെ എല്ലാ വെള്ളിയാഴ്ചകളും മാംസവർജ്ജന ദിവസങ്ങളാണ്. ക്രിസ്മസിനും ദനഹാത്തിരുനാളിനും ഇടയ്ക്കുള്ള വെള്ളിയാഴ്ചകളും ഈസ്റ്ററിനുശേഷമുള്ള പ്രഥമവെള്ളിയാഴ്ചയും ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

16. ദനഹ (ജനുവരി 6), വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ (ജൂൺ 29), നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം (ഉയിർപ്പ് ആറാം ഞായർ കഴിഞ്ഞുവരുന്ന വ്യാഴാഴ്ച) എന്നീ പ്രധാന തിരുനാൾദിനങ്ങൾ കടമുള്ള ദിവസങ്ങളാണ്. ഇവ അവധിദിവസങ്ങളല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കേണ്ടതാണ്.

# 2009

## മംഗലവാർത്തക്കാലം

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാവൽസരം ആരംഭിക്കുന്നത് മംഗളവാർത്തക്കാലത്തോടുകൂടിയാണ്. ഡിസംബർ 25-ാം തീയതി ആഘോഷിക്കപ്പെടുന്ന ഈശോയുടെ ജനനത്തിന് ഒരുക്കമായുള്ള നാല് ആഴ്ചകൾ കൂടിയതാണ് ഈ കാലം. തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ നോമ്പ് ഈയവസരത്തിൽ ആചരിക്കുന്നതുകൊണ്ടാണ് ഈ കാലത്തിന് '25 നോമ്പ്' എന്നു പറയുന്നത്.

ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവൃത്തികൾ ആരംഭിക്കുന്നത് അവിടുത്തെ ജനനത്തോടുകൂടിയാണല്ലോ. സുറിയാനി ഭാഷയിൽ 'സുബാറാ' എന്നാണ് ഈ കാലഘട്ടത്തിന്റെ പേര്. 'പ്രഖ്യാപനം', 'അറിയിപ്പ്' എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചത്. അങ്ങനെ സമയത്തിന്റെ തികവിൽ പൂർത്തിയായ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലം രൂപപ്പെടുത്തിയിരിക്കുന്നത്. അവിടുത്തെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പും അദ്ദേഹത്തിന്റെ ജനനവും അടങ്ങുന്ന മംഗളസംഭവവും ഈ ദിവസങ്ങളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മനുഷ്യാവതാര രഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി മനുഷ്യസൃഷ്ടി മുതൽ ആദിമാതാപിതാക്കളുടെ അനുസരണക്കേടും അതിന്റെ അനന്തരഫലങ്ങളും, അധഃപതിച്ച മനുഷ്യവംശത്തിന്റെ പരിതാപകരമായ അവസ്ഥ, ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനം, മാനവവംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടി, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ തുടങ്ങിയവയും ഈ കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനു രക്ഷാകരചരിത്രത്തിലുള്ള പങ്കും ഈ കാലത്തിൽ നാം ചിന്താവിഷയമാക്കുന്നു.

സ്വന്തം ദയനീയാവസ്ഥയെക്കുറിച്ചു ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയനിയമ ജനതയെപ്പോലെ, പുതിയ നിയമത്തിലെ ജനത തങ്ങളുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്കു നടന്നടുക്കണമെന്നും മിശിഹായ്ക്കു പിറക്കുവാൻ തങ്ങളുടെ ഹൃദയങ്ങളിൽ ഇടം നല്കണമെന്നും ഈ കാലത്തിലെ വി. ഗ്രന്ഥവായനകളും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

# 2009 നവംബർ

**29 ഞാ ✠ മംഗലവാർത്തക്കാലം ഒന്നാം ഞായർ**

**(Propria Vol. I page 9)**

അടുത്തത് ആദ്യവെള്ളിയാഴ്ച

തിങ്കളാഴ്ച പാതിരാ മുതൽ പിറവിത്തിരുനാൾവരെ ഇരുപത്തഞ്ചു നോമ്പ്. നോമ്പുദിനങ്ങളിൽ വിവാഹാഘോഷം മുടക്ക്

ഉത്പ 17:15-22 (17:1-27) ഇസഹാക്കിന്റെ ജനനത്തെക്കുറിച്ച് മുന്നറിയിപ്പ്.

ഏശ 42:18-25 (42:18-43:13) ജനത്തിന്റെ അന്ധത.

എഫേ 5:21-6:4 (5:21-6:9) പരസ്പരവിധേയത്വം.

ലൂക്കാ 1:5-25 (1:1-25) യോഹന്നാന്റെ ജനനത്തെക്കുറിച്ച് മുന്നറിയിപ്പ്.

30 തി **വി. അന്ത്രയോസ് ശ്ലീഹാ**

**(Propria Vol. III page 611)**

താഴത്ത് മാർ ആൻഡ്രൂസ് മെത്രാന്റെ നാമഹേതുകതിരുനാൾ.

ഇന്നു പാതിരാ മുതൽ പിറവിത്തിരുനാൾവരെ ഇരുപത്തഞ്ചുനോമ്പ്. നോമ്പുദിനങ്ങളിൽ വിവാഹാഘോഷം മുടക്ക്

ഉത്പ 28:10-17 യാക്കോബിന്റെ സ്വപ്നം.

സഖ 8:20-23 കർത്താവിന്റെ പ്രീതിക്കായി പ്രാർത്ഥിക്കാം.

റോമാ 10:10-18 സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ ശ്രേഷ്ഠം.

മത്താ 4:18-22 അന്ത്രയോസിനെ വിളിക്കുന്നു.

# 2009 ഡിസംബർ
# മംഗലവാർത്തക്കാലം

1 ചൊ **ഇരുപത്തഞ്ച് നോമ്പാരംഭം**
റോമാ 13:11-14 രക്ഷ അടുത്തെത്തിയിരിക്കുന്നു.
ലൂക്കാ 3:15-18 മിശിഹായുടെ മുന്നോടിയായ യോഹന്നാൻ.

2 ബു 1 യോഹ 3:1-10 ദൈവത്തിൽനിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല.
യോഹ 1:1-8 വെളിച്ചത്തിനു സാക്ഷ്യംവഹിച്ച യോഹന്നാൻ.

3 വ്യാ **വി. ഫ്രാൻസിസ് സേവ്യർ (Propria Vol. IV. page 922)**
നിയ 26:16-19 നിങ്ങൾ ഒരു വിശുദ്ധ ജനം.
ഏശ 45:20-24 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
2 കോറി 6:3-10 ഞങ്ങൾ ദൈവത്തിന്റെ ദാസന്മാർ.
മർക്കോ 6:7-13 ഈശോ ശിഷ്യരെ അയയ്ക്കുന്നു.

4 വെ ആദ്യവെള്ളിയാഴ്ച
കൊളോ 1:15-20 മിശിഹാ ദൈവത്തിന്റെ പ്രതിരൂപവും ആദ്യജാതനും.
മത്താ 12:14-21 അവന്റെ നാമത്തിൽ വിജാതീയർക്കും പ്രത്യാശ.

5 ശ എഫേ 1:3-12 ദൈവം മുൻകൂട്ടി തിരഞ്ഞെടുത്തവൻ.
യോഹ 8:21-30 പിതാവിനെക്കുറിച്ച് സംസാരിക്കുന്ന ഈശോ.

**6 ഞാ ✠ മംഗലവാർത്ത രാം ഞായർ (Propria Vol. I. page 19)**
**(മംഗലവാർത്തത്തിരുനാൾ)**
ചൊവ്വാഴ്ച പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ.
സംഖ്യ 22:20-35 (22:20-23:2) ഞാൻ നിന്നോടു പറയുന്നതു മാത്രം പറയുക.
ഏശ 43:14-28 (43:14-44:5) സ്രഷ്ടാവായ കർത്താവും ജനത്തിന്റെ നന്ദിഹീനതയും.
കൊളോ 4:2-6 (4:2-18) കൃതജ്ഞതയോടെ പ്രാർത്ഥിക്കുക.
ലൂക്കാ 1:26-38 (1:26-56) ഈശോയുടെ ജനനത്തെക്കുറിച്ച് മുന്നറിയിപ്പ്.

7 തി റോമാ 12:9-18 അന്യോന്യം സ്നേഹിക്കുവിൻ.
മർക്കോ 3:31-35 ദൈവഹിതം നിറവേറ്റുന്നവൻ മിശിഹായുടെ സ്വന്തം.

**വി. അംബ്രോസ് മെ. മ. (Propria Vol. IV. page 941)**
നിയ 7:1-11 നിങ്ങൾ ഒരു വിശുദ്ധ ജനം.
പ്രഭാ 15:1-6 കർത്താവിന്റെ ഭക്തർക്ക് ജ്ഞാനം ലഭിക്കും.
2 തിമോ 4:1-8 വചനം പ്രഘോഷിക്കുക.
ലൂക്കാ 14:25-33 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

8 ചൊ **പ. ക. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ (Propria Vol. I. page 248)**
പ്രഭാ 24:1-14 (24:1-34) ജ്ഞാനത്തിന്റെ മാഹാത്മ്യം.
ജ്ഞാനം 8:1-10 (7:21-8:10) ജ്ഞാനം അനുഗ്രഹത്തിന്റെ ഉറവിടം.
ഹെബ്രാ 1:1-3 + 2:16-18 പുത്രൻവഴി സംസാരിച്ച ദൈവം.
ലൂക്കാ 1:46-55 (മത്താ 1:1-17 + ലൂക്കാ 1:46-55) മറിയത്തിന്റെ സ്തോത്രഗീതം.

9 ബു പഴേപറമ്പിൽ മാർ ലൂയിസ് മെത്രാന്റെ ചരമം (1919)
എഫേ 2:1-10 രക്ഷ ദൈവത്തിന്റെ ദാനം.
യോഹ 7:40-46 അവനെപ്പോലെ ആരും ഇതുവരെ സംസാരിച്ചിട്ടില്ല.

10 വ്യാ 2 കോറി 8:7-12 അവൻ നമ്മെപ്രതി ദരിദ്രൻ
മത്താ 3:1-6 സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.

11 വെ 1 തിമോ 1:12-17 പാപികളെ രക്ഷിക്കാൻ വന്ന മിശിഹാ.
ലൂക്കാ 3:1-6 രക്ഷകന്റെ പാത ഒരുക്കുന്നവൻ.

12 ശ എഫേ 3:14-21 വിശ്വാസംവഴി മിശിഹാ നമ്മുടെ ഹൃദയത്തിൽ.
ലൂക്കാ 19:1-10 സക്കേവൂസിന്റെ ഭവനത്തിൽ വസിക്കുന്ന ഈശോ.

**13 ഞാ ✠ മംഗളവാർത്ത മൂന്നാം ഞായർ (Propria Vol. I. page 29)**
ഉത്പ 18:1-5 (18:1-19) ദൈവം അബ്രാഹത്തെ സന്ദർശിക്കുന്നു.
ന്യായാ 13:2-7 (13:2-24) സാംസന്റെ ജനനം.
എഫേ 3:1-13 (3:1-21) വിജാതീയരോട് മിശിഹായുടെ സമ്പന്നതയെക്കുറിച്ച് പ്രസംഗിച്ച പൗലോസ്.
ലൂക്കാ 1:57-66 (1:57-80) യോഹന്നാന്റെ ജനനം.

14 തി വെളി 12:7-12 ദൈവത്തിന്റെ രക്ഷ ആഗതമായിരിക്കുന്നു.
ലൂക്കാ 20:1-8 ഈശോയുടെ അധികാരം.

**കുരിശിന്റെ വി. യോഹന്നാൻ പു. മ. (Propria Vol. IV. page 922)**
1 കോറി 2:1-10 രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനം
ലൂക്കാ 14:25-33 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

15 ചൊ ഗലാ 4:8-12 നമ്മെ അറിയുന്ന ദൈവം.
ലൂക്കാ 1:67-80 നമ്മെ സന്ദർശിച്ച കർത്താവ്.

16 ബു കൊളോ 1:10-14 അന്ധകാരത്തെ ഉന്മൂലനം ചെയ്ത മിശിഹാ.
മത്താ 5:17-20 പഴയനിയമത്തിന്റെ പൂർത്തീകരണമായ മിശിഹാ.

17 വ്യാ ഹെബ്രാ 1:5-14 മാലാഖമാരെക്കാൾ ശ്രേഷ്ഠനായ മിശിഹാ.
യോഹ 7:25-31 ഇവനാണോ മിശിഹാ?

18 വെ തീത്തോ 2:11-14 ദൈവത്തിന്റെ കൃപ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.
ലൂക്കാ 2:28-35 വാഗ്ദാനങ്ങൾ നിറവേറ്റുന്ന ദൈവം.

**മൈലാപ്പൂരിലെ അത്ഭുതകുരിശ് (Propria Vol. I. page 256)**
പുറ 17:4-6 പാറയിൽനിന്നുള്ള ജലം.
ജ്ഞാനം 7:7-9 ജ്ഞാനം രത്നത്തെക്കാൾ ശ്രേഷ്ഠം.
എഫേ 2:8-22 എല്ലാവരും മിശിഹായിൽ ഒന്നിപ്പിക്കപ്പെട്ടിരിക്കുന്നു.
യോഹ 14:1-6 വഴിയും സത്യവും ജീവനുമായ മിശിഹാ.

19 ശ മേനാച്ചേരി മാർ യോഹന്നാൻ മെത്രാന്റെ ചരമം (1919)
ഗലാ 4:1-7 സ്ത്രീയിൽനിന്ന് ഭൂജാതനായ ദൈവപുത്രൻ.
ലൂക്കാ 1:39-45 നീ സ്ത്രീകളിൽ അനുഗൃഹീത.

**20 ഞാ ✠ മംഗളവാർത്ത നാലാം ഞായർ (Propria Vol. I. page 38)**
വെള്ളിയാഴ്ച ന. ക. ഈശോമിശിഹായുടെ പിറവിത്തിരുനാൾ.
(കടമുള്ള ദിവസം)
ഉത്പ 24:50-67 ഇസഹാക്ക് റബേക്കയെ സ്വീകരിക്കുന്നു.
1 സാമു 1:1-18 സാമുവലിന്റെ ജനനം.
എഫേ 5:6-15 (5:5-21) പ്രകാശത്തിന്റെ മക്കളാകുക.
മത്താ 1:18-25 അവൻ 'എമ്മാനുഏൽ' എന്നു വിളിക്കപ്പെടും.

21 തി സീറോ മലബാർ ഹൈരാർക്കിയുടെ സ്ഥാപനം (1923)
2 കോറി 5:17-6:2 ഇതാ രക്ഷയുടെ ദിവസം.
യോഹ 1:11-18 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു.
22 ചൊ ഹെബ്രാ 8:1-6 പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ മിശിഹാ.
യോഹ 3:22-30 അവൻ വളരുകയും ഞാൻ കുറയുകയും വേണം.

23 ബു 2 കോറി 1:18-22 വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ മിശിഹാ.
മത്താ 9:27-31 ദാവീദിന്റെ പുത്രനായ മിശിഹാ.

24 വ്യാ എഫേ 1:15-23 മിശിഹാ മഹോന്നതൻ.
മർക്കോ 1:1-8 അവന്റെ ചെരിപ്പിന്റെ വള്ളി അഴിക്കാൻ ഞാൻ യോഗ്യനല്ല.

## പിറവിക്കാലം

ഈശോമിശിഹായുടെ പിറവിത്തിരുനാൾ മുതൽ ദനഹാത്തിരുനാൾവരെയുള്ള ദിനങ്ങളാണ് പിറവിക്കാലമായി കണക്കാക്കപ്പെടുന്നത്. ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഈശോയെ ദേവാലയത്തിൽ സമർപ്പിക്കുന്ന സംഭവവുമാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ദൈവപുത്രന്റെ ജനനത്തിൽ ഭൂവാസികളും സ്വർഗ്ഗവാസികളും സന്തോഷത്തിലാറാടി. എന്തുകൊണ്ടെന്നാൽ രക്ഷയുടെ ആശാകിരണങ്ങൾ ഉദയം ചെയ്തു. ലോകത്തിനു കൈവന്ന ഈ സൗഭാഗ്യത്തിൽ പങ്കുപറ്റാനുള്ള ആഹ്വാനമാണ് ഈ കാലം നല്കുന്നത്. സൗഭാഗ്യത്തിൽ പങ്കുപറ്റുക എന്നാൽ ക്രിസ്തുവിനെ സ്വന്തമാക്കുകയെന്നാണ്. പാപത്തിനു മരിച്ച്, ക്രിസ്തുവിനെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളുകയാണ് പിറവിക്കാലത്തിന്റെ ചൈതന്യം.

25 വെ **ന. ക. ഈശോമിശിഹായുടെ പിറവിത്തിരുനാൾ**
**(കടമുള്ള ദിവസം) (Propria Vol. I. page 48)**
ഏശ 7:10-16 (7:10-16 + 9:1-3, 6-7) കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
മിക്കാ 5:2-5, 8-9 (4:1-3 + 5:2-5, 8-9) വരാനിരിക്കുന്ന രാജാവ്.

ഗലാ 3:15-25 (3:15-4:6) നീതീകരണത്തിന്റെ അടിസ്ഥാനമായ മിശിഹാ.
ലൂക്കാ 2:1-20 ഈശോയുടെ ജനനം.

26 ശ കൊളോ 1:1-9 ദൈവഹിതത്തെക്കുറിച്ച് ഉൾക്കാഴ്ച വേണം.
യോഹ 13:31-35 പരസ്നേഹം മിശിഹായുടെ ശിഷ്യന്റെ അടയാളം.

**വി. സ്റ്റീഫൻ വേ. (Propria Vol. I. page 148)**
നട 6:8-10 + 7:54-59 സ്റ്റീഫന്റെ രക്തസാക്ഷിത്വം.
മത്താ 10:16-22 നമ്മിലൂടെ സംസാരിക്കുന്ന പിതാവിന്റെ ആത്മാവ്.

27 ഞാ **✠ പിറവി ഒന്നാം ഞായർ (Propria Vol. I. page 61)**
വടക്കേൽ മാർ ജോൺ മെത്രാന്റെ നാമഹേതുകദിനം.
ഇന്ന് തിരുക്കുടുംബത്തിന്റെ തിരുനാൾ.
തിങ്കളാഴ്ച ശിശുദിനം.
വ്യാഴാഴ്ച വർഷാവസാനം.
വെള്ളിയാഴ്ച വർഷാരംഭം.
ഉത്പ 21:1-8 (21:1-21) ഇസഹാക്കിന്റെ ജനനം.
1 സാമു 1:21-28 (1:19-28) സാമുവൽ കർത്താവിനു സമർപ്പിക്കപ്പെടുന്നു.
ഗലാ 4:21-5:1 സ്വാതന്ത്ര്യത്തിലേക്കു നമ്മെ മോചിപ്പിച്ച മിശിഹാ.
മത്താ 2:1-12 (2:1-23) ജ്ഞാനികളുടെ സന്ദർശനം.

## തിരുക്കുടുംബം

ഉത്പ 1:26-28 സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.
പ്രഭാ 3:1-9 മാതാപിതാക്കന്മാരുടെ കടമകൾ.
കൊളോ 3:18-21 കർത്താവിൽ നയിക്കപ്പെടുന്ന കുടുംബജീവിതം.
മത്താ 2:13-14, 19-23 ഈജിപ്തിലേക്കു പലായനം ചെയ്യുന്ന തിരുക്കുടുംബം.

**വി. യോഹന്നാൻ ശ്ലീഹാ (Propria Vol. III. page 611)**
പുറ 33:9-23 സ്നേഹിതനോടെന്നപോലെ നമ്മോടു സംസാരിക്കുന്ന ദൈവം
പ്രഭാ 15:1-6 കർത്താവിന്റെ ഭക്തന് ജ്ഞാനം ലഭിക്കും.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ഒന്നും നമ്മെ വേർപെടുത്തരുത്.
യോഹ 21:20-24 ഈശോ സ്നേഹിച്ച ശിഷ്യൻ.

28 തി **കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)**
ഉത്പ 4:3-8 ആബേൽ വധിക്കപ്പെടുന്നു.
ജെറെ 31:15-17 റാമായിൽനിന്ന് വിലാപസ്വരം.
ഹെബ്രാ 11:3-10 (11:3-10 + 11: 32-12:2) വിശ്വസിക്കുന്നവന് എല്ലാം നന്മയ്ക്കായി ഭവിക്കുന്നു.
മത്താ 2:13-18 ഈശോയെപ്രതി വധിക്കപ്പെട്ട ശിശുക്കൾ.

29 ചൊ കൊളോ 3:12-17 കർത്താവ് ക്ഷമിച്ചതുപോലെ ക്ഷമിക്കണം.
യോഹ 8:12-18 ലോകത്തിന്റെ പ്രകാശമായ മിശിഹാ.

30 ബു ഹെബ്രാ 5:11-14 നന്മതിന്മ വിവേചിച്ചറിയുക.
ലൂക്കാ 12:54-59 കാലത്തിന്റെ അടയാളം അറിയുക.

31 വ്യാ **വർഷാവസാനം (Propria Vol. I. page 265)**
എഫേ 1:3-14 നമ്മെ അനുഗ്രഹിച്ചവൻ വാഴ്ത്തപ്പെട്ടവൻ
ലൂക്കാ 1:46-55 മറിയത്തിന്റെ സ്തോത്രഗീതം

# 2010 ജനുവരി
# പിറവി - ദനഹാക്കാലം

1 വെ **നമ്മുടെ കർത്താവിന്റെ നാമകരണം** (ഛേദനാചാരം)
**(Propria Vol. I. page 271)**
**വർഷാരംഭം. (Propria Vol. I. page 268)**
ആദ്യവെള്ളിയാഴ്ച
ഉത്പ 17:1-14 (17:1-27) ഇസ്രായേൽജനതയുടെ പരിഛേദനം.
ഏശ 43:1-7 (42:18-43:13) നമ്മെ പേരുചൊല്ലി വിളിക്കുന്ന ദൈവം
ഫിലി 2:4-11 (ഗലാ 5:1-6 + ഫിലി 2:5-13) ഈശോയുടെ നാമം എല്ലാ നാമങ്ങൾക്കുമുപരി
ലൂക്കാ 2:15-21 (മത്താ 1:18-25 + ലൂക്കാ 2:21) അവന് ഈശോ എന്ന പേരു നല്കി

**ദൈവമാതൃത്വത്തിരുനാൾ (Propria Vol. I. page 69)**
പുറ 15:11-21 (പുറ 15:11-21 + മിക്ക 6:1-5 + ജെറ 31:13-17 ) മിരിയാം ദൈവത്തെ സ്തുതിക്കുന്നു.
അപ്പ 1:12-14 (1:1-14) മറിയത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന ശ്ലീഹന്മാർ
റോമാ 16:17-20, 25-27 (16:1-27) രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ദൈവം.
ലൂക്കാ 1:39-45 (ലൂക്കാ 1:26-55 + മത്താ 1:1-16, 18-25) നീ സ്ത്രീകളിൽ അനുഗൃഹീതയാണ്.

2 ശ എഫേ 4:7-16 കൃപാവരങ്ങളുടെ വൈവിധ്യം.
മത്താ 6:16-21 സ്വർഗ്ഗത്തിൽ നിക്ഷേപിക്കുവിൻ.

3 ഞാ ✠ **പിറവി രണ്ടാം ഞായർ (Propria Vol. I. page 77)**
അടുത്ത ബുധനാഴ്ച ദനഹത്തിരുനാൾ
അടുത്ത ഞായറാഴ്ച സീറോ മലബാർ മിഷൻ ഞായർ (പ്രത്യേക പിരിവ്)
പുറ 2:1-10 മോശയുടെ ജനനം
ഏശ 49:1-6 ഇസ്രായേൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം.
2 തിമോ 2:16-26 കർത്താവ് തനിക്കു സ്വന്തമായിട്ടുള്ളവരെ അറിയുന്നു.
ലൂക്കാ 2:21-35 (2:21-52) ഈശോയെ ദേവാലയത്തിൽ സമർപ്പിക്കുന്നു.

**വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ്**
**(Propria Vol. I. Page 278)**

ഉത്പ 12:1-4 ദൈവം അബ്രാമിനെ വിളിക്കുന്നു.
ഏശ 44:1-4 നിന്റെ മക്കളുടെമേൽ ഞാൻ അനുഗ്രഹം വർഷിക്കും.
1 പത്രോ 4:12-19 ദൈവഹിതമനുസരിച്ച് ജീവിക്കുക.
ലൂക്കാ 10:21-24 വിനീതഹൃദയർക്കു രഹസ്യം വെളിപ്പെടുത്തുന്ന ഈശോ.

4 തി കൊളോ 2:6-13 വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടെ ഉയിർപ്പിക്കപ്പെട്ടു.
മത്താ 4:12-17 യേശു ദൗത്യം ആരംഭിക്കുന്നു.

5 ചൊ 1 കോറി 2:11-15 എല്ലാം വിവേചിച്ചറിയുന്ന ആത്മീയമനുഷ്യൻ
ലൂക്കാ 12:35-40 സദാ ജാഗരൂകരായിരിക്കുവിൻ.

## പ്രത്യക്ഷവത്കരണകാലം (ദനഹാക്കാലം)

ഉദയം, പ്രത്യക്ഷവത്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന 'ദനഹാ'ക്കാലത്തിൽ, ജോർദാൻ നദിയിൽവച്ച് ഈശോയുടെ മാമ്മോദീസാവേളയിൽ ആരംഭിച്ച അവിടുത്തെ പരസ്യജീവിതമാണ് സഭ അനുസ്മരിക്കുക. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു: 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' (മത്താ 3:7).

ജനുവരി ആറാംതീയതി ആഘോഷിക്കപ്പെടുന്ന കർത്താവിന്റെ 'ദനഹാ' ത്തിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ 'പിണ്ടികുത്തി'പ്പെരുന്നാളെന്നും തെക്കൻഭാഗങ്ങളിൽ 'രാക്കുളി'പ്പെരുന്നാളെന്നും വിളിക്കാറുണ്ട്. 'ലോകത്തിന്റെ പ്രകാശമായ' മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തംകൊളുത്തി അതിനുചുറ്റും പ്രദക്ഷിണം വെച്ചുകൊണ്ട് 'ദൈവം പ്രകാശമാകുന്നു' (ഏൽ പയ്യ) എന്ന് ആർത്തുവിളിച്ചിരുന്ന പതിവിൽനിന്നാണ് 'പിണ്ടികുത്തി'പ്പെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസായെ സ്മരിച്ചുകൊണ്ട് ഈ തിരുന്നാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി നമ്മുടെ പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളി(ritual bath)യിൽനിന്നാണ് 'രാക്കുളി' എന്ന പേരു ലഭിച്ചത്. തികച്ചും മതാത്മകമായി നടത്തിയിരുന്ന ഒരു കർമ്മമായിരുന്നു അത്.

ഈശോയുടെ മാമ്മോദീസ, അവിടുത്തെ പരസ്യജീവിതം, അവിടുത്തെ വ്യക്തിത്വവും മാനുഷിക-ദൈവിക സ്വഭാവങ്ങളും, പിതാവിനോടും പരിശുദ്ധാത്മാവിനോടും അവിടുത്തേക്കുള്ള ഗാഢമായ ബന്ധം, സ്വയം ശൂന്യവത്കരിക്കുന്ന അവിടുത്തെ സ്നേഹം എന്നിവ ഈ കാലത്തിലെ പ്രധാനപ്പെട്ട

വിഷയങ്ങളാണ്. ഈശോയുടെ പരസ്യജീവിതവുമായി ബന്ധപ്പെട്ട വി. ഗ്രന്ഥ വായനകളാണ് ഈ കാലയളവിൽ നാം പ്രധാനമായും ഉപയോഗിക്കുക. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്ത വനും തന്റെതന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്തത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്ര മായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ ഈ പ്രത്യക്ഷവത്കരണ കാലത്ത് നമുക്കു യത്നിക്കാം.

6 ബു **ന. കർത്താവിന്റെ പ്രത്യക്ഷവത്ക്കരണതിരുനാൾ (ദനഹാത്തിരുനാൾ) (Propria Vol. I page 86)**

ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളാണ്. കടമുള്ള ദിവസ വുമാണ്. ഇന്ന് ഒഴിവുദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്ന വരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബ ന്ധിക്കേണ്ടതാണ്.

വിതയത്തിൽ മാർ വർക്കി കർദ്ദിനാളിന്റെ അഭിഷേകം (1997)

മൂലക്കാട്ട് മാർ മാത്യു മെത്രാന്റെ അഭിഷേകം (1999)

സംഖ്യ 24:2-9 (24:2-9, 15-25) ദൈവത്തിന്റെ ആത്മാവ് അവന്റെ മേൽ ആവസിച്ചു.

ഏശ 11:1-5 (4:2-5 + 11:1-5 + 12:4-6) ജ്ഞാനത്തിന്റെയും വിവേക ത്തിന്റെയും ആത്മാവ്.

തീത്തോ 3:1-7 (2:1-3:7) ക്രിസ്തീയ ജീവിതചര്യ.

മത്താ 3:13-17 (3:1-17) ഈശോയുടെ ജ്ഞാനസ്നാനം.

7 വ്യാ 1 യോഹ 1:5-10 ദൈവം പ്രകാശമാണ്.

യോഹ 10:31-39 പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്ന പുത്രൻ.

8 വെ ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം (1951)

റോമാ 14:1-6 എല്ലാം കർത്താവിന്റെ സ്തുതിക്കായി ചെയ്യണം.

യോഹ 8:31-38 പാപം ചെയ്യുന്നവൻ പാപത്തിനടിമ.

**വി. സ്നാപകയോഹന്നാൻ (Propria Vol. I page 96)**

ഏശ 35:3-10 (35:3-10 + 40:1-8) ഐശ്വര്യപൂർണ്ണമായ ഭാവി.

അപ്പ 13:16-26 (13:13-33) രക്ഷയുടെ വചനം അയയ്ക്കപ്പെട്ടിരിക്കുന്നു

എഫേ 3:1-13 (2:19-3:21) വിജാതീയരോടു മിശിഹായെ പ്രസംഗിച്ച പൗലോസ്

മർക്കോ 6:14-29 യോഹന്നാന്റെ ശിരച്ഛേദം

9 ശ എഫേ 6:10-17 സത്യംകൊണ്ട് അരമുറുക്കി ഉറച്ചുനില്ക്കുക.
മർക്കോ 9:33-37 സ്വർഗ്ഗരാജ്യത്തിലെ വലിയവൻ.

10 ഞാ ✠ **പ്രത്യക്ഷവത്ക്കരണം ഒന്നാം ഞായർ (Propria Vol. I. page 105)**
കണ്ടത്തിൽ മാർ അഗസ്റ്റിൻ മെത്രാപ്പോലീത്തയുടെ ചരമം (1956)
സീറോ-മലബാർ മിഷൻ ഞായർ (പ്രത്യേക പിരിവ്)
പുറ 3:1-15 ദൈവം മോശയെ വിളിക്കുന്നു.
ഏശ 44:28-45:4 (44:21-45:4) സൈറസിനെ ദൈവം നിയോഗിക്കുന്നു.
2 തിമോ 3:10-15 (3:1-15) ഈശോയിലുള്ള വിശ്വാസത്തിലൂടെ രക്ഷ പ്രാപിക്കുക.
ലൂക്കാ 4:14-22a (4:14-30) മിശിഹായുടെ ദൗത്യം

11 തി 1 കോറി 9:24-27 അനശ്വരമായതിനുവേണ്ടി ഓടുക.
മർക്കോ 10:17-22 നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക.

12 ചൊ ഫിലി 1:27-30 വിശ്വാസത്തെപ്രതി പോരാട്ടം.
മത്താ 15:21-28 കാനാൻകാരിയുടെ വിശ്വാസം.

13 ബു ഹെബ്രാ 3:1-6 മോശയെക്കാൾ ശ്രേഷ്ഠൻ.
ലൂക്കാ 4:22-30 പ്രവാചകൻ സ്വദേശത്ത് അവഗണിക്കപ്പെടുന്നു.

14 വ്യാ റോമാ 15:14-21 പൗലോസിന്റെ ശുശ്രൂഷ.
യോഹ 17:6-11 അവരും നമ്മെപ്പോലെ ഒന്നാകണം.

15 വെ 2 കോറി 10:1-7 ക്രിസ്തുവിലുള്ള ജീവിതം
യോഹ 1:29-34 ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്

**വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ**

**(Propria Vol. I. page 113)**

2 രാജാ 4:8-37 മരിച്ച കുട്ടിയെ എലീഷാ ജീവിപ്പിക്കുന്നു.
അപ്പ 9:32-42 പത്രോസിന്റെ സഭാസന്ദർശനം
2 കോറി 11:21-31 (2 കോറി 10:1-7, 11:21-31) അപ്പസ്തോലന്മാരുടെ സഹനം
മത്താ 16:13-19 (മത്താ 16:13-19 + യോഹ 21:15-19) പത്രോസിന്റെ വിശ്വാസപ്രഖ്യാപനം

16 ശ ഹെബ്രാ 4:1-10 വിശ്വസിച്ചവരായ നാം ദൈവത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുന്നു.
മർക്കോ 1:35-39 എല്ലാവരും ഈശോയെ അന്വേഷിക്കുന്നു.

17 ഞാ ✠ **പ്രത്യക്ഷവത്ക്കരണം രണ്ടാം ഞായർ**
**(Propria Vol. I. page 123)**
തിങ്കളാഴ്ച സഭൈക്യവാരം തുടങ്ങുന്നു.
സംഖ്യ 10:29-36 (10:29-11:10) വാഗ്ദാനനാട്ടിലേക്കുള്ള യാത്ര.
ഏശ 45:11-17 കർത്താവ് എല്ലാത്തിന്റെയും നിയന്താവ്.
ഹെബ്രാ 3:12-19 (3:1-4:7) ദൈവത്തിൽനിന്നും അകന്നുപോകാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ.
യോഹ 1:19-28 (1:1-28) സ്നാപകയോഹന്നാന്റെ സാക്ഷ്യം.

18 തി **സഭൈക്യവാരം തുടങ്ങുന്നു (Propria Vol. I. page 286)**
1 കോറി 1:10-17 ഐക്യത്തിൽ ജീവിക്കണം
യോഹ 5:41-47 മോശയായിരിക്കും നിങ്ങളെ വിധിക്കുക.

19 ചൊ 2 പത്രോ 1:16-21 മിശിഹായുടെ മഹത്ത്വത്തിന് ഞങ്ങൾ സാക്ഷികൾ.
മർക്കോ 4:35-41 ധൈര്യമായിരിക്കുക, ഇതു ഞാനാണ്.

20 ബു **വി. സെബസ്ത്യാനോസ് വേ. (Propria Vol. I. page 289)**
വടക്കേൽ മാർ സെബാസ്റ്റ്യൻ, എടയന്ത്രത്ത് മാർ സെബാസ്റ്റ്യൻ എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം
നിയ 32:37-43 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
ഏശ 49:1-4 എന്റെ അവകാശം കർത്താവ്
2 തിമോ 2:1-5 ഈശോയുടെ ശിഷ്യൻ സഹിക്കണം.
മത്താ 10:24-33 നിർഭയം സാക്ഷ്യം വഹിക്കുക

21 വ്യാ ഫിലി 3:12-21 ഈശോ എന്നെ സ്വന്തമാക്കിയിരിക്കുന്നു.
ലൂക്കാ 13:22-30 ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുക.

22 വെ 1 തെസ 5:12-22 നന്മയെ മുറുകെപ്പിടിക്കുക.
മർക്കോ 12:13-17 സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും.

**വി. സുവിശേഷകന്മാർ (Propria Vol. I. page 131)**

1 രാജാ 18:30-39 ഏലിയാ ബലിപീഠം പുനരുദ്ധരിക്കുന്നു.

അപ്പ 5:12-16 (5:12-32) അത്ഭുതങ്ങളും അടയാളങ്ങളും ശ്ലീഹന്മാർവഴി

1 കോറി 4:9-16 (4:9-16 + 2 കോറി 1:8-14) ഞങ്ങൾ മിശിഹായെ പ്രതി ഭോഷന്മാർ

മത്താ 10:1-15 (9:35-10:15) ശ്ലീഹന്മാരെ അയയ്ക്കുന്ന മിശിഹാ

23 ശ ഗലാ 5:1-6 നമ്മെ സ്വാതന്ത്ര്യത്തിലേക്കു മോചിപ്പിച്ച ഈശോ.

മർക്കോ 7:31-37 ബധിരനെ സുഖപ്പെടുത്തുന്ന ഈശോ.

**വി. ഫ്രാൻസിസ് സാലസ് മെ. മ. (Propria Vol. IV. page 931) (24 ഞായർ)**

എഫേ 3:8-12 വിജാതീയരോട് മിശിഹായെ പ്രസംഗിച്ച പൗലോസ്.

യോഹ 15:9-17 എന്റെ സ്നേഹത്തിൽ നിലനില്ക്കുക.

24 ഞാ ✠ **പ്രത്യക്ഷവത്കരണം മൂന്നാം ഞായർ (Propria Vol. I page 140)**

ചൊവ്വാഴ്ച റിപ്പബ്ലിക് ദിനം

ശനിയാഴ്ച ലോകസമാധാനദിനം.

നാളെ മൂന്നുനോമ്പാരംഭം.

സംഖ്യ 11:11-20 മോശയുടെ പ്രാർത്ഥന സ്വീകരിക്കുന്ന കർത്താവ്.

ഏശ 48:15-22 (45:18-46:4) ഇസ്രായേലിനെ വിജയിപ്പിക്കുന്ന കർത്താവ്.

ഹെബ്രാ 4:1-10 (3:14-4:10) വിശ്വാസത്തെ മുറുകെപ്പിടിക്കുക.

യോഹ 1:35-42 (1:29-42) ഞങ്ങൾ മിശിഹായെ കണ്ടു.

25 തി **മൂന്നു നോമ്പ് (Propria Vol. I. page 184)**

**സഭൈക്യവാരം അവസാനിക്കുന്നു. (Propria Vol. I. page 286)**

ഏശ 64:1-12 (63:17-64:12) കർത്താവേ, അങ്ങ് ഇറങ്ങിവരണമേ.

ഹബ 3:1-19 പ്രവാചകന്റെ പ്രാർത്ഥന

1 തിമോ 2:1-7 (2:1-3:10) എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണം

മത്താ 18:23-35 സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കണം

**വി. പൗലോസിന്റെ മാനസാന്തരം**

പുറ 3:16-20 മോശയെ നിയോഗിക്കുന്ന ദൈവം.

അപ്പ 26:9-18 സാവൂളിന്റെ മാനസാന്തരം.

1 കോറി 15:1-10 അകാലജാതന് ഈശോ പ്രത്യക്ഷപ്പെട്ടു.

മത്താ 20:1-16 മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ.

26 ചൊ **മൂന്നു നോമ്പ് (Propria Vol. I. page 184)**
ഇന്ത്യൻ റിപ്പബ്ലിക് ദിനം. **(Propria Vol. I. page 298)**
മാക്കിൽ മാർ മത്തായി മെത്രാന്റെ ചരമം (1914)
1 സാമു 7:3-9 പൂർണ്ണമായി കർത്താവിനു സമർപ്പിക്കുക.
ഏശ 59:1-18 പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം
റോമാ 12:1-10 (12:1-21) ശരീരത്തെ സജീവബലിയായി സമർപ്പിക്കുക.
ലൂക്കാ 18:9-14 (18:2-14) തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.

**വി. തിമോത്തിയും തീത്തൂസും (Propria Vol. III. page 602)**
2 സാമൂ 22:2-4 കർത്താവ് എന്റെ വിമോചകൻ.
ജ്ഞാനം 7:28-8:3 ജ്ഞാനികളെ സ്നേഹിക്കുന്ന ദൈവം.
1 തിമോ 6:11-16 വിശ്വാസത്തിനുവേണ്ടി പോരാടുക.
മത്താ 16:24-27 മിശിഹായുടെ ശിഷ്യൻ സഹിക്കണം.

27 ബു **മൂന്നുനോമ്പ് (Propria Vol. I. page 184)**
ജോയേ 2:12-18 (2:15-27) കർത്താവിങ്കലേക്കു തിരിയുക.
യോനാ 3:1-10 (3:1-4:11) മാനസാന്തരപ്പെട്ട നിനിവേ.
റോമാ 9:19-29 (9:14-10:11) നമ്മോടു നീതികാണിക്കുന്ന ദൈവം.
മത്താ 6:1-4 (6:1-18) രഹസ്യത്തിൽ ചെയ്യുന്ന നന്മയ്ക്ക് പ്രതിഫലം.

28 വ്യാ ഏശ 65:17-25 (65:16-66:2) പുതിയ ആകാശവും പുതിയ ഭൂമിയും.
ജെറ 17:21-26 സാബത്താചരണം
റോമാ 10:5-13 (10:1-13) കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവനു രക്ഷ.
ലൂക്കാ 15:1-7 (15:4-32)അനുതപിക്കുന്ന പാപികളെക്കുറിച്ച് സന്തോഷം.

**വി. തോമസ് അക്വിനാസ് പു. മ.**
**(Propria Vol. IV. page 941)**
1 രാജാ 3:5-12 നന്മയും തിന്മയും വിവേചിച്ചറിയുക.
ജ്ഞാനം 7:7-14 പ്രാർത്ഥിക്കുന്നവന് ജ്ഞാനം ലഭിക്കും.
1 കോറി 1:18-25 കുരിശിന്റെ ഭോഷത്വം.
മത്താ 5:13-19 നിങ്ങൾ ഭൂമിയുടെ ഉപ്പ്.

29 വെ സീറോ-മലബാർസഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടും എറണാകുളം അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻണി പടിയറയെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിച്ചുകൊണ്ടുമുള്ള മാർപാപ്പയുടെ തീരുമാനത്തിന്റെ പ്രഖ്യാപനം (1992).

1 യോഹ 3:18-24 മിശിഹായുടെ കല്പനകൾ പാലിക്കുന്നവൻ അവനിൽ വസിക്കുന്നു.

മർക്കോ 3:7-12 കടൽത്തീരത്തെ അത്ഭുതങ്ങൾ

**വി. സ്റ്റീഫൻ വേ. (Propria Vol. I. page 148)**

1 രാജാ 21:1-21 നാബോത്തിന്റെ മുന്തിരിത്തോട്ടം.

അപ്പ 6:8-15 + 7:51-8:2 സ്റ്റീഫന്റെ രക്തസാക്ഷിത്വം.

2 കോറി 4:1-15 (3:18-4:18) മൺപാത്രത്തിലെ നിധി.

മത്താ 11:20-30 (11:20-30 + 23:29-39) ക്ലേശിതർക്കാശ്രയമായ ഈശോ.

30 ശ **ലോകസമാധാനദിനം (Propria Vol. I. page 301)**

എഫേ 4:1-6 ഐക്യത്തിന് ആഹ്വാനം.

യോഹ 14:27-31 മിശിഹാ നല്കുന്ന സമാധാനം.

**വി. ജോൺ ബോസ്കോ (Propria Vol. IV. page 922) (31 ഞായറാഴ്ച)**

ഫിലി 4:4-9 എന്നിൽനിന്നു കേട്ടത് നിങ്ങൾ ചെയ്യുക.

മത്താ 18:1-5 ശിശുക്കളെ എന്റെ നാമത്തിൽ സ്വീകരിക്കുക.

31 ഞാ ✠ **പ്രത്യക്ഷവത്കരണം നാലാം ഞായർ (Propria Vol. I. page 158)**

അടുത്തത് ആദ്യവെള്ളിയാഴ്ച.

ചൊവ്വാഴ്ച ന. കർത്താവിന്റെ ദേവാലയപ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ).

സംഖ്യ 11:23-35 ഇസ്രായേലിനു ഭക്ഷണം നല്കുന്ന ദൈവം.

ഏശ 46:5-13 വാഗ്ദാനങ്ങളിൽ വിശ്വസ്തനായ കർത്താവ്.

ഹെബ്രാ 7:18-28 സർവ്വരെയും രക്ഷിക്കുന്ന പ്രധാന പുരോഹിതൻ.

യോഹ 2:1-11 (1:43-2:11) കാനായിലെ വിവാഹവിരുന്ന്.

# 2010 ഫെബ്രുവരി
## ദനഹാ - നോമ്പുകാലം

1 തി 1 യോഹ 2:12-17 ദൈവഹിതം പ്രവർത്തിക്കുന്നവൻ എന്നേക്കും നിലനില്ക്കും.
ലൂക്കാ 19:11-27 പത്തുനാണയത്തിന്റെ ഉപമ.

2 ചൊ **ന. കർത്താവിന്റെ ദേവാലയപ്രവേശനം**
**(പ. ക. മറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ)**
**(Propria Vol. I. page 304)**
ആലഞ്ചേരി മാർ ജോർജ്ജ് മെത്രാന്റെ അഭിഷേകം (1997)
ലേവ്യ 12:1-8 മാതാക്കളുടെ ശുദ്ധീകരണം.
ഏശ 42:1-8 ജനത്തിന് ഉടമ്പടിയും ജനതകൾക്ക് പ്രകാശവും.
റോമാ 9:30-10:4 നിയമത്തിന്റെ പൂർത്തീകരണമായ മിശിഹാ.
ലൂക്കാ 2:22-38 ഈശോ ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്നു.

3 ബു 1 യോഹ 2:18-21 പരിശുദ്ധനായവൻ നിങ്ങളെ അഭിഷേകം ചെയ്തിരിക്കുന്നു.
മത്താ 24:3-14 ക്ലേശങ്ങളുടെ ആരംഭം

4 വ്യാ 1 യോഹ 4:7-11 സ്നേഹിക്കുന്നവൻ ദൈവത്തിൽനിന്നു ജനിച്ചവൻ
ലൂക്കാ 6:43-49 ഫലത്തിൽനിന്നു വൃക്ഷത്തെ തിരിച്ചറിയുക.

**വി. ജോൺ ബ്രിട്ടോ**
1 കോറി 9:19-23 ഞാൻ എല്ലാവർക്കും എല്ലാമായി.
യോഹ 15:18-25 എന്നെപ്രതി ലോകം നിങ്ങളെ വെറുക്കും.

5 വെ ആദ്യവെള്ളി
റോമാ 3:1-8 നീതിമാനും വിശ്വസ്തനുമായ ദൈവം
ലൂക്കാ 11:5-13 പ്രാർത്ഥനയുടെ ശക്തി.

**ഗ്രീക്കു-സുറിയാനി-സീറോമലബാർ സഭാപിതാക്കന്മാർ**
**(Propria Vol. I. page 166 or 193)**
2 രാജ 13:14-21 ഏലീഷാ പ്രവാചകന്റെ മരണം
അപ്പ 12:25-13:12 ബർണ്ണബാസും സാവൂളും അയയ്ക്കപ്പെടുന്നു.
ഹെബ്രാ 13:1-6 (13:1-9, 16-21) ആതിഥ്യമര്യാദ മറക്കരുത്.
മത്താ 16:24-28 (16:24-17:9) മിശിഹായുടെ ശിഷ്യൻ സഹിക്കണം

**സഭാമധ്യസ്ഥൻ (Propria Vol. I. page 210)**
ഏശ 41:8-16 ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ
അപ്പ 19:8-20 ദൈവവചനം പ്രസംഗിക്കുക
2 കോറി 10:12-18 (10:4-18) സഭാശരീരത്തെ പണിതുയർത്തുക
മത്താ 25:14-30 (24:45-47 + 25:14-23) താലന്തുകളുടെ ഉപമ

6 ശ പോത്തനാമുഴി മാർ മാത്യു മെത്രാന്റെ ചരമം (1982)
1 പത്രോ 2:11-19 ശാരീരികപ്രവണതകളിൽനിന്ന് ഒഴിഞ്ഞുനില്ക്കുവിൻ.
മത്താ 8:14-22 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

7 ഞാ **✠ പ്രത്യക്ഷവത്കരണം അഞ്ചാം ഞായർ (Propria Vol.I. page 176)**
അടുത്ത വ്യാഴാഴ്ച ലൂർദ്ദ് മാതാവിന്റെ തിരുനാൾ (രോഗീദിനം)
അടുത്ത ഞായറാഴ്ച നോമ്പാരംഭം. അന്നു പാതിരാമുതൽ വിവാഹാഘോഷം മുടക്ക്.
നിയ 18:9-13 (18:9-22) കർത്താവിന്റെ മുമ്പിൽ കുറ്റമറ്റവനായിരിക്കുക.
ഏശ 48:12-20 ദുഷ്ടർക്ക് ഒരിക്കലും സമാധാനമുണ്ടാവുകയില്ല.
ഹെബ്രാ 6:13-20 (6:9-7:3) മെൽക്കിസദേക്കിന്റെ ക്രമപ്രകാരം ഒരു മഹാപുരോഹിതൻ
യോഹ 3:1-15 (3:1-21) ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കണം.

8 തി ഇലവനാൽ മാർ തോമസ് മെത്രാന്റെ അഭിഷേകം (1997)
എഫേ 6:18-20 നിരന്തരം പ്രാർത്ഥിക്കുവിൻ.
മർക്കോ 11:15-18 ഈശോയുടെ പ്രബോധനത്തിൽ ജനങ്ങൾക്കു വിസ്മയം.

9 ചൊ അറയ്ക്കൽ മാർ മാത്യു മെത്രാന്റെ അഭിഷേകം (2001)
2 കോറി 13:5-10 ബലഹീനതകളിൽ സന്തോഷം
മത്താ 21:18-22 വിശ്വാസത്തോടെ പ്രാർത്ഥിക്കുക.

10 ബു 2 പത്രോ 1:20-2:3 വ്യാജപ്രവാചകന്മാരെ സൂക്ഷിക്കുക.
മത്താ 15:1-9 പാരമ്പര്യത്തിന്റെ പേരിൽ ദൈവകല്പന ലംഘിക്കരുത്.

11 വ്യാ 2 പത്രോ 2:17-22 ദൈവകല്പന അറിഞ്ഞിട്ട് ലംഘിക്കുന്നവരുടെ സ്ഥിതി ദയനീയം.
മത്താ 23:23-28 ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യം.

**ലൂർദ്ദുമാതാവ് (രോഗീദിനം) (Propria Vol. I. page 311)**
വെളി 12:1-6 നക്ഷത്രങ്ങൾ ചൂടിയ സ്ത്രീ.
യോഹ 2:1-11 അവൻ പറയുന്നതുപോലെ ചെയ്യുക.

12 വെ **സകല മരിച്ചവരുടെയും ഓർമ്മ (Propria Vol. I. page 230)**
എസെ 37:1-14 ജനത്തിന് പുനർജീവൻ വാഗ്ദാനം ചെയ്യുന്ന കർത്താവ്.
പ്രഭാ 44:1-15 (44:1-45:6) പിതാക്കന്മാരുടെ മഹത്ത്വം.
1 കോറി 15:39-49 (15:34-57) ശരീരത്തിന്റെ ഉയിർപ്പ്.
മത്താ 25:31-46 നന്മ ചെയ്യുന്നവർക്ക് നീതിയുടെ കിരീടം.

2 പത്രോ 3:8-13 കർത്താവിന്റെ ദിവസം കള്ളനെപ്പോലെ വരും.
മർക്കോ 13:32-37 സദാ ജാഗരൂകരായിരിക്കുവിൻ.

13 ശ പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പോലീത്തയുടെ അഭിഷേകം (1972)
1 യോഹ 2:12-17 ദൈവഹിതം പ്രവർത്തിക്കുന്നവർ എന്നേക്കും നിലനില്ക്കും.
ലൂക്കാ 15:8-10 കാണാതായ നാണയത്തിന്റെ ഉപമ

## നോമ്പുകാലം

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. പ്രത്യക്ഷവത്കരണകാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതു ദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണമായി 'അമ്പതുനോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. പക്ഷേ, മാർത്തോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പുതിരുനാൾവരെ നോമ്പുനോക്കിയിരുന്നതാകാം 'അമ്പതുനോമ്പ്' എന്നു പറയാനുള്ള കാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'തിരിഞ്ഞുനോക്കൽ', 'അനുരഞ്ജനം' എന്നൊക്കെയാണ്. അനുതാപത്തിനും അനുരഞ്ജനത്തിനുമായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന സമയമാണല്ലോ നോമ്പുകാലം.

മാമ്മോദീസാവഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം പാപംവഴി ദൈവത്തിൽനിന്നകന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്. ദൈവ

വുമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു. അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജനമെന്ന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനംചെയ്ത്, തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിപ്പിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്കു പ്രവേശിച്ച ഈശോയെപ്പോലെ നമുക്കു പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്കു പ്രവേശിക്കാം.

14 ഞാ **✠ നോമ്പ് ഒന്നാം ഞായർ (Propria Vol. II. page 321)**
ഇന്ന് പാതിരാ മുതൽ നോമ്പാരംഭം. (നാളെ ഉപവാസദിനം).
നാളെ മുതൽ ഉയിർപ്പുവരെ വിവാഹാഘോഷം മുടക്ക്.
പുറ 34:1-7, 27-28 (34:1-7, 27-35) അനുതാപവും ഉപവാസവുംവഴി പാപപ്പരിഹാരം.
ഏശ 58:1-10 (58:1-12, 14) യഥാർത്ഥ ഉപവാസം.
എഫേ 4:17-32 (4:17-5:4, 15-21) മിശിഹായിൽ നവജീവിതം.
മത്താ 4:1-11 (3:16-4:11) പരീക്ഷിക്കപ്പെടുന്ന ഈശോ.

15 തി **നോമ്പാരംഭം (ഉപവാസദിനം)**
ഉത്പ 1:1-19 ദൈവത്തിന്റെ സൃഷ്ടികർമ്മം.
ജോഷ്വ 1:1-15 നിയമത്തിൽനിന്ന് വ്യതിചലിക്കരുത്.
റോമാ 1:16-25 (1:1-25) തിന്മയ്ക്കെതിരെ ദൈവകോപം.
മത്താ 5:20-26 (5:17-31) സഹോദരനോട് കോപിക്കരുത്.

**വിഭൂതി - അനുതാപശുശ്രൂഷയ്ക്ക്**
ഉത്പ 3:1-19 ആദിമാതാപിതാക്കളുടെ പാപം.
യോനാ 3:1-10 നിനെവെയുടെ മാനസാന്തരം.
1 യോഹ 3:1-10 പാപം ചെയ്യുന്നവർ പാപത്തിന്നടിമ.
മത്താ 3:1-12 മാനസാന്തരപ്പെടുക.

16 ചൊ ഉത്പ 1:20-2:7 മനുഷ്യസൃഷ്ടി.
ജോഷ്വ 1:16-2:11 ജറീക്കോയിലെ ചാരന്മാർ.
റോമാ 2:1-11 (1:28-2:6) പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം.
മത്താ 5:38-48 ശത്രുക്കളെ സ്നേഹിക്കുക.

17 ബു ഉത്പ 2:18-25 ഹവ്വായെ സൃഷ്ടിക്കുന്നു.
ജോഷ 2:8-24 റാഹാബും ചാരന്മാരും.
റോമാ 2:12-24 (2:7-27) രക്ഷ നിയമംവഴിയല്ല.
മത്താ 6:5-8 (6:1-18) രഹസ്യത്തിൽ നടത്തുന്ന പ്രാർത്ഥനയുടെ ശക്തി.

18 വ്യാ ഉത്പ 3:1-9 ആദിമാതാപിതാക്കളുടെ പാപം.
ജോഷ 3:1-13 ഞാൻ നിന്നോടുകൂടെയുണ്ട്.
റോമാ 3:9-20 (2:28-3:26) എല്ലാവരും പാപികൾ.
മത്താ 6:25-34 (6:19-34) ദൈവപരിപാലനയിൽ ആശ്രയിക്കുക.

19 വെ നോമ്പ് ഒന്നാം വെള്ളി
ഉത്പ 4:1-16 (3:20-4:16) കായേനു ശിക്ഷ.
ജോഷ 3:14-4:9 സ്മാരകശിലകൾ സ്ഥാപിക്കുന്നു.
റോമാ 4:13-25 (3:31-4:25) അബ്രാഹത്തിന്റെ വിശ്വാസം.
മത്താ 7:1-6 (7:1-14) ആരെയും വിധിക്കരുത്.

20 ശ പാറേക്കാട്ടിൽ മാർ ജോസഫ് കർദ്ദിനാളിന്റെ ചരമം (1987)
റോമാ 3:21-26 വിശ്വസിക്കുന്നവനു നീതി ലഭിക്കുന്നു.
മത്താ 6:9-15 യേശു പഠിപ്പിച്ച പ്രാർത്ഥന.

21 ഞാ **✠ നോമ്പ് രണ്ടാം ഞായർ (Propria Vol. II. page 333)**
ഉത്പ 5:19-31 മനുഷ്യൻ മരണവിധേയൻ.
ജോഷ 4:15-24 സ്മാരകശിലകൾ സ്ഥാപിക്കുന്നു.
റോമാ 6:1-14 (6:1-23) മിശിഹായിൽ നവജീവിതം.
മത്താ 7:15-27 നല്ല ഫലം കായ്ക്കാത്ത വൃക്ഷം വെട്ടി തീയിലെറിയപ്പെടും.

22 തി നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ മെത്രാന്റെ അഭിഷേകം (1987)
തീത്തോ 3:1-8 ക്രിസ്തീയജീവിതനിയമങ്ങൾ.
മർക്കോ 7:14-23 ആന്തരികവും ബാഹ്യവുമായ വിശുദ്ധി.

23 ചൊ റോമാ 8:18-25 വെളിപ്പെടാനിരിക്കുന്ന മഹത്ത്വം.
മത്താ 7:7-14 പ്രാർത്ഥനയുടെ ശക്തി.

**വി. പൊലിക്കാർപ്പ് (Propria Vol. IV. page 931)**
പുറ 3:1-6 ദൈവം മോശയെ വിളിക്കുന്നു.
ദാനി 3:19-26 മൂന്നു യുവാക്കൾ തീച്ചൂളയിൽ.
2 കോറി 6:4-10 ഞങ്ങൾ ദാസന്മാർ.
ലൂക്കാ 11:43-53 പ്രവാചകന്മാർ പീഡിപ്പിക്കപ്പെടും.

24 ബു കുന്നശ്ശേരി മാർ കുര്യാക്കോസ് മെത്രാന്റെ അഭിഷേകം (1968)
റോമാ 6:15-23 ദൈവത്തിന്റെ ദാനം നിത്യജീവൻ.
മത്താ 9:1-8 തളർവാതരോഗിയെ സുഖപ്പെടുത്തുന്നു.

25 വ്യാ റോമാ 3:1-8 ദൈവത്തിന്റെ നീതിയും വിശ്വസ്തതയും.
മത്താ 5:33-37 ആണയിടരുത്.

26 വെ നോമ്പ് രണ്ടാം വെള്ളി
വട്ടക്കുഴി മാർ മാത്യു മെത്രാന്റെ അഭിഷേകം (1987)
ഉത്പ 5:32-6:22 തിന്മ വർദ്ധിക്കുന്നു.
ജോഷ 5:1-12 ദൈവകല്പന ലംഘിക്കുന്നവനു ശിക്ഷ.
റോമ 7:7-13 (7:1-13) ദൈവകല്പന വിശുദ്ധവും ന്യായവും നല്ലതും.
മർക്കോ 11:27-33 (11:27-12:1-12) യേശുവിന്റെ അധികാരം.

27 ശ റോമാ 7:1-6 ആത്മാവിന്റെ പുതുമയുള്ള ശുശ്രൂഷ.
മർക്കോ 12:28-34 സ്നേഹത്തിന്റെ കല്പന.

**28 ഞാ ✠ നോമ്പ് മൂന്നാം ഞായർ (Propria Vol. II. page 341)**
**അടുത്തത് ആദ്യവെള്ളിയാഴ്ച**
ഉത്പ 7:1-24 ജലപ്രളയം.
ജോഷ 5:13-6:5 ജോഷ ജറീക്കോയുടെ സമീപം.
റോമാ 7:14-25 തിന്മയ്ക്കെതിരായ പോരാട്ടം.
മത്താ 20:17-28 ഒന്നാമൻ ഏവരുടെയും ദാസൻ.

# 2010 മാർച്ച്
## നോമ്പുകാലം

1 തി 1 കോറി 5:9-13 അസന്മാർഗ്ഗികതയ്ക്കെതിരെ ദൈവകോപം.
മത്താ 11:16-24 അനുതപിക്കാത്തവനു ശിക്ഷ.

2 ചൊ **ആനിക്കുഴിക്കാട്ടിൽ മാർ മാത്യു മെത്രാന്റെ അഭിഷേകം (2003)**
1 കോറി 10:1-13 നില്ക്കുന്നവൻ വീഴാതെ സൂക്ഷിക്കട്ടെ.
ലൂക്കാ 21:29-36 സദാ ജാഗരൂകരായിരിക്കുവിൻ.

3 ബു 1 പത്രോ 3:8-12 നിന്ദിക്കുന്നവരെ അനുഗ്രഹിക്കുവിൻ.
മർക്കോ 12:41-44 വിധവയുടെ കാണിക്ക.

4 വ്യാ എഫേ 6:1-9 ദൈവത്തിനു മുഖംനോട്ടമില്ല.
മർക്കോ 12:35-40 ഈശോ നിയമജ്ഞരെ വിമർശിക്കുന്നു.

5 വെ നോമ്പ് മൂന്നാം വെള്ളി
**ആദ്യവെള്ളിയാഴ്ച.**
ഉത്പ 9:8-29 നോഹയോട് ഉടമ്പടി ചെയ്ത ദൈവം.
ജോഷ 6:6-27 ജറീക്കോയുടെ പതനം.
റോമാ 8:1-6 (7:25-8:11) ആത്മീയ അഭിലാഷങ്ങൾവഴി ആത്മീയ ജീവനിലേക്ക്.
മർക്കോ 12:18-27 (12:13-44) ജീവിക്കുന്നവരുടെ ദൈവമായ കർത്താവ്.

6 ശ റോമാ 8:26-30 നമ്മുടെ ബലഹീനതകളിൽ സഹായിക്കുന്ന ആത്മാവ്.
മത്താ 21:28-32 രണ്ടു പുത്രന്മാരുടെ ഉപമ.

7 ഞാ **✠ നോമ്പ് നാലാം ഞായർ (Propria Vol. II. page 348)**
ഉത്പ 11:1-32 ബാബേൽ ഗോപുരം.
ജോഷ 7:1-15 (6:27-7:15) ആഖാന്റെ പാപവും ശിക്ഷയും.
റോമാ 8:12-17 (8:12-21) ദൈവമക്കളെപ്പോലെ ജീവിക്കുക.
മത്താ 21:33-46 (21:23-46) ഫലങ്ങൾ നല്കുന്നവരാകുക.

8 തി ഉത്പ 12:1-9 അബ്രാഹത്തെ വിളിക്കുന്ന ദൈവം.
ജോഷ 7:16-26 ആഖാന്റെ പാപം.
റോമാ 9:1-13 ഇസ്രായേലിന്റെ തിരഞ്ഞെടുപ്പ്.
യോഹ 5:1-18 ബെത്സയ്ദായിലെ രോഗശാന്തി.

9 ചൊ ഉത്പ 12:10-13:7 അബ്രാഹം ഈജിപ്തിൽ.
ജോഷ 8:1-17 ആയ് പട്ടണം നശിപ്പിക്കുന്നു.
റോമാ 9:22-29 (9:14-29) ദൈവത്തിന്റെ കോപവും കാരുണ്യവും.
യോഹ 5:19-23 (5:19-47) ഏവരും പുത്രനെ ആദരിക്കണം.

10 ബു ഉത്പ 13:8-18 അബ്രാഹവും ലോത്തും വേർപിരിയുന്നു.
ജോഷ 8:18-29 ആയ് പട്ടണത്തിന്റെ നാശം.
റോമാ 10:3-13 (9:30-10:17) വിശ്വസിക്കുന്നവനു രക്ഷ.
യോഹ 6:60-70 (6:51-70) നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ.

11 വ്യാ ഉത്പ 14:1-17 ലോത്തിനെ രക്ഷിക്കുന്ന ദൈവം.
ജോഷ 8:30-35 ജോഷ ബലിപീഠം നിർമ്മിക്കുന്നു.
റോമാ 11:1-10 (10:17-11:12) കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട ഭാഗം.
യോഹ 7:1-13 കൂടാരത്തിരുനാൾ

12 വെ നോമ്പ് നാലാം വെള്ളി
ഉത്പ 15:1-15 (14:18-15:15) അബ്രാഹവുമായി ഉടമ്പടി ചെയ്ത ദൈവം.
ജോഷ 9:1-15 ഗിബയോൻകാരുടെ വഞ്ചന.
റോമാ 11:25-36 ഇസ്രായേലിന്റെ പുനരുദ്ധാരണം
യോഹ 7:25-36 (7:14-36) ദൈവത്താൽ അയയ്ക്കപ്പെട്ട മിശിഹാ.

13 ശ റോമ 12:19-21 തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ.
മർക്കോ 7:1-6 പാരമ്പര്യത്തെക്കുറിച്ചുള്ള തർക്കം.

**14 ഞാ ✠ നോമ്പ് അഞ്ചാം ഞായർ (Propria Vol. II. page 355)**
അടുത്ത വെള്ളിയാഴ്ച വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ.
ഉത്പ 16:1-16 ഹാഗാറിന്റെ നിലവിളി കേട്ട ദൈവം
ജോഷ 9:16-27 ഗിബയോൻകാരെ ജോഷ രക്ഷിക്കുന്നു.
റോമാ 12:1-8 (12:1-21) ക്രിസ്തുവിൽ നവജീവിതം
യോഹ 8:12-20 (7:37-52 + 8:12-20) ലോകത്തിന്റെ പ്രകാശമായ മിശിഹാ

15 തി റോമാ 13:8-14 (13:1-14) പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കുക.
യോഹ 8:48-59 (8:31-59) അബ്രാഹത്തിനു മുമ്പ് ഞാനുണ്ട്.

16 ചൊ മറ്റം മാർ അബ്രാഹം മെത്രാന്റെ നാമഹേതുകദിനം.
കൊളോ 2:16-19 മിശിഹാമാത്രം യാഥാർത്ഥ്യം.
ലൂക്കാ 18:18-25 ധനികനായ മനുഷ്യൻ.

17 ബു 2 കോറി 9:6-15 ദാനധർമ്മത്തിലൂടെ ദൈവാരാധന.
ലൂക്കാ 10:25-37 ആരാണ് എന്റെ അയൽക്കാരൻ.

18 വ്യാ റോമാ 12:9-17 ആത്മാവിൽ ജ്വലിക്കുന്നവരായിരിക്കുവിൻ.
യോഹ 7:37-39 ജീവജലത്തിന്റെ അരുവികൾ.

**ജറുസലെമിലെ വി. സിറിൽ**
**(Propria Vol. IV. page 931)**
നിയ 4:1-8 വിശ്വസ്തത പുലർത്തുക.
പ്രഭാ 39:6-14 കർത്താവിന്റെ ഉടമ്പടിയിൽ അഭിമാനിക്കുക.
1 കോറി 10:14-21 വിഗ്രഹാരാധന ഉപേക്ഷിക്കുക.
മത്താ 10:23-28 നിർഭയം സാക്ഷ്യംവഹിക്കുക.

19 വെ **വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**
**(Propria Vol. II. page 467)**
നോമ്പ് അഞ്ചാം വെള്ളി
പവ്വത്തിൽ മാർ ജോസഫ്, പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ്, നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ, കുന്നത്ത് മാർ ജോസഫ്, പെരുന്തോട്ടം മാർ ജോസഫ്, കല്ലറങ്ങാട്ട് മാർ ജോസഫ്, പൊരുന്നേടം മാർ ജോസ്, പണ്ടാരശ്ശേരി മാർ ജോസ്, അരുമച്ചാടത്ത് മാർ ജോസഫ് എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം, പാലാത്തറ മാർ സൈമൺ സ്റ്റോക്ക് മെത്രാന്റെ അഭിഷേകം (1993)
ഏശ 41:8-16 യാക്കോബേ, ഞാൻ നിന്നെ തിരഞ്ഞെടുത്തു.
അപ്പ 19:8-20 കർത്താവിന്റെ ശക്തി പൗലോസിലൂടെ.
2 കോറി 10:4-11 (10:4-18) ആത്മീയ സമരായുധങ്ങൾ.
മത്താ 1:18-25 നീതിമാനായ യൗസേപ്പ്.

20 ശ 1 തിമോ 4:6-10 യഥാർത്ഥ ശുശ്രൂഷകന്റെ ഗുണങ്ങൾ.
ലൂക്കാ 18:31-34 പീഡാനുഭവത്തെക്കുറിച്ചുള്ള പ്രവചനം

21 ഞാ ☩ **നോമ്പ് ആറാം ഞായർ (Propria Vol. II. page 362)**
അടുത്ത വ്യാഴാഴ്ച മംഗളവാർത്തത്തിരുനാൾ.
അടുത്ത ഞായർ ഓശാന ഞായർ
ഉത്പ 19:9-26 (19:1-7, 9-26) ലോത്ത് സോദോം വിടുന്നു.
ജോഷ്വ 21:43-45 (21:43-22:9) വാഗ്ദാനനാട് സ്വന്തമാക്കുന്ന ഇസ്രായേൽ.
റോമാ 14:13-23 സഹോദരന് ഇടർച്ച വരുത്തരുത്.
യോഹ 10:11-18 (9:39-10:21) ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഇടയൻ.

22 തി 1 കോറി 13:1-13 സ്നേഹം സർവ്വോത്കൃഷ്ടം.
യോഹ 3:16-21 ദൈവം ലോകത്തെ സ്നേഹിച്ചു.

23 ചൊ പടിയറ മാർ ആന്റണി കർദ്ദിനാളിന്റെ ചരമം (2000)
നെടുമ്പുറം മാർ വിജയാനന്ദ് മെത്രാന്റെ നാമഹേതുകദിനം
1 തെസ 3:6-13 അദ്ധ്വാനശീലവും ഐക്യവും വളർത്തുക.
യോഹ 11:17-27 ഈശോ പുനരുത്ഥാനവും ജീവനും.

24 ബു 2 പത്രോ 2:4-10 തിന്മ ചെയ്യുന്നവരെ ശിക്ഷിക്കുന്ന ദൈവം.
ലൂക്കാ 13:10-17 സാബത്തിൽ രോഗശാന്തി.

25 വ്യാ **മംഗളവാർത്തത്തിരുനാൾ (Propria Vol. II. page 475)**
ചിറയത്ത് മാർ ആന്റണി മെത്രാന്റെ അഭിഷേകം
പുറ 15:11-21 (15:1-21 + മിക്കാ 6:1-5 + ജെറെ 31:13-17 ) സർവ്വശക്തനായ ദൈവം.
അപ്പ 1:1-14 പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുന്ന ഈശോ
ഹെബ്രാ 1:1-13 (1:1-13 + 2:16-18) സ്വപുത്രനിലൂടെ സംസാരിച്ച ദൈവം
ലൂക്കാ 1:26-38 മംഗളവാർത്ത

26 വെ നോമ്പ് ആറാം വെള്ളി
ഉത്പ 19:27-30 ലോത്തിനെ രക്ഷിക്കുന്ന കർത്താവ്.
ജോഷ്വ 22:10-20 നന്ദിഹീനരോടു കോപിക്കുന്ന ദൈവം.
റോമാ 15:7-13 (15:1-13) ഐക്യത്തിന് ആഹ്വാനം.
യോഹ 11:38-44 (11:1-45) ലാസറിനെ ഉയിർപ്പിക്കുന്ന കർത്താവ്.

27 ശ റോമ 15:1-6 സഹോദരനെ പ്രീതിപ്പെടുത്തുന്നു.
യോഹ 12:1-8 ബഥാനിയായിലെ തൈലാഭിഷേകം.

28 ഞാ ✠ **ഓശാന ഞായർ (നോമ്പ് ഏഴാം ഞായർ)**
**(Propria Vol. II. page 369)**
പാലാത്തുരുത്തി മാർ ജാനുവാരിയൂസ് മെത്രാന്റെ ചരമം (1995)
അടുത്തത് പെസഹാവ്യാഴം. അടുത്തത് പീഡാനുഭവവെള്ളി (അന്ന് ഉപവാസം)
അടുത്ത ഞായറാഴ്ച ഉയിർപ്പുതിരുനാൾ
ഉത്പ 49:1-12, 22-26 യാക്കോബ് യൂദായെ അനുഗ്രഹിക്കുന്നു.
സഖ 9:9-12 (4:8-14 + 7:9-10+8:4-5, 12-19 + 9:9-12) രക്ഷയുടെ സമയം സമാഗതമായി.
റോമാ 11:13-24 തായ്ത്തണ്ടിനോട് വീണ്ടും ഒട്ടിച്ചേർക്കപ്പെടണം.
മത്താ 21:1-17 (20:29-21:22) ഈശോയുടെ ജറുസലേം പ്രവേശനം.

29 തി ഉത്പ 37:1-22 ജോസഫിന്റെ സ്വപ്നം.
ജോഷ്വ 22:21-29 ദൈവം സർവ്വശക്തൻ.
ഹെബ്രാ 1:5-14 (1:1-14) ദൂതന്മാരെക്കാൾ ശ്രേഷ്ഠനായ ഈശോ.
യോഹ 11:45-57 (11:47-12:11) ഈശോയെ വധിക്കുവാൻ ആലോചന.

30 ചൊ ഉത്പ 37:23-36 ജോസഫിനെ വില്ക്കുന്ന സഹോദരന്മാർ.
ജോഷ്വ 22:30-23:1 സമാധാനം പുനസ്ഥാപിക്കുന്ന കർത്താവ്.
ഹെബ്രാ 5:1-10 (4:14-6:8) കാരുണ്യവാനായ പ്രധാന പുരോഹിതൻ.
യോഹ 12:20-26 (12:12-43) ഗോതമ്പുമണി നിലത്തുവീണഴിയണം.

31 ബു ഇന്നു മുതൽ വലിയ ശനിയാഴ്ചവരെ ത്രികാലജപം ‘മിശിഹാ നമ്മെ പ്രതി’
ഉത്പ 40:1-23 ജോസഫ് സ്വപ്നം വ്യാഖ്യാനിക്കുന്നു.
ജോഷ്വ 23:1-11 (23:1-16) ദൈവത്തോട് വിശ്വസ്തരായിരിക്കുക.
ഹെബ്രാ 9:15-28 (9:11-28) രക്തത്താൽ മുദ്രിതമായ പുതിയ ഉടമ്പടി.
യോഹ 13:1-17 ശിഷ്യരുടെ പാദം കഴുകുന്ന ഈശോ.

# 2010 ഏപ്രിൽ
# നോമ്പ് - ഉയിർപ്പുകാലം

1 വ്യാ **പെസഹാവ്യാഴം (Propria Vol. II. page 378)**

ഇന്ന് പള്ളികളിൽ ഒരു കുർബ്ബാന മാത്രം
കുർബ്ബാനയ്ക്കു പുറമേ രോഗികൾക്കുമാത്രം വി. കുർബ്ബാന നല്കുന്നു.
പുറ 12:1-20 യഹൂദരുടെ പെസഹാ ആചരണം.
സഖ 11:12-13 + 12:9-14 (9:9-12 + 11:12-13 + 12:9-14 + 13:7-9) കുത്തിമുറിവേല്പിച്ചവനെ അവർ നോക്കും.
1 കോറി 11:23-28 (5:7-8+11:23-25) കർത്താവിന്റെ തിരുവത്താഴം.
മത്താ 26:1-5, 14-30 പുതിയ ഉടമ്പടി.

2 വെ **പീഡാനുഭവവെള്ളി**

ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ചരമം (2005)
ഇന്ന് ഉപവാസം, ആദ്യവെള്ളിയാഴ്ച.
ഏശ 52:13-53:12 കർത്താവിന്റെ സഹിക്കുന്ന ദാസൻ.
ദാനി 9:20-27 പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുക.
ഗലാ 2:17-3:14 നീതീകരണം വിശ്വാസംവഴി.
ലൂക്കാ 22:63-23:12 + മത്താ 27:19 + ലൂക്കാ 23:13-23 + മത്താ 27:24-25 + ലൂക്കാ 23:24-45 + മത്താ 27:51-54 + യോഹ 19:23-42 കർത്താവിന്റെ പീഡാനുഭവം.

3 ശ **വലിയ ശനി (Propria Vol. II. page 386)**

ഇന്നു മുതൽ ത്രിത്വത്തിന്റെ തിരുനാൾവരെ ത്രികാലജപം 'സ്വർല്ലോകരാജ്ഞി'.
ഉത്പ 22:1-19 ഇസഹാക്കിനെ ബലികഴിക്കാൻ ഒരുങ്ങുന്ന അബ്രാഹം.
യോനാ 2:1-10 മൂന്നു രാപകലുകൾ യോനാ മത്സ്യത്തിന്റെ ഉദരത്തിൽ.
1 കോറി 1:18-31 കുരിശിന്റെ ഭോഷത്തം.
മത്താ 27:62-66 ഈശോയുടെ കല്ലറയ്ക്കു കാവൽ.

# ഉയിർപ്പുകാലം

ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്. ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയുംമേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്ത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളിനോട് അനുബന്ധിച്ചായിരുന്നു. വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്" (റോമാ 6:4–5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ച "പുതുക്രിസ്ത്യാനി"കളുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു. അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോദീസ നല്കുക ഉചിതമായിരിക്കും.

## 4 ഞാ ✠ നമ്മുടെ കർത്താവിന്റെ ഉയിർപ്പ്

കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്തയുടെ ചരമം (1995)
വള്ളോപ്പിള്ളി മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം (2006)
**തിരുക്കർമ്മങ്ങൾക്കുള്ള വായനകൾ**
1 കോറി 15:20-28 മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ട ഈശോ.
മത്താ 28:1-20 or ലൂക്കാ 24:1-12 ഈശോയുടെ ഉത്ഥാനം.
**ഉയിർപ്പ് ഒന്നാം ഞായർ (Propria Vol. II. page 395)**
ഏശ 60:1-7 കർത്താവിന്റെ മഹത്ത്വം ജറുസലമിൽ.
1 സാമു 2:1-10 കർത്താവിൽ ആനന്ദിക്കുവിൻ.
റോമാ 6:1-14, 22-23 (5:20-6:23) മിശിഹായിൽ നവജീവിതം.
യോഹ 20:1-18 മിശിഹാ ഉയിർത്തെഴുന്നേറ്റു.

5 തി ഏശ 60:9-22 ജെറുസലെമിന്റെ ഭാവിമഹത്ത്വം.
അപ്പ 2:22-36 (2:14-36) ഈശോ ഉയിർത്തെഴുന്നേറ്റു.
എഫേ 6:10-24 കർത്താവിന്റെ ശക്തിയിൽ കരുത്തുനേടുക.
യോഹ 14:18-28 (14:18-15:5) പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്ന ഈശോ.

6 ചൊ പോത്തനാമുഴി മാർ എമ്മാനുവേൽ മെത്രാന്റെ ചരമം (2003)
ഏശ 61:1-9 വിമോചനത്തിന്റെ സദ്വാർത്ത
അപ്പ 2:37-47 ആദിമക്രൈസ്തവസമൂഹം.
1 കോറി 15:12-19 (15:1-19) മരിച്ചവരുടെ ഉത്ഥാനം.
ലൂക്കാ 24:13-35 എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർ.

7 ബു ഏശ 61:10-62:5 സീയോന്റെ ഭാസുരഭാവി.
അപ്പ 4:23-31 പ്രാർത്ഥനയിലൂടെ ശക്തിനേടുന്ന വിശ്വാസികൾ.
എഫേ 4:1-6 (4:1-16) മിശിഹായിൽ ഐക്യപ്പെടുക.
യോഹ 15:1-10 (15:1-25) മിശിഹായിൽ വസിക്കുക.

8 വ്യാ ഏശ 54:1-15 പുതിയ ജറുസലം
അപ്പ 6:1-7 ഡീക്കന്മാരെ തിരഞ്ഞെടുക്കുന്നു.
കൊളോ 2:9-15 (2:8-3:4) ദൈവം അവനെ ഉയിർപ്പിച്ചു.
മത്താ 10:5-15 (10:1-15) അപ്പസ്തോലന്മാരെ അയയ്ക്കുന്നു.

9 വെ ഏശ 66:7-16 പുതിയ ദൈവജനം.
അപ്പ 7:48-52 അത്യുന്നതന്റെ വാസസ്ഥലം.
2 കോറി 6:14-18 നിങ്ങൾ ജീവിക്കുന്ന ദേവാലയം.
ലൂക്കാ 24:36-49 ഈശോ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു.

**സകല വിശുദ്ധരുടെയും തിരുനാൾ (Propria Vol. II. page 406)**

ദാനി 3:25-45 തീച്ചൂളയിലെ യുവാക്കളുടെ കീർത്തനം.
അപ്പ 6:8-7:10 ഈശോയുടെ ജീവിതമാതൃക വിശുദ്ധരിൽ.
ഹെബ്രാ 11:3-10 (11:3-10, 32-12:2) അബ്രാഹത്തിന്റെ വിശ്വാസം.
മത്താ 10:16-33 നിർഭയം സാക്ഷ്യം വഹിക്കുക.

10 ശ കൊളോ 3:1-4 അവനോടൊപ്പം നമുക്കും മഹത്ത്വം
മർക്കോ 16:1-8 ഈശോയുടെ പുനരുത്ഥാനം

11 ഞാ ✠ **പുതുഞായർ (ഉയിർപ്പ് രണ്ടാം ഞായർ) (Propria Vol. II.p. 416)**
ഏശ 55:4-13 അജ്ഞാതജനതകളെ വിളിച്ചുകൂട്ടുന്നവൻ
അപ്പ 4:32-37 (4:32-5:11) ഐക്യവും ഔദാര്യവും നിറഞ്ഞ ക്രൈസ്തവസമൂഹം.
കൊളോ 1:12-20 (1:1-20) സൃഷ്ടിയുടെ മകുടമായ മിശിഹാ.
യോഹ 20:19-29 (20:19-31) തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം.

12 തി വാണിയക്കിഴക്കേൽ മാർ മാത്യു മെത്രാന്റെ അഭിഷേകം (2000)
കൊളോ 2:1-5 മിശിഹാ ദൈവത്തിന്റെ ജ്ഞാനം.
യോഹ 10:1-6 ആടുകളെ പേരുചൊല്ലി വിളിക്കുന്ന ഇടയൻ.

13 ചൊ 1 പത്രോ 4:1-11 നമ്മൾ ദൈവകൃപയുടെ കാര്യസ്ഥർ.
ലൂക്കാ 6:1-5 സാബത്തിന്റെയും കർത്താവായ മനുഷ്യപുത്രൻ.

14 ബു ചക്യത്ത് മാർ തോമസ് മെത്രാന്റെ അഭിഷേകം (1998)
1 പത്രോ 1:3-9 രക്ഷ വിശ്വാസത്തിന്റെ ഫലം.
യോഹ 10:7-10 സമൃദ്ധമായി ജീവൻ നല്കുന്ന ഇടയൻ.

15 വ്യാ 1 യോഹ 2:21-25 നിത്യജീവൻ ദൈവദാനം.
യോഹ 1:27-36 പ്രകാശത്തിൽ വ്യാപരിക്കുക.

16 വെ റോമാ 2:25-29 നമ്മുടെ പ്രശംസ ദൈവത്തിൽനിന്നും.
മത്താ 23:1-12 തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും.

17 ശ 1 പത്രോ 2:1-5 നിങ്ങൾ വിശുദ്ധമായൊരു പുരോഹിതജനം.
യോഹ 3:9-15 തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ നല്കുന്ന ഈശോ.

18 ഞാ ✠ **ഉയിർപ്പ് മൂന്നാം ഞായർ (Propria Vol. II. page 423)**
അടുത്ത ഞായറാഴ്ച ലോകദൈവവിളി പ്രാർത്ഥനാദിനം.
ഏശ 56:1-7 എല്ലാവർക്കും രക്ഷ.
അപ്പ 5:34-42 മിശിഹായെപ്രതി സഹിക്കുന്നതിൽ സന്തോഷം.
എഫേ 1:1-14 ദൈവത്തിന്റെ രക്ഷാപദ്ധതി.
യോഹ 14:7-14 (14:1-14) ഞാനും പിതാവും ഒന്ന്.

19 തി ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ തിരഞ്ഞെടുപ്പ് (2005)
1 യോഹ 2:21-25 നിത്യജീവൻ ദൈവദാനം.
യോഹ 1:29-36 ദൈവത്തിന്റെ കുഞ്ഞാട്.

20 ചൊ എടയന്ത്രത്ത് മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (2002)
1 പത്രോ 2:20-25 മിശിഹായുടെ മുറിവിൽ നമുക്കു സൗഖ്യം.
യോഹ 10:22-30 എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കും.

21 ബു 1 കോറി 7:17-24 വിളിയനുസരിച്ച് ജീവിക്കുക.
മർക്കോ 1:40-45 കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു.

22 വ്യാ 1 പത്രോ 1:3-9 രക്ഷ വിശ്വാസത്തിന്റെ ഫലം.
യോഹ 10:7-10 സമൃദ്ധമായി ജീവൻ നല്കുന്ന ഇടയൻ.

23 വെ റോമാ 3:27-31 വിശ്വാസംവഴി നീതീകരണം
യോഹ 12:44-50 വിശ്വസിക്കുന്നവർ പ്രകാശത്തിൽ ചരിക്കുന്നു.

24 ശ **വി. ഗീവർഗ്ഗീസ് വേ. (Propria Vol. I. page 289)**
വിതയത്തിൽ മാർ വർക്കി കർദ്ദിനാൾ, വലിയമറ്റം മാർ ജോർജ്ജ്, പുന്നക്കോട്ടിൽ മാർ ജോർജ്ജ്, ആലഞ്ചേരി മാർ ജോർജ്ജ് എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം
പുന്നക്കോട്ടിൽ മാർ ജോർജ്ജ് (1977) കരോട്ടെമ്പ്രയിൽ മാർ ഗ്രിഗറി (1983) എന്നീ മെത്രാന്മാരുടെ അഭിഷേകം.
ദാനി 6:5-24 ദാനിയേൽ സിംഹക്കുഴിയിൽ.
അപ്പ 12:1-5 (12:1-23) യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വം.
2 കോറി 12:1-10 (12:1-14) സഹനങ്ങളിൽ സന്തോഷിക്കുക.
മത്താ 10:37-42 (10:37-42 + 16:24-27 + 19:29-30) മിശിഹായെപ്രതി ജീവൻ നഷ്ടപ്പെടുത്തുക.

25 ഞാ ✠ **ഉയിർപ്പ് നാലാം ഞായർ (Propria Vol II. page 430)**
ഏശ 49:13-23 ഒരിക്കലും നമ്മെ മറക്കാത്ത ദൈവം.
അപ്പ 8:14-25 ദൈവദാനം പണംകൊണ്ട് വാങ്ങുവാൻ സാധ്യമല്ല.
എഫേ 2:1-7 (1:15-2:7) രക്ഷ ദൈവികദാനമാണ്.
യോഹ 16:16-24 (16:16-33) നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും.
**ലോക ദൈവവിളിപ്രാർത്ഥനാദിനം (Propria Vol II. page 492)**
എഫേ 4:1-7, 11-13 വിവിധ ശുശ്രൂഷകൾക്കായി നിയോഗിക്കപ്പെട്ടവൻ.
മർക്കോ 3:13-19 അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നു.
**വി. മർക്കോസ് സുവിശേഷകൻ (Propria Vol. I. page 131)**
ഉത്പ 41:39-45 യൗസേപ്പ് ഈജിപ്തിന്റെ അധിപൻ.
എസെ 1:10-14 എസെക്കിയേലിന്റെ ദർശനം.
2 തിമോ 4:7-18 സുവിശേഷപ്രഘോഷണത്തിന് പൗലോസിനെ സഹായിക്കുന്ന മർക്കോസ്.
മർക്കോ 16:15-20 ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കുവിൻ.

26 തി കുണ്ടുകുളം മാർ ജോസഫ് മെത്രാപ്പോലീത്തയുടെ ചരമം (1998)
2 കോറി 4:16-5:3 നിരന്തരം നവീകരിക്കപ്പെടുന്ന ആന്തരികമനുഷ്യൻ
യോഹ 3:31-36 പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ.

27 ചൊ കൊളോ 1:1-9 ദൈവഹിതത്തെക്കുറിച്ച് ഉൾക്കാഴ്ച വേണം.
യോഹ 13:31-35 പരസ്നേഹം മിശിഹായുടെ ശിഷ്യന്റെ അടയാളം.

28 ബു എഫേ 1:15-23 ക്രിസ്തു മഹോന്നതൻ
യോഹ 16:25-30 ദൈവത്തിൽനിന്നു വന്നവൻ മിശിഹാ

29 വ്യാ റോമാ 5:6-11 പാപികളായ നമുക്കുവേ മരിച്ച മിശിഹാ.
ലൂക്കാ 7:24-35 ദൈവരാജ്യത്തിലെ ഏറ്റവും ചെറിയവൻ യോഹന്നാനെക്കാൾ വലിയവൻ.

**സിയന്നായിലെ വി. കത്രീന ക. മ.**
**(Propria Vol IV. page 912)**
1 യോഹ 1:5-2:2 പാപം മായിക്കുന്ന മിശിഹാ.
മത്താ 11:25-30 രഹസ്യവും നിഗൂഢവുമായ ജ്ഞാനം.

30 വെ മറ്റം മാർ അബ്രാഹം മെത്രാന്റെ അഭിഷേകം (1977)
2 കോറി 13:5-10 ബലഹീനതകളിൽ സന്തോഷം.
മത്താ 21:18-22 വിശ്വാസത്തോടെ പ്രാർത്ഥിക്കുക.

# 2010 മേയ്
# ഉയിർപ്പു - ശ്ലീഹാക്കാലങ്ങൾ

1 ശ **തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്**
**(Propria Vol II. page 484)**
തൂങ്കുഴി മാർ ജേക്കബ് (1973), വലിയമറ്റം മാർ ജോർജ്ജ് (1988), താഴത്ത് മാർ ആൻഡ്രൂസ് (2004) എന്നീ മെത്രാന്മാരുടെ അഭിഷേകം.
ഉത്പ 3:17-19, 23-24 നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം നേടുക.
ജ്ഞാനം 9:10-19 അദ്ധ്വാനംകൂടാതെ ഒന്നും സാധ്യമല്ല.
കൊളോ 3:14-17 എല്ലാം കർത്താവിന്റെ നാമത്തിൽ ചെയ്യുക.
മത്താ 13:53-58 തച്ചന്റെ മകനായ ഈശോ.

**വി. അത്തനേഷ്യസ് മെ. മ. (2 ഞായർ)(Propria Vol IV. page 931)**
2 സാമു 22:1-7 ദാവീദിന്റെ വിജയകീർത്തനം.
പ്രഭാ 45:1-5 മഹത്ത്വത്തിൽ മാലാഖമാർക്കു സമൻ.
2 കോറി 4:5-14 മൺപാത്രങ്ങളിലെ നിധി.
മത്താ 10:23-28 മിശിഹായെപ്രതി നിന്ദിക്കപ്പെടുന്നവർ.

2 ഞാ **✠ ഉയിർപ്പ് അഞ്ചാം ഞായർ (Propria Vol II. page 437)**
കല്ലറങ്ങാട്ട് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2004)
അടുത്തത് ആദ്യവെള്ളിയാഴ്ച.
ഏശ 49:7-13 ദൈവജനം വാഗ്ദാനനാട്ടിലേക്ക്.
അപ്പ 9:1-9, 17-19 (9:1-19) സാവൂളിന്റെ മാനസാന്തരം.
ഹെബ്രാ 10:26-39 (10:19-36) നീതിമാൻ വിശ്വാസം മൂലം ജീവിക്കും.
യോഹ 21:1-14 തിബേരിയൂസിൽ പ്രത്യക്ഷപ്പെടുന്ന ഈശോ.

3 തി **വി. പീലിപ്പോസും യാക്കോബും ശ്ലീഹന്മാർ**
**(Propria Vol III. page 611)**
പുറ 15:1-6 മോശയുടെ കീർത്തനം.
ജ്ഞാനം 5:1-5 പീഡകളുടെ മുമ്പിൽ ആത്മധൈര്യത്തോടെ.
1 കോറി 9:16-23 സുവിശേഷം പ്രസംഗിക്കുക ക്രൈസ്തവദൗത്യം.
യോഹ 14:1-6 (14:1-14) വഴിയും സത്യവും ജീവനുമായ ഈശോ.

4 ചൊ ബിഷപ്പ് ജോൺ മെഡ്‌ലിക്കോട്ടിന്റെ ചരമം (1918)
1 പത്രോ 3:13-17 മിശിഹായുടെ പീഡകളിൽ നമുക്കും പങ്കാളിത്തം.
യോഹ 16:1-4 മിശിഹായുടെ ശിഷ്യൻ സഹിക്കണം.

5 ബു 1 തെസ 4:1-8 നിങ്ങളുടെ വിശുദ്ധീകരണം ദൈവാഭിലാഷം.
യോഹ 1:29-34 പരിശുദ്ധാത്മാവിനാൽ സ്നാനം നല്കുന്നവൻ.

6 വ്യാ 1 കോറി 15:29-34 മരിച്ചവർ വീണ്ടും ജീവിക്കും.
യോഹ 6:16-24 ഈശോ വെള്ളത്തിനു മീതെ നടക്കുന്നു.

**വി. ഡൊമിനിക് സാവിയോ**
1 യോഹ 2:14-17 ദൈവവചനം നിങ്ങളിൽ വസിക്കുന്നു.
മർക്കോ 10:13-16 ദൈവരാജ്യം ശിശുക്കൾക്ക്.

7 വെ ആദ്യവെള്ളിയാഴ്ച.
കൊളോ 2:1-5 മിശിഹാ ദൈവത്തിന്റെ ജ്ഞാനം.
യോഹ 10:1-6 ആടുകളെ പേരുചൊല്ലി വിളിക്കുന്ന ഇടയൻ.

8 ശ 2 കോറി 5:11-16 ജീവിക്കുന്നവർ മിശിഹായ്ക്കുവേണ്ടി ജീവിക്കണം.
മർക്കോ 2:23-28 സാബത്തിന്റെയും കർത്താവായ മനുഷ്യപുത്രൻ.

9 **ഞാ ✠ ഉയിർപ്പ് ആറാം ഞായർ (Propria Vol II. page 443)**
അടുത്ത വ്യാഴാഴ്ച ന. കർത്താവിന്റെ സ്വർഗ്ഗാരോഹണം.
ഏശ 52:7-12 (51:9-11 + 52:7-12) തന്റെ ജനത്തെ ആശ്വസിപ്പിക്കുന്ന കർത്താവ്.
അപ്പ 10:9-16 (10:1-16) വിജാതീയർക്കും രക്ഷ.
എഫേ 2:11-22 (2:4-22) എല്ലാവരും ക്രിസ്തുവിൽ ഒന്ന്.
യോഹ 17:21-26 അവരെല്ലാവരും ഒന്നാകണം.

10 തി ഹെബ്രാ 13:7-8, 20-21 ഈശോ എന്നും ഒരാൾതന്നെ.
മർക്കോ 11:27-31 ഈശോയുടെ അധികാരം.

11 ചൊ 2 കോറി 5:17-21 മിശിഹാവഴി ദൈവവുമായി രമ്യതപ്പെടുക.
യോഹ 8:1-11 ഇനിമേൽ പാപം ചെയ്യരുത്.

12 ബു ഫിലി 3:12-15 മുന്നിലുള്ളവയെ ലക്ഷ്യമാക്കി ഓടുക.
യോഹ 15:11-17 ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹിക്കണം.

13 വ്യാ **ന. കർത്താവിന്റെ സ്വർഗ്ഗാരോഹണം**

**(Propria Vol II. page 449)**

ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളാണ്, കടമുള്ള ദിവസവുമാണ്. ഇന്ന് അവധി ദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കേണ്ടതാണ്.

2 രാജാ 2:1-15 ഏലിയാ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു.
അപ്പ 1:1-14 ഈശോ ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ടു.
1 തിമോ 2:1-7 (1:18-2:15) മിശിഹാ ഏക മദ്ധ്യസ്ഥൻ.
ലൂക്കാ 24:36-53 ഈശോയുടെ സ്വർഗ്ഗാരോഹണം.

14 വെ **വി. മത്തിയാസ് ശ്ലീഹാ (Propria Vol III. page 611)**

1 സാമു 16:1-13 ദാവീദിന്റെ അഭിഷേകം.
അപ്പ 1:15-26 മത്തിയാസിന്റെ തിരഞ്ഞെടുപ്പ്.
1 കോറി 1:26-30 ഭോഷന്മാരെ തിരഞ്ഞെടുക്കുന്ന ദൈവം.
മത്താ 11:25-30 ക്ലേശിതർക്കാശ്രയമായ മിശിഹാ.

15 ശ പെരുമറ്റം മാർ ജോൺ (1977), പൊരുന്നേടം മാർ ജോസ് (2004) എന്നീ മെത്രാന്മാരുടെ അഭിഷേകം.
ഫിലി 2:12-18 ലോകത്തിന്റെ വെളിച്ചം.
യോഹ 12:27-36 പ്രകാശമുള്ളപ്പോൾ നടന്നുകൊള്ളുക.

16 ഞാ ✠ **ഉയിർപ്പ് ഏഴാം ഞായർ (Propria Vol II. page 460)**

പാലാത്തറ മാർ സൈമൺ സ്റ്റോക്ക് മെത്രാന്റെ നാമഹേതുകദിനം
അടുത്ത ഞായറാഴ്ച പന്തക്കുസ്താതിരുനാൾ.
ഏശ 6:1-13 ഏശയ്യായുടെ സ്വർഗ്ഗീയ ദർശനം
അപ്പ 1:15-26 യൂദാസിനു പകരം മത്തിയാസ്
ഫിലി 2:1-11 (1:27-2:11) മരണംവരെ തന്നെത്തന്നെ ശൂന്യനാക്കിയ ഈശോ.
മർക്കോ 16:9-20 ശിഷ്യഗണത്തിന് പ്രേഷിതദൗത്യം.

17 തി കൊളോ 3:5-11 പുതിയ മനുഷ്യനെ ധരിക്കുക.
യോഹ 3:1-8 ജലത്താലും അരൂപിയാലും വീണ്ടും ജനനം.

18 ചൊ ഹെബ്രാ 7:1-10 മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം പുരോഹിതൻ.
യോഹ 5:30-38 പിതാവിനാൽ അയയ്ക്കപ്പെട്ടവൻ.

19 ബു എഫേ 5:1-5 വിശുദ്ധർക്ക് യോഗ്യമായവിധം വർത്തിക്കുക.
ലൂക്കാ 12:13-21 ഭോഷനായ ധനികൻ.

20 വ്യാ സീറോ-മലബാർ സഭയുടെ പ്രഥമ സിനഡിന്റെ ഉദ്ഘാടനവും പ്രഥമ ശ്രേഷ്ഠമെത്രാപ്പോലീത്ത പടിയറ മാർ ആന്റണി കർദ്ദിനാളിന്റെ സ്ഥാനാരോഹണവും (1993). പെരുന്തോട്ടം മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2002).
ഹെബ്രാ 3:7-13 ജീവിക്കുന്ന ദൈവത്തിൽനിന്ന് അകന്നുപോകരുത്.
യോഹ 5:24-29 എല്ലാവർക്കും ജീവൻ നല്കുന്നവൻ.

21 വെ റോമാ 15:1-6 അയൽക്കാരന്റെ നന്മ ആഗ്രഹിക്കുവിൻ.
മത്താ 15:10-20 ആന്തരികവും ബാഹ്യവുമായ വിശുദ്ധി.

22 ശ ഹെബ്രാ 7:11-17 നിത്യപുരോഹിതനായ മിശിഹാ.
യോഹ 15:26-16:4 ഈശോയെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്ന പരിശുദ്ധാത്മാവ്.

## ശ്ലീഹാക്കാലം

പന്തക്കുസ്താത്തിരുനാൾ തുടങ്ങിയുള്ള ഏഴ് ആഴ്ചകളാണ് ശ്ലീഹാക്കാലം എന്ന പേരിൽ അറിയപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്കു പ്രത്യേകമായി പ്രാധാന്യം നല്കുന്ന കാലമാണിത്.

രക്ഷാചരിത്രവുമായി അഭേദ്യബന്ധം പുലർത്തുന്ന ഒരു തിരുനാളാണ് പന്തക്കുസ്ത. ഇസ്രായേൽജനം വിളവെടുപ്പിനോടു ബന്ധപ്പെടുത്തി 'പന്തക്കുസ്താ' ത്തിരുനാൾ ആഘോഷിച്ചിരുന്നതായി നാം പഴയ നിയമത്തിൽ വായിക്കുന്നുണ്ട്. 'പന്തക്കുസ്ത' എന്ന പദത്തിന്റെ അർത്ഥം അമ്പത് എന്നാണ് – അമ്പതാം ദിവസത്തെ തിരുനാൾ. ധാന്യ വിളവെടുപ്പിന്റെ അവസാനവും പഴവർഗ്ഗങ്ങളുടേതിന്റെ ആരംഭവും കുറിക്കുന്ന തിരുനാളായിരുന്നു അത്. പിന്നീടാണ് ഇസ്രായേൽ ജനം ദൈവത്തിന്റെ ഉടമ്പടിപ്രകാരമുള്ള ദൈവജനമായിത്തീർന്നതിന്റെ ഓർമ്മയാചരണമായി ഈ തിരുനാൾ രൂപാന്തരപ്പെട്ടത്.

പുതിയ നിയമത്തിൽ ഈ തിരുനാളിനു 'പുതിയ' അർത്ഥം നല്കപ്പെട്ടു. ഉയിർപ്പിനുശേഷം അമ്പതാം ദിവസമാണല്ലോ പരിശുദ്ധാത്മാവ് ശ്ലീഹൻമാരുടെമേൽ എഴുന്നള്ളിയത്. അന്നാണ് സഭ ഔദ്യാഗികമായി 'ഉദ്ഘാടനം' ചെയ്യപ്പെട്ടത്. പുതിയ ദൈവജനത്തിന്റെ ജൻമദിനമാണത്. അന്നു പിതാവായ ദൈവം, ദൈവസ്നേഹം വ്യക്തിത്വം ധരിച്ച പരിശുദ്ധാത്മാവിലും, പുതിയ

ഉടമ്പടിക്കു മുദ്രവച്ചു. ഈ ഉടമ്പടി കല്പലകകളിലല്ല, മനുഷ്യഹൃദയങ്ങളിലാണ് ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നത്. പന്തക്കുസ്തായ്ക്കുശേഷമാണ് പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹൻമാർ പുതിയ നിയമത്തിന്റെ സന്ദേശവുമായി ലോകമെങ്ങും പോവുകയും സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തത്. 'ശ്ലീഹാ' എന്ന പദത്തിന്റെ അർത്ഥംതന്നെ "അയയ്ക്കപ്പെട്ടവൻ" എന്നാണ്. മാമ്മോദീസായും സ്ഥൈര്യലേപനവും സ്വീകരിച്ച എല്ലാവരും "അയയ്ക്കപ്പെട്ടവർ" ആണെന്ന വസ്തുത ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ശ്ലീഹൻമാരും ദൈവജനവുമാകുന്ന സഭയും തമ്മിലുള്ള സുദൃഢമായ ബന്ധം, ആദിമസഭയുടെ ചൈതന്യവും കൂട്ടായ്മയും, സഭയുടെ പ്രേഷിതസ്വഭാവവും ദൗത്യവും എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്തകൾ. തങ്ങളുടെ ഗുരുവിന്റെ സന്ദേശവുമായി ലോകം മുഴുവനും ചുറ്റിസഞ്ചരിച്ച്, പുതിയ സഭാസമൂഹങ്ങൾക്കു രൂപംകൊടുത്ത ശ്ലീഹന്മാരുടെ കൂട്ടായ്മയിലും ഐക്യത്തിലും നമുക്കും പങ്കുചേരാം. നമ്മൾ പരിശുദ്ധാത്മാവിന്റെ ആലയങ്ങളാണെന്ന സത്യം മുറുകെപിടിച്ചുകൊണ്ട്, അവിടുത്തെ നിരന്തരസഹായത്താൽ, നമുക്കും ശ്ലീഹൻമാരെപ്പോലെ മിശിഹായെ പ്രഘോഷിക്കാം.

23 ഞാ ✠ **പന്തക്കുസ്താത്തിരുനാൾ** (ശ്ലീഹാ ഒന്നാം ഞായർ)
**(Propria Vol III. page 505)**
പുറ 19:1-9 (19:1-9 + 20:13-21) നിങ്ങൾ ദൈവത്തിന്റെ വിശുദ്ധജനം
അപ്പ 2:1-13 (2:1-21) ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ്.
1 കോറി 12:1-11 (12:1-27) പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ.
യോഹ 16:5-15 (14:15-16, 25-26; 15:26-16:15) പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ.

24 തി ഫിലി 2:1-4 ഒരേ സ്നേഹത്തിൽ വർത്തിക്കുക.
യോഹ 15:1-8 മുന്തിരിവള്ളിയും ശാഖകളും.

25 ചൊ 2 തെസ 1:3-12 ദൈവരാജ്യത്തിനുവേണ്ടി കഷ്ടതകൾ സഹിക്കണം.
യോഹ 4:1-14 ജീവജലം നല്കുന്ന ഈശോ.

26 ബു 1 യോഹ 4:12-21 ദൈവാത്മാവിനെ സ്വീകരിക്കുക.
യോഹ 17:1-5 ഈശോയെ അറിയുക എന്നതാണ് നിത്യജീവൻ.

27 വ്യാ ഹെബ്രാ 8:7-13 ഹൃദയത്തിൽ ആലേഖനം ചെയ്യപ്പെട്ട പുതിയ ഉടമ്പടി.
യോഹ 2:13-25 യഥാർത്ഥ ദേവാലയമായ ഈശോ.

28 വെ **സ്വർണ്ണവെള്ളിയാഴ്ച (Propria Vol III. page 517)**
ഏശ 35:3-10 ഐശ്വര്യപൂർണ്ണമായ ഭാവി.
അപ്പ 3:1-26 മുടന്തനെ സുഖപ്പെടുത്തുന്ന ശ്ലീഹന്മാർ.
1 കോറി 12:28-13:13 സ്നേഹം ഏറ്റവും ശ്രേഷ്ഠം.
ലൂക്കാ 7:11-23 (7:1-23) കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു.

29 ശ 1 കോറി 12:12-20 നാം ഒരേ ആത്മാവിൽ ഏകശരീരം.
യോഹ 6:25-29 അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക.

30 **ഞാ ✠ ശ്ലീഹാ രണ്ടാം ഞായർ (Propria Vol III. page 528)**
അടുത്ത വ്യാഴാഴ്ച പരി. കുർബാനയുടെ തിരുനാൾ.
അടുത്തത് ആദ്യവെള്ളിയാഴ്ച.
ജോയേ 2:15-26 കർത്താവിന്റെ കാരുണ്യം.
അപ്പ 4:5-22 രക്ഷ മിശിഹാവഴി മാത്രം.
1 കോറി 6:1-11 (5:6-6:11) നിങ്ങൾ മിശിഹായിലും ആത്മാവിലും സ്നാനപ്പെട്ടിരിക്കുന്നു.
ലൂക്കാ 7:36-50 (7:31-50) പാപിനിക്കു മോചനം.

**പ. ത്രിത്വത്തിന്റെ തിരുനാൾ**
റോമാ 5:1-5 ദൈവമഹത്ത്വത്തിൽ ഭാഗഭാഗിത്വം.
യോഹ 16:12-15 സത്യാത്മാവിലൂടെ പൂർണ്ണത.

31 തി ഫിലി 3:16-21 നേടിയെടുത്തതിനെ മുറുകെപ്പിടിക്കണം
യോഹ 11:17-27 പുനരുത്ഥാനവും ജീവനുമായ ഈശോ.

**പരി. കന്യകാമറിയത്തിന്റെ സന്ദർശനം (Propria Vol I. page 314)**
റോമാ 12:9-16a അനുഗ്രഹങ്ങൾ പങ്കുവയ്ക്കണം.
ലൂക്കാ 1:39-45 കന്യകാമറിയം ഏലീശ്വയെ സന്ദർശിക്കുന്നു.

# 2010 ജൂൺ
# ശ്ലീഹാക്കാലം

1 ചൊ മുണ്ടാടൻ മാർ ഗ്രേഷ്യൻ മെത്രാന്റെ നാമഹേതുകദിനം
1 കോറി 9:1-12 അപ്പസ്തോലന്റെ അവകാശം.
യോഹ 6:64-71 നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ.

**വി. ജസ്റ്റിൻ (Propria Vol I. page 289)**
ഉത്പ 18:23-32 ദുഷ്ടനെ ശിക്ഷിക്കുന്ന ദൈവം.
ജ്ഞാനം 10:9-14 ദുരിതങ്ങളിൽനിന്നും രക്ഷിക്കുന്ന ജ്ഞാനം.
1 കോറി 1:18-25 കുരിശ് ദൈവത്തിന്റെ ശക്തി.
ലൂക്കാ 12:2-8 ഭയംകൂടാതെ സാക്ഷ്യംനല്കുക.

2 ബു കുര്യാളശ്ശേരി മാർ തോമ്മാ മെത്രാന്റെ ചരമം (1925)
1 കോറി 6:12-20 നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയം.
യോഹ 6:37-44 പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ.

3 വ്യാ **പരി. കുർബാനയുടെ തിരുനാൾ (Propria Vol. III. page 538)**
ഉത്പ 14:1-20 മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവരുന്നു.
മലാ 1:6-11 നിരന്തരം അർപ്പിക്കപ്പെടുന്ന ബലി.
1 കോറി 11:23-30 (10:15-17 + 11:23-30) നിങ്ങൾക്കുവേണ്ടിയുള്ള ഏകശരീരം.
യോഹ 6:51-59 (6:51-64) സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവന്റെ അപ്പം.

4 വെ ആദ്യവെള്ളിയാഴ്ച.
1 കോറി 3:18-23 നിങ്ങൾ മിശിഹായ്ക്കുള്ളവർ.
യോഹ 6:45-50 വിശ്വസിക്കുന്നവന് നിത്യജീവൻ.

5 ശ 1 കോറി 10:14-22 നാം മുറിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിലെ ഭാഗഭാഗിത്വം.
യോഹ 6:1-15 അഞ്ചപ്പംകൊണ്ട് അയ്യായിരം പേർക്ക് ഭക്ഷണം.

6 ഞാ ✠ ശ്ലീഹ മൂന്നാം ഞായർ (Propria Vol. III. page 547)

അടുത്ത വെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയത്തിരുനാൾ.
നിയ 1:3-17 വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം.
ഏശ 1:1-9 ദൈവത്തിൽനിന്നകന്ന ജനം.
1 കോറി 7:1-7 എല്ലാ വിളിയും ദൈവദാനം.
ലൂക്കാ 10:25-37 (10:23-42) നല്ല സമരിയാക്കാരൻ.

7 തി 1 കോറി 12:21-27 നാം മിശിഹായിൽ ഏകശരീരം.
യോഹ 6:30-36 മിശിഹായിൽ വിശ്വസിക്കുന്നവന് വിശക്കുകയില്ല.

8 ചൊ **വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ ക. (Propria Vol. III. page 689)**

ഉത്പ 12:1-4 അബ്രാമിനെ ദൈവം വിളിക്കുന്നു.
പ്രഭാ 2:1-6 കർത്താവിൽ ആശ്രയിക്കുക.
ഗലാ 2:19-21 മിശിഹായോടുകൂടെ ക്രൂശിക്കപ്പെടുക.
യോഹ 12:20-26 ഗോതമ്പുമണിപോലെ നിലത്തുവീണ് അഴിയണം.

9 ബു ഫിലി 2:12-16 കുറ്റമറ്റ ദൈവമക്കളാവുക.
യോഹ 4:39-42 ലോകരക്ഷകനായ ഈശോ.

**മാർ അപ്രേം മ. (Propria Vol IV. page 941)**

നിയ 26:16-19 നിങ്ങൾ ഒരു വിശുദ്ധ ജനം.
പ്രഭാ 45:1-5 മോശയുടെ മഹത്ത്വം.
റോമാ 5:1-5 നീതീകരണത്തിന്റെ ഫലങ്ങൾ.
മത്താ 5:13-20 നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും.

10 വ്യാ 1 കോറി 3:1-9 നിങ്ങൾ ദൈവത്തിന്റെ വയലും വീടും.
ലൂക്കാ 8:4-15 വിതയ്ക്കപ്പെട്ട വചനം.

11 വെ **ഈശോയുടെ തിരുഹൃദയത്തിരുനാൾ (Propria Vol. III. page 556)**

മങ്കുഴിക്കരി മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം (1994)
ഉത്പ 13:8-18 അബ്രാമും ലോത്തും വേർപിരിയുന്നു.
ജോഷ്വ 8:18-29 ആയ് പട്ടണം നശിപ്പിക്കപ്പെടുന്നു.
റോമാ 9:30-10:10 (9:30-10:17) മിശിഹാ ഏവർക്കും രക്ഷ.
യോഹ 19:31-37 (മത്താ 11:25-30 + യോഹ 19:30-37 ) കുത്തിപ്പിളർക്കപ്പെട്ട ഹൃദയം.

**വി. ബർണ്ണബാസ് ശ്ലീഹാ (Propria Vol. III. page 611)**
1 ദിന 16:8-12 കർത്താവിന്റെ പ്രവൃത്തികൾ പ്രഘോഷിക്കുക.
അപ്പ 11:21-26 (11:21-26 + 11:1-3) ബർണ്ണബാസിന്റെ പ്രേഷിതപ്ര
വർത്തനങ്ങൾ
ഗലാ 2:1-10 ബർണ്ണബാസ് പൗലോസിനോടുകൂടെ.
മത്താ 10:16-22 വിജാതീയരുടെ മുമ്പാകെ മിശിഹായ്ക്കു സാക്ഷ്യം.

12 ശ **മാതാവിന്റെ വിമലഹൃദയം (Propria Vol. I. page 314)**
എഫേ 1:2-8 നമ്മൾ മിശിഹായിൽ തിരഞ്ഞെടുക്കപ്പെട്ടവർ

ലൂക്കാ 2:41-51 മറിയം എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു.
**പാദുവായിലെ വി. അന്തോണീസ്** (13 ഞായർ)
**(Propria Vol. IV. page 912)**
1 കോറി 2:1-10 അറിവ് അരൂപിയുടെ ശക്തി.
ലൂക്കാ 10:1-9 വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുക.

13 ഞാ ✠ **ശ്ലീഹാ നാലാം ഞായർ (Propria Vol. III. page 566)**
ചിറയത്ത് മാർ ആന്റണി മെത്രാന്റെ നാമഹേതുകദിനം.
നിയ 1:16-33 കർത്താവിനെതിരെ തെറ്റുചെയ്ത ഇസ്രായേൽ.
ഏശ 1:10-20 തിന്മ തുടച്ചുമാറ്റി നന്മ ചെയ്യുക.
1 കോറി 9:19-27 (9:13-27) അനശ്വരകിരീടത്തിനായി ഓടുക.
ലൂക്കാ 6:27-42 (6:12-46) തിന്മയെ നന്മകൊണ്ട് ജയിക്കുക.

14 തി 2 കോറി 1:3-7 കഷ്ടതകളിൽ ആശ്വസിപ്പിക്കുന്ന ദൈവം.
മർക്കോ 5:25-34 വിശ്വാസത്തിന് പ്രതിഫലം നല്കുന്ന ഈശോ.

15 ചൊ ഫിലി 1:12-18 ഭയംകൂടാതെ ദൈവവചനം പ്രസംഗിക്കുക.
ലൂക്കാ 10:38-42 മറിയം നല്ല ഭാഗം തിരഞ്ഞെടുത്തു.

16 ബു 1 കോറി 4:16-21 ദൈവരാജ്യം വാക്കുകളിലല്ല, ശക്തിയിൽ.
മത്താ 18:6-9 ദുഷ്പ്രേരണകൾ നല്കരുത്.

17 വ്യാ 1 കോറി 8:1-6 ഒരു ദൈവവും കർത്താവുമേയുള്ളു.
മർക്കോ 7:24-30 സീറോഫിനീഷ്യൻ സ്ത്രീയുടെ വിശ്വാസം.

18 വെ ഗലാ 2:15-18 വിശ്വാസംവഴി നീതീകരണം.
മർക്കോ 5:21-24, 35-43 ജായ്റോസിന്റെ മകൾക്ക് ജീവൻ നല്കുന്ന
കർത്താവ്

19 ശ 2 കോറി 2:12-17 ഞങ്ങൾ ദൈവത്തിന് മിശിഹായുടെ പരിമളം.
മർക്കോ 1:40-45 കുഷ്ഠരോഗിയെ സുഖമാക്കുന്ന ഈശോ.

20 **ഞാ ✠ ശ്ലീഹാ അഞ്ചാം ഞായർ (Propria Vol. III. page 575)**
അടുത്ത ഞായറാഴ്ച പത്രോസിന്റെ കാശുപിരിവ്.
നിയ 1:33-2:1 അവിശ്വസ്തജനതയ്ക്കു ശിക്ഷ.
ഏശ 1:21-31 അനീതി പ്രവർത്തിക്കുന്നവരുടെമേൽ ദൈവകോപം.
1 കോറി 14:1-12 (14:1-19) സ്നേഹം നമ്മുടെ ലക്ഷ്യം.
ലൂക്കാ 12:16-34 ദൈവസന്നിധിയിൽ സമ്പന്നനാകുക.

21 തി എഫേ 2:4-10 കൃപയാലാണ് നാം രക്ഷിക്കപ്പെട്ടത്.
യോഹ 16:25-38 ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു.

22 ചൊ കൊളോ 2:20-23 മിശിഹായിൽ നവജീവിതം.
മത്താ 11:1-6 മിശിഹായിൽ ഇടർച്ച തോന്നാത്തവൻ ഭാഗ്യവാൻ.

**വി. ജോൺ ഫിഷറും തോമസ് മൂറും (Propria Vol. I. page 289)**
1 പത്രോ 4:12-19 മിശിഹായോടൊപ്പം സഹിക്കുക.
മത്താ 10:16-22 പിതാവിന്റെ ആത്മാവ് നിങ്ങളിലൂടെ സംസാരിക്കും.

23 ബു റോമാ 5:12-21 നീതീകരണം മിശിഹായിലൂടെ
മർക്കോ 12:1-12 മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ

24 വ്യാ പെരുമറ്റം മാർ ജോൺ മെത്രാന്റെ നാമഹേതുകദിനം
2 പത്രോ 1:3-9 ക്രൈസ്തവൻ ഈശോയുടെ മഹത്ത്വത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു.
യോഹ 6:60-63 ജീവൻ നല്കുന്ന ആത്മാവ്.

**വി. സ്നാപകയോഹന്നാന്റെ ജനനം**
**(Propria Vol. I. page 96)**
ഗലാ 4:1-7 നീ ദാസനല്ല പുത്രനാണ്.
ലൂക്കാ 1:57-66 സ്നാപകയോഹന്നാന്റെ ജനനം

25 വെ 1 പത്രോ 3:14-18 ശരീരത്തിൽ മരിച്ച് ആത്മാവിൽ ജീവിക്കുക.
മത്താ 13:24-30, 36-43 കളകളുടെ ഉപമ.

26 ശ റോമാ 7:7-13 പാപം മരണം ഉളവാക്കുന്നു.
മർക്കോ 12:38-44 ഈ ദരിദ്രവിധവ കൂടുതൽ നല്കിയിരിക്കുന്നു.

27 ഞാ ✠ **ശ്ലീഹാ ആറാം ഞായർ (Propria Vol. III. page 584)**
അടുത്തത് ആദ്യവെള്ളിയാഴ്ച.
ഇന്ന് പത്രോസിന്റെ കാശുപിരിവ്.
ചൊവ്വാഴ്ച വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ.
ശനിയാഴ്ച ദുക്റാനത്തിരുനാൾ
നിയ 4:1-10 ദൈവകല്പനകൾ പൂർണ്ണമാണ്.
ഏശ 2:1-19 ജറുസലം രക്ഷാകേന്ദ്രം.
1 കോറി 10:23-31 (10:14-32) സർവ്വതും ദൈവമഹത്വത്തിന്.
ലൂക്കാ 12:57-13:9 (12:57-13:17) പശ്ചാത്തപിക്കാത്തവൻ നശിക്കും.

28 തി റോമാ 11:30-35 ദൈവത്തിന്റെ മാർഗ്ഗങ്ങൾ എത്ര ദുർഗ്രഹം.
മത്താ 12:33-37 ഫലത്തിൽനിന്ന് വൃക്ഷത്തെ തിരിച്ചറിയുക.

**വി. ഇരണേവൂസ് മ. വേ. (Propria Vol. IV. page 941)**
പുറ 28:28-30 ഇസ്രായേലിന് ന്യായവിധി.
മലാ 2:5-7 പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം.
2 തിമോ 3:14-17 വിശുദ്ധ ലിഖിതങ്ങൾ പ്രബോധനത്തിനും ശാസനത്തിനും.
യോഹ 14:26-30 എല്ലാം നമ്മെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവ്.

29 ചൊ **വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ**
**(Propria Vol. I. page 113)**
ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളാണ്, കടമുള്ള ദിവസവുമാണ്. ഇന്ന് അവധിദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കേണ്ടതാണ്.
ചിറ്റിലപ്പിള്ളി മാർ പോൾ മെത്രാന്റെ നാമഹേതുകദിനം.
2 രാജാ 4:8-37 ഷൂനാംകാരിയുടെ പുത്രനു ജീവൻ.
അപ്പ 2:32-42 പത്രോസ് പ്രവർത്തിച്ച അത്ഭുതം.
2 കോറി 11:21-31 (10:1-7 + 11:21-33) സ്വന്തം ബലഹീനതകളറിയുന്ന പൗലോസ്.
യോഹ 21:15-19 (മത്താ 16:13-19 + യോഹ 21:15-19) എന്റെ ആടുകളെ മേയ്ക്കുക.

30 ബു റോമാ 8:31-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ഒരു ശക്തിയും നമ്മെ വേർപെടുത്തരുത്.
മർക്കോ 4:21-25 ദീപം മറച്ചുവയ്ക്കരുത്.

# 2010 ജൂലൈ
## ശ്ലീഹാ - ഫലാഗമ(കൈത്ത)ക്കാലങ്ങൾ

1 വ്യാ അങ്ങാടിയത്ത് മാർ ജേക്കബ് മെത്രാന്റെ അഭിഷേകം (2001)
റോമാ 11:1-10 രക്ഷ ദൈവത്തിന്റെ കൃപവഴി.
മർക്കോ 10:46-52 അന്ധനെ സുഖപ്പെടുത്തുന്ന ഈശോ.

2 വെ ആദ്യവെള്ളി
റോമാ 13:1-6 എല്ലാ അധികാരവും ദൈവത്തിൽനിന്ന്.
മത്താ 22:15-22 സീസറിനുള്ളത് സീസറിന്.

3 ശ **ന. പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (കടമുള്ള ദിവസം) (Propria Vol. III. page 698)**

ഇലവനാൽ മാർ തോമസ്, ചകൃത്ത് മാർ തോമസ്, തുരുത്തിമറ്റം മാർ തോമസ്, എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം. നെടുമ്പുറം മാർ വിജയാനന്ദ് മെത്രാന്റെ അഭിഷേകം (1990),
ഉത്പ 2:8-15 ഫലഭൂയിഷ്ടമായ ഏദൻതോട്ടം.
സുഭാ 4:10-18 നീതിമാന്റെ അധരം ജീവന്റെ ഉറവിടം.
എഫേ 2:19-22 ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറ.
യോഹ 20:24-29 തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം.

4 ഞാ **✠ ശ്ലീഹാ ഏഴാം ഞായർ (Propria Vol. III. page 593)**
നിയ 4:10-24 കർത്താവിന്റെ ഉടമ്പടി മറക്കരുത്.
ഏശ 5:8-25 ദുഷ്ടത ദൈവകോപം വിളിച്ചുവരുത്തുന്നു.
1 കോറി 15:58-16:14 (15:58-16:24) സകലതും സ്നേഹത്തോടെ നിർവ്വഹിക്കുവിൻ.
ലൂക്കാ 13:22-35 ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ.

5 തി 2 കോറി 2:14-17 ഞങ്ങൾ ക്രിസ്തുവിന്റെ പരിമളമാണ്.
ലൂക്കാ 15:8-10 കാണാതായ നാണയത്തിന്റെ ഉപമ.

6 ചൊ റോമാ 13:7-10 അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തിയാക്കുന്നു.
യോഹ 17:20-26 അവർ നമ്മിൽ ഒന്നായിരിക്കണം.

7 ബു 1 കോറി 7:17-24 വിളിയനുസരിച്ച് ജീവിക്കുക.
ലൂക്കാ 16:9-17 ഒരു സമയം രണ്ട് യജമാനന്മാരെ സേവിക്കുക സാധ്യമല്ല.

8 വ്യാ യാക്കോ 2:14-20 പ്രവൃത്തികൾ കൂടാതെ വിശ്വാസം നിർജീവം.
മത്താ 23:13-22 ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യം.

9 വെ 1 കോറി 5:6-8 ആത്മാർത്ഥതയും സത്യവുമാകുന്ന പുളിപ്പില്ലാത്ത അപ്പം.
ലൂക്കാ 17:5-10 ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ.
**കർത്താവിന്റെ എഴുപത് ശിഷ്യന്മാർ (Propria Vol. III. page 602)**

10 ശ 1 കോറി 7:8-16 ഭാര്യ ഭർത്താവിൽനിന്നും വേർപിരിയരുത്.
മത്താ 19:1-12 അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു.

**വി. ബനഡിക്ട് (Propria Vol. IV. page 912)** (11 ഞായർ)
ഉത്പ 17:1-8 അബ്രാഹവുമായി ഉടമ്പടി.
ജ്ഞാനം 9:1-12 ജ്ഞാനത്തിനുവേണ്ടി പ്രാർത്ഥിക്കണം.
റോമാ 8:12-17 ജഡികരായി ജീവിച്ചാൽ മരിക്കും.
മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ.

## ഫലാഗമകാലം (കൈത്താക്കാലം)

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹൻമാരെ അനുസ്മരിച്ചുകൊണ്ടാണ് ശ്ലീഹാക്കാലത്തിനുശേഷം വരുന്ന ഈ കാലം ആരംഭിക്കുന്നത്. സാധാരണമായി ഏഴ് ആഴ്ചകൾ നീണ്ടുനില്ക്കുന്ന ഈ കാലത്തെ "കൈത്താക്കാലം" എന്നു വിളിക്കുന്നു. "കൈത്ത" എന്ന പദത്തിന്റെ അർത്ഥം "വേനൽ" എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാക്കാലത്തെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം നമ്മെ ഓർപ്പിക്കുക. അതുകൊണ്ടാണ് "ഫലാഗമകാലം", "സഭയുടെ വളർച്ചയുടെ കാലം" എന്നൊക്കെ ഇതിനെ വിളിക്കുക.

സഭയുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ യേശുവിനു സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ

അനുകരിക്കാൻ എല്ലാ വിശ്വാസികൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഏലിയാ-സ്ലീവാ ക്കാലത്തിന്റെ മുന്നോടിയായിട്ടും ഇതിനെ കാണാവുന്നതാണ്. അതുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേക്കും ഈ കാലം വിരൽ ചൂണ്ടുന്നു. കർത്താവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിരി ക്കണം. പാപത്തോടു വിടപറഞ്ഞ്, ജീവിതവിശുദ്ധീകരണത്തിലൂടെ നമുക്കു വ്യാപരിക്കാം.

11 ഞാ ✠ **ഫലാഗമം ഒന്നാം ഞായർ**
**12 ശ്ലീഹന്മാരുടെ തിരുനാൾ (Propria Vol. III. page 611)**
ബനഡിക്ട് 16ാം പാപ്പയുടെ നാമഹേതുകദിനം.
ചാൾസ് ലവീഞ്ഞ് മെത്രാന്റെ ചരമം (1913)
1 രാജാ 18:30-39 ഏലിയായുടെ ബലി സ്വീകരിക്കപ്പെടുന്നു.
അപ്പ 5:12-32 അടയാളങ്ങളും അത്ഭുതങ്ങളും ശ്ലീഹന്മാർവഴി.
1 കോറി 1:9-16 (1:9-16 + 2 കോറി 1:8-14) ഏകമനസ്സോടെ വർത്തിക്കുക.
ലൂക്കാ 14:1-14 മിശിഹായുടെ ശിഷ്യൻ എളിമയുള്ളവനും നിസ്വാർത്ഥനും.

12 തി 1 കോറി 11:17-22 നിങ്ങളുടെയിടയിൽ ഭിന്നതയുണ്ടാകരുത്.
മത്താ 21:28-32 പിതാവിന്റെ ഇഷ്ടം നിറവേറ്റുക.

13 ചൊ 1 കോറി 14:20-25 ചിന്തയിൽ പക്വമതികളും തിന്മയിൽ ശിശുക്കളും.
ലൂക്കാ 19:11-27 ചെറിയ കാര്യങ്ങളിലും വിശ്വസ്തത.

14 ബു 1 തിമോ 6:11-16 വിശ്വാസിയുടെ പോരാട്ടം.
യോഹ 10:22-28 ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം നല്കുന്നു.

15 വ്യാ കുന്നശ്ശേരി മാർ കുര്യാക്കോസ് മെത്രാന്റെ നാമഹേതുകദിനം
1 കോറി 14:13-19 ആത്മാവിന്റെ വരങ്ങൾ സഭയുടെ വളർച്ചയ്ക്ക്.
യോഹ 8:48-59 അബ്രാഹത്തിനു മുമ്പ് ഞാനുണ്ട്.

**വി. കുര്യാക്കോസും ജൂലിറ്റായും**
ദാനി 3:25-45 തീച്ചൂളയിൽനിന്ന് ദൈവകീർത്തനം.
അപ്പ 6:8-7:10 ദൈവം കൂടെയുള്ളവനു രക്ഷ.
ഹെബ്രാ 11:3-10 (11:3-10, 32-12:2) പിതാക്കന്മാരുടെ വിശ്വാസം.
മത്താ 10:16-33 മനുഷ്യരുടെ മുമ്പിൽ മിശിഹായ്ക്കു സാക്ഷ്യം.

16 വെ 2 കോറി 3:1-3 ഞങ്ങളുടെ ശുശ്രൂഷവഴി മിശിഹാ നിങ്ങളുടെ ഹൃദയത്തിൽ.
മർക്കോ 6:45-52 ധൈര്യമായിരിക്കുവിൻ, ഇത് ഞാനാണ്.

**കർമ്മലമാതാവ് (Propria Vol. I. page 314)**
1 രാജാ 18:41-46 പ്രാർത്ഥനവഴി ഏലിയാ മഴ പെയ്യിക്കുന്നു.
ഏശ 35:1-4 കാർമ്മലിന്റെ പ്രതാപം.
2 കോറി 1:3-7 മിശിഹായുടെ സഹനത്തിൽ പങ്കാളിത്തം.
ലൂക്കാ 11:27-28 മഹത്തായ ഭാഗ്യം.

**നിസിബസിലെ വി. യാക്കോബ് (Propria Vol. IV. page 941)**
ഏശ 41:8-16 ഞാൻ നിന്നെ തെരഞ്ഞെടുത്തു.
അപ്പ 19:8-20 അടയാളങ്ങളും അത്ഭുതങ്ങളും ശ്ലീഹന്മാർവഴി.
2 കോറി 10:4-13 (10:4-18) ആത്മീയസമരായുധങ്ങൾ.
ലൂക്കാ 12:1-12 ഭയംകൂടാതെ സാക്ഷ്യം നല്കുക.

17 ശ ഫിലി 1:12-18 ഭയംകൂടാതെ ദൈവവചനം പ്രസംഗിക്കുക.
ലൂക്കാ 10:38-42 മറിയം നല്ല ഭാഗം തെരഞ്ഞെടുത്തു.

18 ഞാ ✠ **ഫലാഗമം രണ്ടാം ഞായർ (Propria Vol. III. page 623)**
നിയ 4:32-40 ഇസ്രായേലിനെ സ്നേഹിച്ച ദൈവം.
ഏശ 3:16-4:6 രക്ഷയുടെ വാഗ്ദാനം.
2 കോറി 3:4-18 ആത്മാവിൽ പുതിയ ഉടമ്പടി.
ലൂക്കാ 15:11-32 (15:4-32) ധൂർത്തപുത്രന്റെ ഉപമ.

19 തി യാക്കോ 1:12-18 പരീക്ഷകളെ അതിജീവിക്കുന്നവർക്ക് ജീവന്റെ കിരീടം.
മത്താ 7:21-28 പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവൻ സ്വർഗ്ഗത്തിന്നവകാശി.

20 ചൊ  യാക്കോ 4:1-7a ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുത
ലൂക്കാ 6:20-26 സുവിശേഷഭാഗ്യങ്ങൾ

21 ബു  2 കോറി 4:14-5:1 അനശ്വരമായ ഭവനം.
യോഹ 12:23-28 ഗോതമ്പുമണി നിലത്തുവീണ് അഴിയണം.

22 വ്യാ  യാക്കോ 1:2-8 പരീക്ഷകളിലൂടെ വിശ്വാസസ്ഥിരത.
മർക്കോ 11:12-14, 20-26 വിശ്വാസത്തിന് സർവ്വതും സാധ്യം.

23 വെ  തീത്തോ 2:1-8 ജീവിതനിയമങ്ങൾ.
ലൂക്കാ 12:41-48 അധികം ലഭിച്ചവനിൽനിന്ന് അധികം.

**മാർ അദ്ദായിയും മാർ മാറിയും (Propria Vol. III. page 632)**
ഏശ 55:4-13 ജീവന്റെ ഉറവ.
അപ്പ 4:35-5:11 ഹൃദയൈക്യത്തിൽ ജീവിക്കുക.
1 കോറി 15:1-19 അകാലജാതന് മിശിഹാ പ്രത്യക്ഷപ്പെട്ടു.
യോഹ 20:19-31 ഈശോ ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നു.

24 ശ  യാക്കോ 2:1-8 സ്വർഗ്ഗത്തിനവകാശികളായി പാവപ്പെട്ടവരെ തിരഞ്ഞെടുത്ത ദൈവം.
ലൂക്കാ 14:15-24 ദൈവരാജ്യത്തിന്റെ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ.

25 ഞാ  **✠ ഫലാഗമം മൂന്നാം ഞായർ (Propria Vol. III. page 644)**
തൂങ്കുഴി മാർ ജേക്കബ്, പഴയാറ്റിൽ മാർ ജയിംസ്, മനത്തോടത്ത് മാർ ജേക്കബ്, അങ്ങാടിയത്ത് മാർ ജേക്കബ് എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.
നിയ 5:1-16 പത്തുകല്പനകൾ
ഏശ 5:1-7 കർത്താവിന്റെ മുന്തിരിത്തോട്ടം.
2 കോറി 7:1-11 എല്ലാവരെയും സന്തോഷിപ്പിക്കുന്ന ദൈവം.
യോഹ 9:1-12, 35-38 (9:1-38) അന്ധനെ സുഖപ്പെടുത്തുന്ന ഈശോ.

**വി. യാക്കോബ് ശ്ലീഹ (Propria Vol. III. page 611)**
പുറ 24:12-18 മോശ സീനായ് മലയിൽ
അപ്പ 11:27-12:3 യാക്കോബ്ശ്ലീഹായുടെ രക്തസാക്ഷിത്വം.
1 കോറി 4:6-15 മിശിഹായുടെ ശ്ലീഹന്മാർ.
മത്താ 20:20-34 സേവിക്കപ്പെടാനല്ല, സേവിക്കാൻ.

26 തി തറയിൽ മാർ തോമസ് മെത്രാന്റെ ചരമം (1975)
യാക്കോ 2:21-26 പ്രവൃത്തികൾകൂടാതെയുള്ള വിശ്വാസം നിർജീവം.
മത്താ 23:34-39 ഈശോ ജറുസലേമിനെക്കുറിച്ച് വിലപിക്കുന്നു.
**വി. ജോവാക്കിമും അന്നായും**
1 സാമു 2:1-18 ഹന്നായുടെ കീർത്തനം.
ഏശ 54:1-8 പുതിയ ജറുസലം.
ഹെബ്രാ 11:8-12 അബ്രാഹത്തിന്റെ വിശ്വാസം.
മത്താ 1:1-16 ഈശോയുടെ വംശാവലി.

27 ചൊ യാക്കോ 3:13-18 യഥാർത്ഥ ജ്ഞാനം വിനീതവും വിധേയത്വമുള്ളതും.
ലൂക്കാ 4:26-30 പ്രവാചകൻ സ്വദേശത്ത് അവഗണിക്കപ്പെടുന്നു.

28 ബു **വി. അൽഫോൻസ ക. (Propria Vol. III. page 707)**
നിയ 28:8-12 ഇസ്രായേൽ കർത്താവിന്റെ ഓഹരി
ഏശ 53:10-12 സഹിക്കുന്നവർ സ്വർഗ്ഗത്തിന്നവകാശികൾ
ഗലാ 2:19-21 മിശിഹായോടുകൂടി ക്രൂശിക്കപ്പെടുക.
യോഹ 12:20-26 ഗോതമ്പുമണിപോലെ നിലത്തുവീണ് അഴിയണം.

29 വ്യാ യാക്കോ 5:13-20 വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തുന്നു.
മത്താ 10:5-15 ശിഷ്യരെ അയയ്ക്കുന്ന ഈശോ.

**വി. മർത്താ**
1 യോഹ 4:7-16 സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും.
യോഹ 11:17-27 പുനരുത്ഥാനവും ജീവനുമായ ഈശോ.

30 വെ എഫേ 3:14-21 വിശ്വാസംവഴി മിശിഹാ നിങ്ങളുടെ ഹൃദയത്തിൽ.
മർക്കോ 8:22-26 അന്ധനെ സുഖപ്പെടുത്തുന്ന ഈശോ.

31 ശ യാക്കോ 4:13-17 ആത്മപ്രശംസ തിന്മയാണ്.
ലൂക്കാ 9:49-56 നിങ്ങൾക്കെതിരല്ലാത്തവൻ നിങ്ങളോടുകൂടെ.
**വി. ഇഗ്നേഷ്യസ് ലയോള (Propria Vol. IV. page 912)**
1 കോറി 10:31-11:1 എല്ലാം ദൈവമഹത്ത്വത്തിന്.
ലൂക്കാ 14:25-33 മിശിഹായുടെ ശിഷ്യൻ സ്വയം ത്യജിക്കണം.

**വി. അൽഫോൻസ് ലിഗോരി മെ. മ. (Propria Vol. IV. page 941)**
(ആഗസ്റ്റ് 1 ഞായർ)
റോമാ 8:1-4 മിശിഹായിൽ നമുക്ക് സ്വാതന്ത്ര്യം.
മത്താ 5:13-19 നിങ്ങൾ ലോകത്തിന്റെ പ്രകാശം.

# 2010 ആഗസ്റ്റ്
## ഫലാഗമ-ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

1 ഞാ ☩ **ഫലാഗമം നാലാം ഞായർ (Propria Vol. III. page 653)**
**പതിനഞ്ച് നോമ്പാരംഭം**
അടുത്തത് ആദ്യവെള്ളിയാഴ്ച
നിയ 5:16-6:3 നിയമം മോശവഴി.
ഏശ 9:8-21 ഇസ്രായേലിനു ശിക്ഷ.
2 കോറി 10:7-18 (10:1-18) കർത്താവിൽ അഭിമാനിക്കുക.
മർക്കോ 7:1-13 (7:1-23) പാരമ്പര്യത്തെക്കുറിച്ച് വിവാദം.

2 തി യാക്കോ 5:1-6 ധനവാന്മാർക്ക് മുന്നറിയിപ്പ്.
ലൂക്കാ 18:25-30 ദൈവരാജ്യത്തിനുവേണ്ടി സ്വയം ത്യജിക്കുന്നവന് നിത്യജീവൻ.

3 ചൊ യാക്കോ 5:7-12 കർത്താവിന്റെ ആഗമനംവരെ ക്ഷമയോടെ കാത്തിരിക്കുവിൻ.
മർക്കോ 13:24-31 മനുഷ്യപുത്രന്റെ ആഗമനം.

4 ബു **വി. ജോൺ മരിയ വിയാനി പു.**
**(Propria Vol. IV. page 922)**
മുക്കുഴി മാർ ലോറൻസ് മെത്രാന്റെ അഭിഷേകം (1999)
2 കോറി 1:3-7 മിശിഹായുടെ സഹനത്തിൽ പങ്കാളിത്തം.
മത്താ 9:35-10:1 ജനത്തോട് അലിവുതോന്നിയ ഈശോ.

5 വ്യാ യാക്കോ 4:7b-12 കർത്താവിന്റെ സന്നിധിയിൽ താഴ്മയുള്ളവരാകുക.
ലൂക്കാ 12:49-53 ഞാൻ വന്നത് ഭൂമിയിൽ തീയിടാൻ.

6 വെ **ന. ക. രൂപാന്തരീകരണം (Propria Vol. III. page 716)**
ആദ്യവെള്ളിയാഴ്ച.
ജീരകത്തിൽ മാർ പൗളിനോസ് മെത്രാന്റെ ചരമം (1990)
പുറ 19:1-8 + 20:18-21 സീനായ് ഉടമ്പടി.
അപ്പ 1:15-26 യൂദാസിനു പകരം മത്തിയാസ്.
ഹെബ്രാ 12:18-29 ജീവിക്കുന്ന ദൈവത്തിന്റെ നഗരത്തിലാണ് നാം.
മത്താ 17:1-9 കർത്താവിന്റെ രൂപാന്തരീകരണം.

7 ശ 2 തെസ 2:5-12 അനീതി ചെയ്യുന്നവന് ശിക്ഷ
മത്താ 11:20-24 അനുതപിക്കാത്തവനു ശിക്ഷ.
**വി. ഡൊമിനിക് പു. (Propria Vol. IV. page 912)** (8 ഞായർ)
1 കോറി 2:1-10 നിഗൂഢമായ ദൈവികജ്ഞാനം.
ലൂക്കാ 9:57-62 നീ പോയി ദൈവരാജ്യം പ്രസംഗിക്കുക.

8 ഞാ ✠ **ഫലാഗമം അഞ്ചാം ഞായർ (Propria Vol. III. page 662)**
കോക്കാട്ട് മാർ ഡൊമിനിക് മെത്രാന്റെ നാമഹേതുകദിനം.
അടുത്ത ഞായറാഴ്ച പ.ക.മറിയത്തിന്റെ സ്വർഗ്ഗാരോപണം.
അന്നുതന്നെ ഇന്ത്യൻ സ്വാതന്ത്ര്യദിനം.
ലേവ്യ 23:33-44 കൂടാരത്തിരുനാൾ
ഏശ 28-14-22 തിന്മ ചെയ്യുന്ന ജനത്തിന് താക്കീത്.
2 കോറി 12:14-21 പൗലോസിന്റെ വ്യഗ്രതയും ആകുലതയും.
ലൂക്കാ 16:19-31 (16:19-17:10) ധനികനും ലാസറും.

9 തി 2 തിമോ 3:10-17 വിശുദ്ധ ജീവിതം ആഗ്രഹിക്കുന്നവർക്ക് പീഡനം.
മർക്കോ 4:26-34 ദൈവരാജ്യത്തെപ്പറ്റി ഉപമകൾ.

10 ചൊ മുക്കുഴി മാർ ലോറൻസ് മെത്രാന്റെ നാമഹേതുകദിനം.
2 തിമോ 4:1-6 വചനം പ്രസംഗിക്കുക.
യോഹ 4:27-38 നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട്.

11 ബു 1 തിമോ 6:17-21 ധനവാൻ ഔദ്ധത്യം ഉപേക്ഷിക്കണം.
മത്താ 7:15-20 ഫലത്തിൽനിന്ന് വൃക്ഷത്തെ അറിയുക.

**വി. ക്ലാര ക. (Propria Vol. IV. page 912)**
ഫിലി. 3:8-14 മിശിഹായെപ്രതി എല്ലാം ഉപേക്ഷിക്കുക.
മത്താ 19:27-29 നൂറിരട്ടി പ്രതിഫലം.

**12** വ്യാ 2 പത്രോ 1:10-15 സത്യത്തിൽ ഉറച്ചുനില്ക്കുക.
മർക്കോ 10:35-45 ഒന്നാമൻ ഏവരുടെയും ദാസൻ

13 വെ 1 പത്രോ 1:22-25 കർത്താവിന്റെ വചനം നിലനില്ക്കുന്നു.
ലൂക്കാ 17:20-37 മനുഷ്യപുത്രന്റെ ആഗമനം.

**വി. ശ്മോനിയും ഏഴു മക്കളും**
ദാനി 3:25-45 തീച്ചൂളയിൽനിന്ന് ദൈവകീർത്തനം.
അപ്പ 6:8-7:2 + 7:51-8:2 മിശിഹായ്ക്കുവേണ്ടി മരിക്കുക.
ഹെബ്രാ 11:3-10, 32-12:2 വിശ്വാസത്തിന്റെ സാക്ഷ്യം.
മത്താ 10:16-33 ഭയപ്പെടാതെ സാക്ഷ്യം നല്കുക.

14 ശ 2 തെസ 2:1-4 തിന്മയുടെ ശക്തി പ്രത്യക്ഷപ്പെടും.
മർക്കോ 13:3-13 വ്യാജപ്രവാചകന്മാർ.

**വി. മാക്സിമില്യൻ കോൾബേ (Propria Vol. IV. page 922)**
1 പത്രോ 3:14-17 നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കുക.
ലൂക്കാ 9:23-26 മിശിഹായെപ്രതി ജീവൻ ത്യജിക്കുക.

15 ഞാ **✠ ഫലാഗമം ആറാം ഞായർ (Propria Vol. III. page 671)**
പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1973)
ലേവ്യ 19:1-4, 9-14 നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ.
ഏശ 29:13-24 ഇസ്രായേലിന്റെ പരിശുദ്ധനിൽ സന്തോഷിക്കുന്ന ദരിദ്രർ.
1 തെസ 2:1-12 നിഷ്കളങ്കമായ പെരുമാറ്റം
ലൂക്കാ 17:11-19 ദൈവത്തിനു നന്ദി പറയണം.

## പ. ക. മറിയത്തിന്റെ സ്വർഗ്ഗാരോപണം

**(Propria Vol. III. page 727)**
**ഇന്ത്യൻ സ്വാതന്ത്ര്യദിനം (Propria Vol. I. page 298)**
പുറ 15:11-18 മോശയുടെ കീർത്തനം
അപ്പ 1:1-8 പരിശുദ്ധാത്മാവുവഴി ശക്തി.
റോമാ 16:17-27 (16:1-27) നല്ല കാര്യങ്ങളിൽ അറിവുള്ളവരും തിന്മയുടെ മാലിന്യമേശാത്തവരും.
യോഹ 2:1-12 (യോഹ 2:1-12 + മത്താ 12:46-50 + 13:53-57 + ലൂക്കാ 11:27-28) അവൻ പറയുന്നതുപോലെ ചെയ്യുക.

16 തി 1 യോഹ 4:7-11 സ്നേഹിക്കുന്നവൻ ദൈവപുത്രൻ.
ലൂക്കാ 6:43-49 ഉറച്ച അടിസ്ഥാനം

17 ചൊ 2 തെസ 3:1-5 കർത്താവ് വിശ്വസ്തൻ.
മത്താ 9:18-26 നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.

18 ബു 1 തെസ 5:1-11 ഉണർവ്വിലും ഉറക്കത്തിലും നാം അവനോടൊന്നിച്ച്
മത്താ 24:37-44 നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിൽ മനുഷ്യപുത്രൻ വരും.

19 വ്യാ റോമ 15:14-21 പൗലോസിന്റെ ശുശ്രൂഷ
മത്താ 12:46-50 ഈശോയുടെ അമ്മയും സഹോദരരും

20 വെ 2 പത്രോ 3:14-18 കർത്താവിന്റെ ദീർഘക്ഷമ രക്ഷാകരം.
ലൂക്കാ 6:37-42 അന്യരെ വിധിക്കരുത്.
**വി. ശിമയോൻ ബാർസബായും സഹരക്തസാക്ഷികളും**

21 ശ 1 യോഹ 2:1-6 ഈശോ നമ്മുടെ മധ്യസ്ഥൻ.
ലൂക്കാ 21:5-6, 20-24 ജറുസലേമിന്റെ പതനം.

**വി. പത്താംപീയൂസ് മാർപാപ്പ (Propria Vol. IV. page 931)**
1 രാജാ 19:3-8 ഏലിയായെ സംരക്ഷിക്കുന്ന ദൈവം.
സുഭാ 9:1-5 സ്വന്തം ഭോഷത്തം നാശത്തിലേക്ക്.
1 തെസ 2:2-4 നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കാം.
യോഹ 21:15-19 എന്റെ ആടുകളെ മേയിക്കുക.

22 **ഞാ ✠ ഫലാഗമം ഏഴാം ഞായർ (Propria Vol. III. page 680)**
ലേവ്യ 19:15-19 (19:15-19 + 20:9-14) അനീതിയായി വിധിക്കരുത്.
ഏശ 33:1-15 അനുതപിച്ച് തിരിച്ചുവരുക.
1 തെസ 2:14-20 (2:14-3:13) മിശിഹായുടെ സഹനത്തിൽ ഭാഗഭാഗിത്വം.
ലൂക്കാ 18:1-8 (18:1-14) ന്യായാധിപനും വിധവയും.

23 തി ഇരിമ്പൻ മാർ ജോസഫ് മെത്രാന്റെ ചരമം (1997)
1 യോഹ 4:1-6 ദൈവാത്മാവിനെ തിരിച്ചറിയണം.
മർക്കോ 13:14-23 ഭീകരദുരിതങ്ങളുടെ കാലം.

24 ചൊ **വി. ബർത്തലോമിയോ ശ്ലീഹാ (Propria Vol. III. page 611)**
ചിറ്റിലപ്പിള്ളി മാർ പോൾ മെത്രാന്റെ അഭിഷേകം (1988)
നിയ 18:15-19 മോശയെപ്പോലെ ഒരു പ്രവാചകൻ.
ഏശ 22:15-22 തിന്മ ചെയ്ത ഷെബനായ്ക്ക് താക്കീത്.
1 കോറി 12:27-31 നാം മിശിഹായുടെ ശരീരം.
ലൂക്കാ 6:12-19 ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നു.

25 ബു റോമാ 14:7-9 ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവർ.
യോഹ 6:60-65 ആത്മാവാണ് ജീവൻ നല്കുന്നത്.

26 വ്യാ 2 തെസ 3:6-15 അദ്ധ്വാനശീലരാകുക.
മത്താ 13:10-17 ഉപമകളുടെ ഉദ്ദേശ്യം.

27 വെ റോമാ 8:26-30 നമ്മുടെ ബലഹീനതകളിൽ സഹായിക്കുന്ന ആത്മാവ്.
മർക്കോ 10:13-16 സ്വർഗ്ഗരാജ്യം ശിശുക്കളെപ്പോലെയുള്ളവർക്ക്

28 ശ 2 തെസ 3:13-18 സഹോദരനു നന്മ ചെയ്യുക.
മർക്കോ 2:13-17 രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം.

**വി. അഗസ്റ്റിൻ മെ. മ. (Propria Vol. IV. page 931)**
നിയ 10:12-17 പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക.
ജ്ഞാനം 7:10-14 ജ്ഞാനം പങ്കുവയ്ക്കുക.
2 കോറി 5:14-21 ദൈവത്തോട് രമ്യതപ്പെടുക.
മത്താ 5:13-19 നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

## ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

കർത്താവിന്റെ രണ്ടാമത്തെ ആഗമനവും കുരിശിന്റെ വിജയവും സൂചിപ്പിക്കുന്നു, ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ. സെപ്തംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്നും (മലാക്കി 4:5) വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തിനു ബോദ്ധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചുപോന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടുത്തോടൊപ്പം ഉണ്ടായതായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം.

ലോകാവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലത്തിലെ പ്രധാന വിഷയങ്ങൾ. അതോടൊപ്പം, പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചുമാറ്റാനുള്ള ആഹ്വാനവും നമുക്കു നല്കുന്നു.

മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമദ്ധ്യത്തിൽ മഹത്ത്വപൂർണ്ണമായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം (മത്താ 24:30) കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ ശക്തിയും വിജയവും ഈ കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്ററന്റൈൻ രാജാ

വിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും, അദ്ദേഹത്തിന്റെ അമ്മയായ ഹെലേനാരാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനുമീതെ തന്റെ വടി നീട്ടിക്കൊണ്ട് മൂശ ഇസ്രായേൽജനത്തിന് കടലിന്റെ നടുവിലൂടെ നല്ലൊരു വഴി കാട്ടിയതുപോലെ, സ്ലീവാവഴി മിശിഹാ പറുദീസയിലേക്ക് വഴികാട്ടിത്തന്നുകൊണ്ട് മർത്ത്യകുലത്തെ രക്ഷിച്ചിരിക്കുന്നു. പറുദീസായിലെ ജീവന്റെ വൃക്ഷത്തോടും മൂശ മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തോടും കുരിശിനെ ഉപമിച്ചുകൊണ്ട്, സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലം നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനംകൂടി ഇവിടെ നാം ദർശിക്കുന്നു.

29 ഞാ ✠ **ഏലിയാ സ്ലീവ മൂശ ഒന്നാം ഞായർ**
**(ഏലിയാ ഒന്നാം ഞായർ)**
**(Propria Vol. IV. page 745)**
അടുത്തത് ആദ്യവെള്ളിയാഴ്ച.
നിയ 6:20-7:6 കർത്താവിന്റെ നിയമങ്ങൾവഴി നീതീകരണം.
ഏശ 31:1-9 കർത്താവിന്റെ പക്കലേക്ക്.
2 തെസ 1:1-10 ദൈവരാജ്യത്തിനുവേണ്ടി സഹിക്കുക.
ലൂക്കാ 19:1-10 (18:35-19:10) മാനസാന്തരപ്പെട്ട സക്കേവൂസ്.

## വാഴ്ത്തപ്പെട്ട എവുപ്രാസ്യ ക.

ഉത്പ 12:1-4 അബ്രാമിനെ ദൈവം വിളിക്കുന്നു.
പ്രഭാ 2:1-6 കർത്താവിൽ ആശ്രയിക്കുക.
1 തെസ 4:1-8 പ്രസാദകരമായ ജീവിതം
മർക്കോ 10:35-45 ഒന്നാമൻ ഏവരുടെയും ദാസൻ.

30 തി 2 പത്രോ 1:10-15 സത്യത്തിൽ ഉറച്ചുനില്ക്കുക.
ലൂക്കാ 6:27-36 തിന്മയെ നന്മകൊണ്ടു ജയിക്കുക.

31 ചൊ യാക്കോ 2:9-13 പക്ഷപാതി പാപം ചെയ്യുന്നു.
ലൂക്കാ 14:1-6 മഹോദരരോഗിയെ സുഖപ്പെടുത്തുന്നു.

# 2010 സെപ്തംബർ
# ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ

1 ബു **എട്ടുനോമ്പാരംഭം**
യാക്കോ 1:12-18 പരീക്ഷകളെ നേരിടുക.
മർക്കോ 4:26-34 ദൈവരാജ്യത്തെപ്പറ്റി ഉപമകൾ

2വ്യാ ഹെബ്രാ 11:11-22 പൂർവ്വപിതാക്കന്മാരുടെ വിശ്വാസം.
ലൂക്കാ 5:12-16 അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും.

3 വെ കരോട്ടെപ്രെയിൽ മാർ ഗ്രിഗറി മെത്രാന്റെ നാമഹേതുകദിനം
ആദ്യവെള്ളി
ഹെബ്രാ 4:12-16 സ്വർഗ്ഗത്തിലേക്കു കയറിയ ശ്രേഷ്ഠപുരോഹിതൻ
മർക്കോ 7:6-13 പാരമ്പര്യത്തിനുവേണ്ടി ദൈവകല്പനകൾ ലംഘിക്കരുത്.

4 ശ 1 യോഹ 5:6-12 ക്രിസ്തുവിനു സാക്ഷ്യം.
യോഹ 8:31-38 സത്യം നിങ്ങളെ സ്വതന്ത്രരാക്കും.

5 ഞാ ✠ **ഏലിയാ സ്ലീവാ മൂശ രണ്ടാം ഞായർ (ഏലിയാ രണ്ടാം ഞായർ) (Propria Vol. IV. page 756)**
അടുത്ത ബുധനാഴ്ച പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ
നിയ 7:7-11 തന്റെ ശപഥം പാലിക്കുന്ന കർത്താവ്.
ഏശ 30:15-26 തന്റെ ജനത്തോട് കരുണ കാണിക്കുന്ന കർത്താവ്.
2 തെസ 2:15-3:5 (2:15-3:18) കർത്താവ് വിശ്വസ്തനാണ്.
മത്താ 13:1-9, 18-23 (13:1-23) വിതക്കാരന്റെ ഉപമ.

6 തി 2 പത്രോ 3:8-12 കർത്താവിന്റെ ദിനം കള്ളനെപ്പോലെ വരും.
മത്താ 13:31-35 കടുകുമണിയുടെയും പുളിമാവിന്റെയും ഉപമ.

7 ചൊ 2 കോറി 13:5-10 ബലഹീനതയിൽ ഞങ്ങൾ സന്തോഷിക്കുന്നു.
മത്താ 21:18-22 വിശ്വാസത്തോടെ പ്രാർത്ഥിക്കുക.

8 ബു **പ. ക. മറിയത്തിന്റെ പിറവിത്തിരുനാൾ**
**(Propria Vol. III. page 737)**
വടക്കേൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (1998)
ഉത്പ 17:15-27 (15:1-27) അവൾ ജനതകളുടെ മാതാവ്.
ഏശ 42:18-43:13 ഇസ്രായേലിന്റെ തിരിച്ചുവരവ്.
റോമാ 16:1-16 (16:1-27) എല്ലാവർക്കും വന്ദനം.
മത്താ 1:1-16 ഈശോയുടെ വംശാവലി.

9 വ്യാ 1 തിമോ 6:3-10 വ്യാജപ്രബോധകർ.
ലൂക്കാ 20:9-19 മുന്തിരിത്തോട്ടവും കൃഷിക്കാരും.

10 വെ കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ചരമം (1786)
പഴയാറ്റിൽ മാർ ജെയിംസ് മെത്രാന്റെ അഭിഷേകം (1978).
2 തിമോ 2:20-26 പരിശുദ്ധ ഹൃദയത്തോടെ കർത്താവിനെ വിളിക്കുക.
മത്താ 5:13-16 നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും

11 ശ വെളി 7:9-17 വിശുദ്ധരുടെ പ്രതിഫലം.
മത്താ 15:1-9 പാരമ്പര്യവും ദൈവകല്പനയും

12 ഞാ ✠ **ഏലിയാ സ്ലീവാ മൂശ മൂന്നാം ഞായർ**
**(ഏലിയ മൂന്നാം ഞായർ)**
**(Propria Vol. IV. page 765)**
അടുത്ത ചൊവ്വാഴ്ച വി. കുരിശിന്റെ പുകഴ്ച.
നിയ 8:11-20 കർത്താവിനെ വിസ്മരിക്കുന്നവർ നശിക്കും.
ഏശ 33:13-24 കർത്താവ് സെഹിയോനിൽ വാഴുന്നു.
ഫിലി 2:1-11 (1:22-22) സ്വയം ശൂന്യനാക്കിയ ഈശോ.
മത്താ 5:1-12 (4:12-5:16) സുവിശേഷഭാഗ്യങ്ങൾ

13 തി 2 പത്രോ 2:1-3, 11-16 വ്യാജപ്രവാചകന്മാർ
മർക്കോ 8:11-21 ഫരിസേയർ അടയാളം ആവശ്യപ്പെടുന്നു.

**വി. ജോൺ ക്രിസോസ്തോം മെ. മ.**
**(Propria Vol. IV. page 941)**
എഫേ 4:1-7, 11-13 ശുശ്രൂഷകൾ സഭയെ പണിതുയർത്താൻ.
മർക്കോ 4:1-9 വിതയ്ക്കപ്പെട്ട വചനം.

14 ചൊ **വി. കുരിശിന്റെ പുകഴ്ച (Propria Vol. IV. page 775)**
ഏശ 43:1-12 (42:13-43:12) കർത്താവല്ലാതെ മററു രക്ഷകനില്ല.
അപ്പ 2:22-36 (2:14-36) കുരിശിൽ തറയ്ക്കപ്പെട്ട മിശിഹായെ ദൈവം ഉയിർപ്പിച്ചു.
1 കോറി 1:18-31 കുരിശിന്റെ വചനം ശക്തിയാണ്.
ലൂക്കാ 24:13-35 മിശിഹാ സഹനത്തിലൂടെ മഹത്ത്വത്തിലേക്ക്.

15 ബു തോട്ടുങ്കൽ മാർ ക്ലെമന്റ് മെത്രാന്റെ ചരമം (1991)
1 തെസ 2:13-20 സഹനത്തിൽ ഭാഗഭാഗിത്വം.
മർക്കോ 10:35-45 ഒന്നാമൻ ഏവരുടെയും ദാസൻ.

16 വ്യാ 2 പത്രോ 3:1-7 കർത്താവിന്റെ പ്രത്യാഗമനം.
മത്താ 23:29-36 ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യം.

17 വെ 1 തെസ 4:13-18 ഈശോയിൽ നിദ്ര പ്രാപിച്ചവരെ ദൈവം ഉയിർപ്പിക്കും.
മത്താ 24:29-36 മനുഷ്യപുത്രന്റെ ആഗമനം.

18 ശ 1 തെസ 5:23-28 നിങ്ങളെ വിളിച്ചവൻ വിശ്വസ്തൻ.
മത്താ 24:45-51 വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ.

19 ഞാ **✠ ഏലിയാ സ്ലീവാ മൂശ നാലാം ഞായർ**
**(സ്ലീവാ ഒന്നാം ഞായർ) (Propria Vol. IV. page 787)**
നിയ 9:1-8 വിജയം ദൈവദാനം
ഏശ 25:1-8 അഭയവും കോട്ടയുമായ കർത്താവ്
ഫിലി 3:1-11 എനിക്ക് ലാഭമായിരുന്നതെല്ലാം മിശിഹായെപ്രതി നഷ്ടമാക്കി.
മത്താ 17:14-27 വിശ്വസിക്കുന്നവനു സർവ്വതും സാധ്യം

20 തി 1 പത്രോ 3:1-7 ഭാര്യാഭർത്താക്കന്മാരുടെ കടമ.
ലൂക്കാ 20:27-40 അവിടുന്ന് ജീവിക്കുന്നവരുടെ ദൈവം.

21 ചൊ **വി. മത്തായി ശ്ലീഹാ (Propria Vol. III. page 611)**
വട്ടക്കുഴി മാർ മാത്യു, അറയ്ക്കൽ മാർ മാത്യു, വാണിയക്കിഴക്കേൽ മാർ മാത്യു, മൂലക്കാട്ട് മാർ മാത്യു, ആനിക്കുഴിക്കാട്ടിൽ മാർ മാത്യു എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.
1 ദിന 29:10-19 കർത്താവ് എന്നേക്കും വാഴ്ത്തപ്പെട്ടവൻ.
എസെ 1:1-14 എസെക്കിയേലിന്റെ ദൈവദർശനം
ഹെബ്രാ 11:23-26 മിശിഹായെപ്രതി സഹിക്കണം.
മത്താ 9:9-13 ലേവിയെ ശിഷ്യനാക്കുന്ന ഈശോ.

22 ബു 2 തിമോ 1:8-14 കർത്താവിന് സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത്.
ലൂക്കാ 5:33-39 പുതിയ വീഞ്ഞ് പുതിയ തോൽക്കുടങ്ങളിൽ

23 വ്യാ 2 പത്രോ 1:10-15 സത്യത്തിൽ ഉറച്ചുനില്ക്കുക.
മത്താ 11:1-6 മിശിഹായിൽ ഇടർച്ച തോന്നാത്തവൻ ഭാഗ്യവാൻ.

24 വെ 2 തിമോ 2:8-13 മിശിഹായോടുകൂടെ മരിക്കുന്നവൻ അവനോടുകൂടെ ജീവിക്കും.
ലൂക്കാ 11:14-23 എന്നോടുകൂടെയല്ലാത്തവൻ എനിക്കെതിരാണ്.

25 ശ 2 തിമോ 2:1-7 മിശിഹായുടെ നല്ല പടയാളി.
ലൂക്കാ 4:31-37 ഇവൻ അധികാരത്തോടെ കല്പിക്കുന്നു.

26 ഞാ ✠ **ഏലിയാ സ്ലീവാ മൂശ അഞ്ചാം ഞായർ**
**(സ്ലീവ രണ്ടാം ഞായർ) (Propria Vol. IV. page 797)**
അടുത്തത് ആദ്യവെള്ളി.
നിയ 9:13-24 തിന്മ ചെയ്യുന്നവരെ ശിക്ഷിക്കുന്ന ദൈവം.
ഏശ 26:1-19 ശാശ്വത അഭയശിലയായ ദൈവം.
ഫിലി 4:4-9 (4:4-23) എപ്പോഴും കർത്താവിൽ സന്തോഷിക്കുക.
മത്താ 15:21-28 അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ഈശോ.

27 തി ഫിലി 1:19-26 എനിക്കു ജീവിതം മിശിഹാ.
മത്താ 8:1-4 കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന ഈശോ.

**വി. വിൻസെന്റ് ഡി പോൾ (Propria Vol. IV. page 912)**
1 കോറി 1:26-31 ദൈവം നമ്മെ തെരഞ്ഞെടുത്തു.
മത്താ 9:35-38 നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ച ഈശോ.

28 ചൊ റോമാ 3:1-8 നീതിമാനും വിശ്വസ്തനുമായ ദൈവം.
ലൂക്കാ 11:5-13 പ്രാർത്ഥനയുടെ ശക്തി.

29 ബു 1 കോറി 8:7-13 നിങ്ങളുടെ സ്വാതന്ത്ര്യം മറ്റുള്ളവർക്ക് തിന്മയ്ക്കു കാരണമാകരുത്.
മർക്കോ 4:35-41 ധൈര്യമായിരിക്കുക, ഇത് ഞാനാണ്.

**വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ**
വെളി 12:7-12 മിഖായേലും ദൂതന്മാരും.
യോഹ 1:43-49 മാലാഖമാർ കയറിപ്പോകുന്നതും ഇറങ്ങിവരുന്നതും.

30 വ്യാ റോമാ 15:14-21 വിജാതീയർക്കുവേണ്ടി മിശിഹായുടെ ശുശ്രൂഷകനായ പൗലോസ്.
മർക്കോ 9:33-37 സർഗ്ഗരാജ്യത്തിലെ വലിയവൻ.

**വി. ജെറോം (Propria Vol. IV. page 941)**
നിയ 7:1-11 നിങ്ങൾ ഒരു വിശുദ്ധ ജനം.
പ്രഭാ 24:12-17 ജറീക്കോയിലെ പനിനീർച്ചെടിപോലെ.
2 തിമോ 3:12-17 വിശുദ്ധജീവിതം ദൈവാഭിലാഷം.
മത്താ 13:44-52 ദൈവരാജ്യത്തെപ്പറ്റി ഉപമകൾ.

# 2010 ഒക്ടോബർ
# ഏലിയാ-സ്ലീവാ-മൂശ-പള്ളിക്കൂദാശക്കാലങ്ങൾ

1 വെ തുരുത്തിമറ്റം മാർ തോമസ് മെത്രന്റെ അഭിഷേകം.
ആദ്യവെള്ളിയാഴ്ച
1 പത്രോ 2:11-19 ശാരീരികപ്രവണതകളിൽനിന്ന് ഒഴിഞ്ഞ് നില്ക്കുവിൻ.
മത്താ 8:14-22 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

**വി. കൊച്ചുത്രേസ്യ ക. മ. (Propria Vol. IV. page 912)**
നിയ 32:8-12 കർത്താവിന്റെ ഓഹരി.
ഏശ 66:12-24 അമ്മയെപ്പോലെ ആശ്വസിപ്പിക്കുന്ന ദൈവം.
എഫേ 3:14-19 മിശിഹായുടെ സ്നേഹം നമ്മുടെ ശക്തി.
മത്താ 18:1-5 ശിശുക്കളെപ്പോലെയാവുക.

2 ശ എഫേ 6:8-20 നിരന്തരം പ്രാർത്ഥിക്കുവിൻ.
മർക്കോ 11:15-18 ഈശോയുടെ പ്രബോധനത്തിൽ ജനങ്ങൾക്ക് വിസ്മയം.

**കാവൽമാലാഖ**
അപ്പ 12:6-11 കർത്താവ് തന്റെ ദൂതനെ അയച്ച് എന്നെ രക്ഷിച്ചിരിക്കുന്നു.
മത്താ 18:1-6, 10-11 ഇവരുടെ ദൂതന്മാർ നിരന്തരം ദൈവത്തെ കാണുന്നു.

3 ഞാ **✠ ഏലിയാ സ്ലീവാ മൂശ ആറാം ഞായർ**
**(സ്ലീവ മൂന്നാം ഞായർ) (Propria Vol. IV. page 806)**
നിയ 10:12-22 ദൈവം അനുസരണം ആവശ്യപ്പെടുന്നു.
ഏശ 33:1-14 ദൈവത്തോടു കരുണ യാചിക്കുന്ന ഇസ്രായേൽ.
1 കോറി 14:31-40 (14:1, 3, 20-21, 26, 31-40) നമ്മുടെ ദൈവം സമാധാനത്തിന്റെ ദൈവം.
മത്താ 18:1-9 (18:1-18) ദുഷ്പ്രേരണകൾ നല്കരുത്.

4 തി കോക്കാട്ട് മാർ ഡൊമിനിക് മെത്രാന്റെ അഭിഷേകം (1984)
1 തിമോ 6:11-16 വിശ്വാസത്തിനുവേണ്ടി പോരാടുക.
ലൂക്കാ 20:9-19 മുന്തിരിത്തോട്ടവും കൃഷിക്കാരും.
**വി. ഫ്രാൻസിസ് അസ്സീസി (Propria Vol. IV. page 912)**
നിയ 15:7-11 ദരിദ്രരെ സഹായിക്കുക.
ഏശ 6:1-7 ഏശയ്യായുടെ ദൈവദർശനം.
ഗലാ 6:14-18 മിശിഹായെപ്രതി ലോകത്തിന് ക്രൂശിക്കപ്പെടുക.
മത്താ 11:25-30 ക്ലേശിതർക്കാശ്രയമായ ഈശോ.

5 ചൊ 1 തിമോ 6:17-21 ധനവാന്മാർ ഔദ്ധത്യം ഉപേക്ഷിക്കണം.
മത്താ 19:16-22 എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക.

6 ബു കുന്നത്ത് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1999)
എഫേ 5:16-21 കർത്താവിന്റെ അഭീഷ്ടമനുസരിച്ച് ജീവിക്കുക.
മർക്കോ 6:30-34 ഇടയനില്ലാത്ത ആടുകളെപ്പോലെ.

7 വ്യാ 1 യോഹ 5:13-21 ദൈവത്തിൽനിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല.
യോഹ 8:39-47 ദൈവത്തിൽനിന്നുള്ളവൻ വചനം ശ്രവിക്കുന്നു.

8 വെ 1 കോറി 14:20-25 ചിന്തയിൽ പക്വമതികളാകുവിൻ.
മത്താ 18:10-14 വഴിതെറ്റിയ ആടിന്റെ ഉപമ.

9 ശ കാവുകാട്ട് മാർ മാത്യു മെത്രാപ്പോലീത്തായുടെ ചരമം (1969)
1 പത്രോ 3:18-22 മിശിഹാ പാപങ്ങൾക്കുവേണ്ടി ഒരിക്കൽ മരിച്ചു.
മർക്കോ 9:14-29 എന്റെ അവിശ്വാസം പരിഹരിച്ച് എന്നെ സഹായിക്കണേ.

10 ഞാ **✠ ഏലിയാ സ്ലീവാ മൂശ ഏഴാം ഞായർ (മൂശ ഒന്നാം ഞായർ) (Propria Vol. IV. page 825)**
നിയ 11:1-12 എന്റെ കല്പനകൾ പാലിച്ചാൽ നിങ്ങൾ ശക്തരാകും.
ഏശ 40:1-17 ജനത്തിന് ആശ്വാസം നല്കുന്ന കർത്താവ്.
2 കോറി 1:23-2:11 (1:23-2:16) എല്ലാ കാര്യത്തിലും അനുസരണയുള്ളവരാകുക.
മത്താ 20:1-16 മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ

11 തി 2 തിമോ 3:10-17 വിശുദ്ധജീവിതം ആഗ്രഹിക്കുന്നവർക്ക് പീഡനം.
മത്താ 13:10-17 ഉപമയുടെ ഉദ്ദേശ്യം.

12 ചൊ 2 തിമോ 4:1-6 വചനം പ്രസംഗിക്കുക.
യോഹ 4:27-38 നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്കുണ്ട്.

13 ബു 2 യോഹ 1:4-11 അവിടുത്തെ കല്പനയനുസരിച്ച് ജീവിക്കുന്നതാണ് സ്നേഹം.
ലൂക്കാ 18:1-8 തിരഞ്ഞെടുക്കപ്പെട്ടവർക്ക് നീതി നടത്തിക്കൊടുക്കുന്ന ദൈവം.

14 വ്യാ 2 തിമോ 2:14-20 വിശ്വസ്തനായ ഭൃത്യനെപ്പോലെ.
മർക്കോ 4:26-34 ദൈവരാജ്യത്തെപ്പറ്റി ഉപമകൾ.

15 വെ തീത്തോ 3:9-15 സത്പ്രവൃത്തികളിൽ വ്യാപരിക്കുക.
ലൂക്കാ 9:44-48 ഏറ്റവും ചെറിയവൻ ഏറ്റവും വലിയവൻ.

**ആവിലായിലെ വി. ത്രേസ്യ ക. മ.**
**(Propria Vol. IV. page 941)**
നിയ 11:10-15 കർത്താവിന്റെ കല്പനകൾ പാലിക്കുക.
ഏശ 61:10-11 ഞാൻ കർത്താവിൽ ആനന്ദിക്കും.
കൊളോ 2:20-3:4 ഞാൻ മിശിഹായോടൊപ്പം ഉയിർപ്പിക്കപ്പെടും.
മത്താ 11:25-30 ക്ലേശിതർക്കാശ്രയമായ ഈശോ.

16 ശ **വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ**
**(Propria Vol. IV. page 901)**
ഉത്പ 12:1-4 ദൈവം അബ്രാമിനെ വിളിക്കുന്നു.
ഏശ 44:1-4 നിന്റെ മക്കളുടെമേൽ ഞാൻ അനുഗ്രഹം വർഷിക്കും.
1 പത്രോ 4:12-19 ദൈവഹിതമനുസരിച്ചു ജീവിക്കുക.
യോഹ 10:1-15 ഞാൻ നല്ല ഇടയനാണ്.

**അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (17 ഞായർ)**
**(Propria Vol. I. page 289)**
2 സാമു 22:31-35 തന്നിൽ ആശ്രയിക്കുന്നവരുടെ പരിചയായ കർത്താവ്.
ജ്ഞാനം 3:1-6 നീതിമാന്റെ ആത്മാവ് ദൈവകരങ്ങളിൽ.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ഒന്നും നമ്മെ വേർപെടുത്തരുത്.
യോഹ 12:20-26 ഗോതമ്പുമണിപോലെ നിലത്തുവീണ് അഴിയുക.

17 ഞാ ✠ **ഏലിയാ സ്ലീവാ മൂശ എട്ടാം ഞായർ (മൂശ രണ്ടാം ഞായർ) (Propria Vol. IV. page 834)**
അടുത്ത ഞായർ മിഷൻ ഞായർ, (പ്രത്യേക പിരിവ്)
നിയ 11:13-12:1 കർത്താവിന്റെ നിയമം മനസ്സിലും ഹൃദയത്തിലും.
ഏശ 41:1-7 (40:18-41:7) ആസന്നമായ വിമോചനം.
ഗലാ 5:16-26 (5:1-26) ജഡത്തിന്റെ വ്യാപാരങ്ങളും ആത്മാവിന്റെ ഫലങ്ങളും.
ലൂക്കാ 8:41-56 മിശിഹായിലുള്ള വിശ്വാസം രക്ഷയുടെ അടിസ്ഥാനം.

18 തി **വി. ലൂക്കാ സുവിശേഷകൻ (Propria Vol. I. page 131)**
തോബി 12:6-15 നീതി പ്രവർത്തിക്കുന്നവന് ജീവിതപൂർണ്ണത
പ്രഭാ 38:1-9 വൈദ്യനും രോഗശാന്തിയും
കൊളോ 4:10-15 (4:10-15 + 2 കോറി 8:16-24 ) പൗലോസിനോടൊപ്പം ലൂക്കാ സുവിശേഷം പ്രസംഗിക്കുന്നു.
ലൂക്കാ 10:1-9 എഴുപത്തിരണ്ട് ശിഷ്യന്മാർ.

19 ചൊ ഹെബ്രാ 10:1-10 നിയമം വരാനിരിക്കുന്നവരുടെ നിഴൽ.
ലൂക്കാ 5:17-26 എഴുന്നേറ്റ് കിടക്കയുമെടുത്ത് വീട്ടിലേക്കു പോവുക.

20 ബു ഹെബ്രാ 10:11-18 പാപങ്ങൾക്കുവേണ്ടി അർപ്പിക്കപ്പെട്ട ഏകബലി.
മത്താ 16:5-12 ഫരിസേയരുടെയും സദ്ദുക്കായരുടെയും പുളിമാവ്.

21 വ്യാ ഹെബ്രാ 1:1-11 അങ്ങു മാത്രം നിത്യം നിലനില്ക്കും.
മത്താ 11:7-15 സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ യോഹന്നാനെക്കാൾ വലിയവൻ.

22 വെ വടക്കേൽ മാർ ജോൺ മെത്രാന്റെ അഭിഷേകം.
ഹെബ്രാ 10:19-25 മിശിഹായുടെ ശരീരമാകുന്ന വിരിയിലൂടെ.
മത്താ 18:10-24 ആരും നശിക്കുവാൻ പിതാവിഷ്ടപ്പെടുന്നില്ല.

23 ശ ഗലാ 6:11-18 എന്റെ മേന്മ കർത്താവിന്റെ കുരിശിൽ മാത്രം.
ലൂക്കാ 4:38-44 അവൾ എഴുന്നേറ്റ് അവനെ ശുശ്രൂഷിച്ചു.

24 ഞാ ✠ **ഏലിയാ സ്ലീവാ മൂശ ഒമ്പതാം ഞായർ (മൂശ മൂന്നാം ഞായർ)**
**(Propria Vol. IV. page 842)**
**മിഷൻ ഞായർ (പ്രത്യേക പിരിവ്).**
നിയ 13:12-18 അന്യദേവന്മാരെ ആരാധിക്കരുത്.
ഏശ 41:8-20 ഇസ്രായേൽ എന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ.
ഗലാ 6:1-10 (6:1-18) പരസ്പരം ഭാരം വഹിക്കുക.
മത്താ 8:23-34 (8:23-9:9) പിശാചുബാധിതനെ സുഖപ്പെടുത്തുന്ന ഈശോ.
**മിഷൻ ഞായർ**
അപ്പ 22:6-21 വിജാതീയരുടെ അപ്പസ്തോലൻ.
മത്താ 28:16-20 പ്രേഷിതദൗത്യം.

25 തി അരുമച്ചാടത്ത് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2008)
റോമാ 14:10-12 ദൈവത്തിന്റെ മുമ്പിൽ കണക്കു കൊടുക്കണം.
മത്താ 25:1-13 വിളക്കു കൊളുത്തി കാത്തിരിക്കുക.

26 ചൊ റോമാ 8:26-30 നമ്മുടെ ബലഹീനതയിൽ സഹായിക്കുന്ന ആത്മാവ്.
മർക്കോ 10:13-16 സ്വർഗ്ഗരാജ്യം ശിശുക്കളെപ്പോലെയുള്ളവർക്ക്.

27 ബു ഹെബ്രാ 13:1-6 അവിടുന്ന് നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ല.
മത്താ 12:46-50 പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവർ മിശിഹായുടെ സ്വന്തം.

28 വ്യാ **വി. ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ**
**(Propria Vol. III. page 611)**
പണ്ടാരശ്ശേരി മാർ ജോസ് മെത്രാന്റെ അഭിഷേകം.
പുറ 15:11-13 വിശുദ്ധിയിൽ മഹത്ത്വപൂർണ്ണമായ കർത്താവ്.
ജ്ഞാനം 10:15-21 ജ്ഞാനം മൂകരുടെ വായ് തുറക്കും.
എഫേ 6:10-17 സത്യംകൊണ്ട് അരമുറുക്കി ഉറച്ചുനില്ക്കുക.
യോഹ 15:18-25 മിശിഹാ നമ്മെ തിരഞ്ഞെടുത്തു.

29 വെ 1 യോഹ 2:18-21 പരിശുദ്ധനായവൻ നിങ്ങളെ അഭിഷേകം ചെയ്തിരിക്കുന്നു.
മത്താ 24:3-14 ക്ലേശങ്ങളുടെ ആരംഭം.

30 ശ 1 തെസ 4:9-12 സ്നേഹത്തിൽ ഉത്തരോത്തരം അഭിവൃദ്ധിപ്പെടണം.
യോഹ 11:1-6 അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം.

# പള്ളിക്കൂദാശക്കാലം

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. ഈ കാലത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പല അഭിപ്രായങ്ങളും ഉണ്ടെങ്കിലും പ്രാർത്ഥനകളിൽനിന്ന് മനസ്സിലാകുന്നത് ഇത് "സഭാസമർപ്പണ"കാലം ആണെന്നാണ്. ഇതിന്റെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം കൊണ്ടാടുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജെറുസലമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. വരാൻ പോകുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനമാണിത്.

അങ്ങനെ ഈശോയുടെ ജനനത്തോടുകൂടി ആരംഭിച്ചു തിരുസ്സഭയിലൂടെ സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ എന്ന സത്യം ആരാധനാവത്സരം നമ്മെ അനുസ്മരിപ്പിക്കുന്നു.

31 ഞാ ✠ **പള്ളിക്കൂദാശ ഒന്നാം ഞായർ (Propria Vol. IV. page 860)**
അടുത്തത് ആദ്യവെള്ളിയാഴ്ച
പുറ 40:17-38 കർത്താവിന്റെ സാന്നിദ്ധ്യം സമാഗമകൂടാരത്തിൽ.
ഏശ 6:1-13 ഏശയ്യായുടെ ദൈവദർശനം.
1 കോറി 12:28-13:13 സ്നേഹം ഏറ്റവും ശ്രേഷ്ഠം.
മത്താ 16:13-19 ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും.

.

# 2010 നവംബർ
## പള്ളിക്കൂദാശ-മംഗലവാർത്താക്കാലങ്ങൾ

1 തി 1 തിമോ 4:1-5 ദൈവവചനവും പ്രാർത്ഥനയുംവഴി വിശുദ്ധി.
മത്താ 5:38-42 തിന്മയെ നന്മകൊണ്ട് ജയിക്കുക.

**സകല വിശുദ്ധരുടെയും തിരുനാൾ**
**(Propria Vol. II. page 406)**
1 യോഹ 3:1-3 ദൈവം പ്രത്യക്ഷനാകുമ്പോൾ നമ്മൾ അവിടുത്തെ കാണും.
മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ.

2 ചൊ **സകല മരിച്ചവരുടെയും ഓർമ്മ**
**(Propria Vol. I. page 230)**
എസെ 37:1-14 കർത്താവ് നിങ്ങളെ ജീവിപ്പിക്കും.
2 മക്ക 12:38-45 മരിച്ചവർ ഉയിർക്കുമെന്ന് പ്രതീക്ഷ.
1 കോറി 15:51-58 അവസാനം മരണവും ഇല്ലാതാകും.
യോഹ 11:17-27 പുനരുത്ഥാനവും ജീവനുമായ ഈശോ.

2 തെസ 3:13-18 സഹോദരന് നന്മ ചെയ്യുക.
മർക്കോ 2:13-17 രോഗികൾക്കാണ് വൈദ്യനെക്കൊണ്ടാവശ്യം.

3 ബു വെളി 2:1-11 നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവിടിഞ്ഞു.
മത്താ 6:22-24 കണ്ണ് ശരീരത്തിന്റെ വിളക്ക്.

4 വ്യാ 1 കോറി 15:35-41 വിതയ്ക്കുന്ന വിത്ത് നശിക്കണം.

മത്താ 25:14-30 നല്ലവനും വിശ്വസ്തനുമായ ഭൃത്യൻ

5 വെ ആദ്യവെള്ളിയാഴ്ച
വെളി 3:8-13 പരീക്ഷകളിൽ ഉറച്ചുനില്ക്കുന്നവന് ദൈവികസംരക്ഷണം
മത്താ 9:32-38 ഇടയനില്ലാത്ത ആടുകളെപ്പോലെ
**വി. സക്കറിയയും എലിസബത്തും**

6 ശ ആലപ്പാട്ട് മാർ ജോർജ്ജ് മെത്രാന്റെ ചരമം (1973), മുണ്ടാടൻ മാർ ഗ്രേഷ്യൻ മെത്രാന്റെ അഭിഷേകം (1977)
ഹെബ്രാ 12:1-6 മിശിഹായെ മുന്നിൽ കണ്ടുകൊണ്ട് ഓടുക.
ലൂക്കാ 8:26-39 പിശാചുബാധിതനെ സുഖപ്പെടുത്തുന്ന ഈശോ.

7 ഞാ **✠ പള്ളിക്കൂദാശ രണ്ടാം ഞായർ (Propria Vol. IV. page 872)**
പുറ 40:1-16 (39:32-40:16) മോശയും കൂടാരപ്രതിഷ്ഠയും.
1 രാജാ 8:10-29 ബലിപീഠത്തിനു മുമ്പിൽ സോളമന്റെ പ്രാർത്ഥന.
ഹെബ്രാ 8:1-13 (8:1-9:10) പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ മിശിഹാ.
മത്താ 12:1-14 (12:1-21) മിശിഹാ ദേവാലയത്തെക്കാൾ ശ്രേഷ്ഠൻ.

8 തി ഹെബ്രാ 12:7-13 സഹനം ശിക്ഷണത്തിനുവേണ്ടി.
ലൂക്കാ 9:57-62 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

9 ചൊ ഹെബ്രാ 12:14-17 കർത്താവിനെ ദർശിക്കാൻ വിശുദ്ധി ആവശ്യം.
ലൂക്കാ 5:1-11 കർത്താവേ, പാപിയായ എന്നിൽനിന്നകന്നുപോകണമേ.

10 ബു 1 കോറി 4:1-5 ഞങ്ങൾ ദൈവികരഹസ്യത്തിന്റെ കാര്യസ്ഥർ.
മത്താ 19:16-22 ജീവനിൽ പ്രവേശിക്കണമെങ്കിൽ കല്പനകൾ അനുസരിക്കുക.

11 വ്യാ ഹെബ്രാ 6:7-12 വാഗ്ദാനത്തിന്റെ അവകാശികളെ അനുകരിക്കുക.
മത്താ 13:1-9 വിതയ്ക്കപ്പെട്ട വചനം

12 വെ 2 കോറി 4:11-15 ഞങ്ങൾ ഈശോയെപ്രതി സദാ മരണത്തിന് ഏല്പിക്കപ്പെടുന്നു.
മത്താ 19:23-30 ദൈവത്തിന് എല്ലാം സാധ്യം.

13 ശ 2 കോറി 11:7-15 വ്യാജ അപ്പസ്തോലന്മാർ.
മത്താ 21:23-27 ഈശോയുടെ അധികാരം.

14 ഞാ **✠ പള്ളിക്കൂദാശ മൂന്നാം ഞായർ (Propria Vol. IV. page 882)**
അടുത്ത ഞായർ സമ്പർക്കമാധ്യമദിനം. (പ്രത്യേക പിരിവ്)
അടുത്ത ഞായർ മിശിഹായുടെ രാജത്വത്തിരുനാൾ.
സംഖ്യ 7:1-11 (7:1-10 +9:15-18) കൂടാരപ്രതിഷ്ഠയ്ക്കുള്ള കാഴ്ചകൾ
ഏശ 54:1-15 പുതിയ ജറുസലം
ഹെബ്രാ 9:1-15 പഴയതും പുതിയതുമായ ഉടമ്പടി
യോഹ 2:13-22 ഈശോയുടെ ശരീരം യഥാർത്ഥ ദേവാലയം.

15 തി ഗലാ 4:12-20 മിശിഹാ നിങ്ങളിൽ രൂപപ്പെടും.
ലൂക്കാ 10:17-20 നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു.

16 ചൊ സീറോ മലബാർ ഹൈരാർക്കി സ്ഥാപനപരസ്യം (1924).
3 യോഹ 5-12 നന്മ പ്രവർത്തിക്കുന്നവൻ ദൈവത്തിന്റെ സ്വന്തം.
ലൂക്കാ 22:24-30 ഞാൻ നിങ്ങളുടെ ഇടയിൽ പരിചാരകനെപ്പോലെ.

17 ബു യൂദാ 1:17-25 നിത്യജീവിതത്തിനായി ദൈവസ്നേഹത്തിൽ നിങ്ങളെ കാത്തുകൊള്ളുക.
യോഹ 4:43-54 പോയ്ക്കൊള്ളുക, നിന്റെ മകൻ ജീവിക്കും.

18 വ്യാ 2 കോറി 11:16-21 പൗലോസിന്റെ സഹനം.
ലൂക്കാ 10:8-16 എന്നെ നിരസിക്കുന്നവൻ എന്നെ അയച്ചവനെ നിരസിക്കുന്നു.

19 വെ ഹെബ്രാ 13:9-16 ഇവിടെ നമുക്ക് നിലനില്ക്കുന്ന നഗരമില്ല.
ലൂക്കാ 11:1-14 ഈശോ പഠിപ്പിച്ച പ്രാർത്ഥന.

20 ശ കൊളോ 4:2-6 നിങ്ങളുടെ സംസാരം കരുണാമസൃണവും ഹൃദ്യവുമാകണം.
മത്താ 16:21-28 മിശിഹായുടെ ശിഷ്യൻ സ്വയം ത്യജിക്കണം.

21 ഞാ ✠ **പള്ളിക്കൂദാശ നാലാം ഞായർ (Propria Vol. IV. page 891)**
**മിശിഹായുടെ രാജത്വത്തിരുനാൾ**
സമ്പർക്കമാധ്യമദിനം. പ്രത്യേക പിരിവ്.
വയലിൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം (1986)
1 രാജാ 6:1-19 സോളമന്റെ ദേവാലയനിർമ്മാണം.
എസെ 43:1-7 (43:1-7 + 44:1-5) കർത്താവിന്റെ മഹത്ത്വം മടങ്ങിവരുന്നു.
ഹെബ്രാ 9:15-28 മിശിഹാ നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ പ്രവേശിച്ചു.
മത്താ 22:41-23:12 (22:41-23:22) ദാവീദിന്റെ പുത്രനായ ഈശോ.

22 തി വെളി 19:5-10 കുഞ്ഞാടിന്റെ വിരുന്നിന് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ
മത്താ 22:1-14 വിളിക്കപ്പെട്ടവർ വളരെ, തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം.

23 ചൊ വെളി 4:1-11 മിശിഹാ സർവ്വമഹത്ത്വത്തിനും അർഹൻ
മത്താ 12:22-32 ദൈവരാജ്യം നിങ്ങളിൽ വന്നുകഴിഞ്ഞിരിക്കുന്നു.

24 ബു വെളി 21:9-21 സ്വർഗ്ഗീയ ജറുസലേം.
ലൂക്കാ 9:7-17 നിങ്ങൾതന്നെ അവർക്ക് ഭക്ഷണം കൊടുക്കുക.

25 വ്യാ വെളി 19:11-16 രാജാക്കന്മാരുടെ രാജാവായ മിശിഹാ
യോഹ 18:28-37 മിശിഹായുടെ രാജ്യം ഐഹികമല്ല.

26 വെ 1 തെസ 4:1-8 നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവാഭിലാഷം.
മർക്കോ 5:25-34 വിശ്വാസത്തിനു പ്രതിഫലം നല്കുന്ന ഈശോ

27 ശ വെളി 21:1-8 പുതിയ ആകാശവും പുതിയ ഭൂമിയും
യോഹ 17:12-19 എന്റെ സന്തോഷം അതിന്റെ പൂർണ്ണതയിൽ എന്റെ ശിഷ്യർക്ക്

## മംഗലവാർത്തക്കാലം

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനാവൽസരം ആരംഭിക്കുന്നത് മംഗളവാർത്തക്കാലത്തോടുകൂടിയാണ്. ഡിസംബർ 25-ാം തീയതി ആഘോഷിക്കപ്പെടുന്ന ഈശോയുടെ ജനനത്തിന് ഒരുക്കമായുള്ള നാല് ആഴ്ചകൾ കൂടിയതാണ് ഈ കാലം. തിരുപ്പിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ നോമ്പ് ഈയവസരത്തിൽ ആചരിക്കുന്നതുകൊണ്ടാണ് ഈ കാലത്തിന് '25 നോമ്പ്' എന്നു പറയുന്നത്.

ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരപ്രവൃത്തികൾ ആരംഭിക്കുന്നത് അവിടുത്തെ ജനനത്തോടുകൂടിയാണല്ലോ. സുറിയാനി ഭാഷയിൽ 'സുബാറാ' എന്നാണ് ഈ കാലഘട്ടത്തിന്റെ പേര്. 'പ്രഖ്യാപനം', 'അറിയിപ്പ്' എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ ഗബ്രിയേൽ ദൂതൻ പരിശുദ്ധ കന്യകാമറിയത്തെ അറിയിച്ചത്. അങ്ങനെ സമയത്തിന്റെ തികവിൽ പൂർത്തിയായ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ കാലം രൂപപ്പെടുത്തിയിരിക്കുന്നത്. അവിടുത്തെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള മുന്നറിയിപ്പും അദ്ദേഹത്തിന്റെ ജനനവും അടങ്ങുന്ന മംഗളസംഭവവും ഈ ദിവസങ്ങളിൽ സഭ അനുസ്മരിക്കുന്നു. ഈശോയുടെ മനു

ഷ്യാവതാര രഹസ്യം കൊണ്ടാടുന്നതിന് ഒരുക്കമായി മനുഷ്യസൃഷ്ടി മുതൽ ആദിമാതാപിതാക്കളുടെ അനുസരണക്കേടും അതിന്റെ അനന്തരഫലങ്ങളും, അധഃപതിച്ച മനുഷ്യവംശത്തിന്റെ പരിതാപകരമായ അവസ്ഥ, ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനം, മാനവവംശവുമായി അവിടുന്ന് ചെയ്ത ഉട മ്പടി, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ തുടങ്ങിയവയും ഈ കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനു രക്ഷാകരചരിത്രത്തിലുള്ള പങ്കും ഈ കാലത്തിൽ നാം ചിന്താവിഷയമാക്കുന്നു.

സ്വന്തം ദയനീയാവസ്ഥയെക്കുറിച്ചു ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയനിയമ ജനതയെപ്പോലെ, പുതിയ നിയമത്തിലെ ജനത തങ്ങ ളുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹാ യിലേക്കു നടന്നടുക്കണമെന്നും മിശിഹായ്ക്കു പിറക്കുവാൻ തങ്ങളുടെ ഹൃദ യങ്ങളിൽ ഇടം നല്കണമെന്നും ഈ കാലത്തിലെ വി. ഗ്രന്ഥവായനകളും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

28 ഞാ ✠ **മംഗലവാർത്ത ഒന്നാം ഞായർ (Propria Vol. I. page 9)**
മനത്തോടത്ത് മാർ ജേക്കബ് മെത്രാന്റെ അഭിഷേകം (1992)
ഒന്നാം തീയതി ഇരുപത്തഞ്ച് നോമ്പ് ആരംഭം.
അടുത്ത ബുധനാഴ്ച പാതിരാമുതൽ പിറവിത്തിരുനാൾവരെ
വിവാഹാഘോഷം മുടക്ക്.
അടുത്തത് ആദ്യവെള്ളിയാഴ്ച.
ഉത്പ 17:15-22 (17:1-27) ഇസഹാക്കിന്റെ ജനനത്തെക്കുറിച്ച് മുന്നറിയിപ്പ്
ഏശ 42:18-25 (42:18-43:13) ജനത്തിന്റെ അന്ധത
എഫേ 5:21-6:4 പരസ്പരവിധേയത്വം
ലൂക്കാ 1:5-25 (1:1-25) യോഹന്നാന്റെ ജനനത്തെക്കുറിച്ച് മുന്നറിയിപ്പ്.

29 തി ഗലാ 3:10-14 നീതിമാൻ വിശ്വാസംമൂലം ജീവിക്കും.
ലൂക്കാ 9:37-43 വിശ്വാസമില്ലാത്ത വഴിപിഴച്ച തലമുറ.

30 ചൊ **അന്ത്രയോസ് ശ്ലീഹ (Propria Vol. III. page 611)**
താഴത്ത് മാർ ആൻഡ്രൂസ് മെത്രാന്റെ നാമഹേതുകതിരുനാൾ.
ഇന്ന് പാതിരാ മുതൽ പിറവിത്തിരുനാൾ വരെ വിവാഹാഘോഷം മുടക്ക്.
ഉത്പ 28:10-17 യാക്കോബിന്റെ സ്വപ്നം.
സഖ 8:20-23 കർത്താവിന്റെ പ്രീതിക്കായി പ്രാർത്ഥിക്കാം.
റോമാ 10:10-18 സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ ശ്രേഷ്ഠം.
മത്താ 4:18-22 അന്ത്രയോസിനെ വിളിക്കുന്നു.

# 2010 ഡിസംബർ
# മംഗലവാർത്ത-പിറവിക്കാലങ്ങൾ

1 ബു ഇരുപത്തഞ്ച് നോമ്പാരംഭം.
കൊളോ 3:18-25 ജീവിതനിയമം
മർക്കോ 2:18-22 പുതിയ വീഞ്ഞ് പുതിയ തോല്ക്കുടങ്ങളിൽ

2 വ്യാ ഗലാ 3:1-9 വിശ്വാസംവഴി നീതീകരണം.
ലൂക്കാ 9:57-62 കലപ്പയിൽ കൈവച്ച് പിൻതിരിയരുത്.

3 വെ **വി. ഫ്രാൻസിസ് സേവ്യർ (Propria Vol. IV. page 922)**
ആദ്യവെള്ളിയാഴ്ച.
നിയ 26:16-19 നിങ്ങൾ ഒരു വിശുദ്ധ ജനം.
ഏശ 45:20-24 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
2 കോറി 6:3-10 ഞങ്ങൾ ദൈവത്തിന്റെ ദാസന്മാർ.
മർക്കോ 6:7-13 ഈശോ ശിഷ്യരെ അയയ്ക്കുന്നു.

4 ശ റോമാ 13:11-14 രക്ഷ അടുത്തെത്തിയിരിക്കുന്നു.
ലൂക്കാ 3:15-18 മിശിഹായുടെ മുന്നോടിയായ യോഹന്നാൻ.

**5 ഞാ ✠ മംഗലവാർത്ത രണ്ടാം ഞായർ (Propria Vol. I. page 19)**
(മംഗലവാർത്തത്തിരുനാൾ)
അടുത്ത ബുധനാഴ്ച അമലോത്ഭവത്തിരുനാൾ
സംഖ്യ 22:30-35 (22:20-23:2) ഞാൻ നിന്നോടു പറയുന്നതുമാത്രം പറയുക.
ഏശ 43:14-28 (43:14-44:5) കർത്താവിനോടു വിശ്വസ്തത കാണിക്കാത്ത ജനം.
കൊളോ 4:2-6 (4:2-18) കൃതജ്ഞതയോടെ പ്രാർത്ഥിക്കുക.
ലൂക്കാ 1:26-38 (1:26-56) ഈശോയുടെ ജനനത്തെക്കുറിച്ചുള്ള മംഗളവാർത്ത

6 തി കൊളോ 1:15-20 മിശിഹാ ദൈവത്തിന്റെ പ്രതിരൂപവും ആദ്യജാതനും.
മത്താ 12:14-21 അവന്റെ നാമത്തിൽ വിജാതീയർക്കും പ്രത്യാശ.

7 ചൊ എഫേ 1:3-12 ദൈവം മുൻകൂട്ടി തെരഞ്ഞെടുത്തവൻ.
യോഹ 8:21-30 പിതാവിനെക്കുറിച്ച് സംസാരിക്കുന്ന ഈശോ.
**വി. അംബ്രോസ് മെ. മ. (Propria Vol. IV. page 941)**
നിയ 7:1-11 നിങ്ങൾ ഒരു വിശുദ്ധ ജനം.
പ്രഭാ 15:1-6 നീതിമാന്റെ സമ്മാനം.
2 തിമോ 4:1-8 നീതിയുടെ കിരീടം.
ലൂക്കാ 14:25-33 ശിഷ്യത്വത്തിന്റെ വില.

8 ബു **പ. ക. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ**
**(Propria Vol. I. page 248)**
പ്രഭാ 24:1-14 (24:1-34) ജ്ഞാനത്തിന്റെ മാഹാത്മ്യം.
ജ്ഞാനം 8:1-10 (7:21-8:10) ജ്ഞാനം അനുഗ്രഹത്തിന്റെ ഉറവിടം.
ഹെബ്രാ 1:1-3 + 2:16-18 ദൈവപുത്രൻ
ലൂക്കാ 1:46-55 (മത്താ 1:1-17 + ലൂക്കാ 1:46-55) മറിയത്തിന്റെ സ്തോത്രഗീതം.

9 വ്യാ പഴേപറമ്പിൽ മാർ ലൂയിസ് മെത്രാന്റെ ചരമം (1919)
1 യോഹ 3:1-10 ദൈവത്തിൽനിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല.
യോഹ 1:1-8 വെളിച്ചത്തിനു സാക്ഷ്യംവഹിച്ച യോഹന്നാൻ.

10 വെ 1 തിമോ 1:12-17 പാപികളെ രക്ഷിക്കാൻ വന്ന ഈശോ.
ലൂക്കാ 3:1-6 രക്ഷകന്റെ പാത ഒരുക്കുവിൻ.

11 ശ റോമാ 12:9-18 അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ.
മർക്കോ 3:31-35 ദൈവഹിതം നിറവേറ്റുന്നവർ ഈശോയുടെ അമ്മയും സഹോദരരും.

**12 ഞാ ✠ മംഗലവാർത്ത മൂന്നാം ഞായർ (Propria Vol. I. page 29)**
ഉത്പ 18:1-10 (18:1-19) ദൈവം അബ്രാഹത്തെ സന്ദർശിക്കുന്നു.
ന്യായ 13:2-7 (13:2-24) സാംസന്റെ ജനനം.
എഫേ 3:1-13 (3:1-21) വിജാതീയരുടെ അപ്പസ്തോലനായ പൗലോസ്
ലൂക്കാ 1:57-66 (1:57-80) സ്നാപകയോഹന്നാന്റെ ജനനം

13 തി 2 കോറി 8:7-12 കാരുണ്യപ്രവർത്തനങ്ങളിൽ മികച്ചുനില്ക്കുവിൻ.
മത്താ 3:1-6 കർത്താവിന്റെ വഴിയൊരുക്കുവിൻ.

14 ചൊ യാക്കോ 3:13-18 യഥാർത്ഥ ജ്ഞാനം.
മത്താ 20:29-34 ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ.

**കുരിശിന്റെ വി. യോഹന്നാൻ പു. മ. (Propria Vol. IV. page 922)**

1 കോറി 2:1-10 രഹസ്യവും നീഗൂഢവുമായ ദൈവികജ്ഞാനം
ലൂക്കാ 14:25-33 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

15 ബു എഫേ 3:14-21 ക്രിസ്തുവിന്റെ സ്നേഹം
ലൂക്കാ 19:1-10 സക്കേവൂസിന്റെ ഭവനത്തിൽ ഈശോ.

16 വ്യാ എഫേ 2:1-10 രക്ഷ – ദൈവികദാനം
യോഹ 7:40-46 അധികാരികളുടെ അവിശ്വാസം

17 വെ വെളി 12:7-12 ദൈവത്തിന്റെ രക്ഷ ആഗതമായിരിക്കുന്നു.
ലൂക്കാ 10:1-8 എഴുപത്തിരണ്ടു പേരെ അയയ്ക്കുന്നു.

18 ശ കൊളോ 1:10-14 അന്ധകാരത്തെ ഉന്മൂലനം ചെയ്ത മിശിഹാ.
മത്താ 5:17-20 നിയമത്തിന്റെ പൂർത്തീകരണമായ മിശിഹാ

**മൈലാപ്പൂരിലെ അത്ഭുതകുരിശ് (Propria Vol. I. page 256)**

പുറ 17:4-6 പാറയിൽനിന്നുള്ള ജലം.
ജ്ഞാനം 7:7-9 ജ്ഞാനം രത്നത്തെക്കാൾ ശ്രേഷ്ഠം.
എഫേ 2:8-22 എല്ലാവരും മിശിഹായിൽ ഒന്നിപ്പിക്കപ്പെട്ടിരിക്കുന്നു.
യോഹ 14:1-6 വഴിയും സത്യവും ജീവനുമായ മിശിഹാ.

**19 ഞാ ✠ മംഗലവാർത്ത നാലാം ഞായർ (Propria Vol. I. page 38)**
മേനാച്ചേരി മാർ യോഹന്നാൻ മെത്രാന്റെ ചരമം (1919)
ശനിയാഴ്ച ന. ക. ഈശോമിശിഹായുടെ പിറവിത്തിരുനാൾ.
ഉത്പ 24:50-67 ഇസഹാക്ക് റബേക്കയെ സ്വീകരിക്കുന്നു.
1 സാമൂ 1:1-8 സാമുവലിന്റെ ജനനം
എഫേ 5:6-15 (5:5-21) പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ.
മത്താ 1:18-25 യൗസേപ്പിന്റെ ദർശനം

20 തി ഹെബ്രാ 8:1-6 പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായ മിശിഹാ.
യോഹ 3:22-30 അവൻ വളരുകയും ഞാൻ കുറയുകയും വേണം.

21 ചൊ സീറോമലബാർ ഹൈരാർക്കിയുടെ സ്ഥാപനം (1923)
2 കോറി 1:18-22 വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ മിശിഹാ
മത്താ 9:27-31 ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ.

22 ബു എഫേ 1:15-23 സഭ മിശിഹായുടെ ശരീരം.
മർക്കോ 1:1-8 എന്നെക്കാൾ ശക്തനായവൻ എന്റെ പിന്നാലെ വരുന്നു.

23 വ്യാ 2 കോറി 5:17-6:2 ഇതാ രക്ഷയുടെ ദിവസം.
യോഹ 1:11-18 വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു.

24 വെ കൊളോ 1:1-9 ദൈവഹിതത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച വേണം.
യോഹ 13:31-35 പരസ്നേഹം മിശിഹായുടെ ശിഷ്യന്റെ അടയാളം.

## പിറവിക്കാലം

ഈശോമിശിഹായുടെ പിറവിത്തിരുനാൾ മുതൽ ദനഹാത്തിരുനാൾവരെയുള്ള ദിനങ്ങളാണ് പിറവിക്കാലമായി കണക്കാക്കപ്പെടുന്നത്. ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഈശോയെ ദേവാലയത്തിൽ സമർപ്പിക്കുന്ന സംഭവവുമാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ദൈവപുത്രന്റെ ജനനത്തിൽ ഭൂവാസികളും സ്വർഗ്ഗവാസികളും സന്തോഷത്തിലാറാടി. എന്തുകൊണ്ടെന്നാൽ രക്ഷയുടെ ആശാകിരണങ്ങൾ ഉദയം ചെയ്തു. ലോകത്തിനു കൈവന്ന ഈ സൗഭാഗ്യത്തിൽ പങ്കുപറ്റാനുള്ള ആഹ്വാനമാണ് ഈ കാലം നല്കുന്നത്. സൗഭാഗ്യത്തിൽ പങ്കുപറ്റുക എന്നാൽ ക്രിസ്തുവിനെ സ്വന്തമാക്കുകയെന്നാണ്. പാപത്തിനു മരിച്ച്, ക്രിസ്തുവിനെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളുകയാണ് പിറവിക്കാലത്തിന്റെ ചൈതന്യം.

25 ശ **ന. ക. ഈശോമിശിഹായുടെ പിറവിത്തിരുനാൾ**
**(Propria Vol. I. page 48)**
കടമുള്ള ദിവസം
ഏശ 7:10-16 + 9:6-7 (7:10-16 + 9:1-3, 6-7) കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.
മിക്ക 5:2-5, 8-9 (4:1-3 + 5:2-5, 8-9) വരാനിരിക്കുന്ന രാജാവ്
ഗലാ 3:15-25 (3:15-4:6) നീതീകരണത്തിന്റെ അടിസ്ഥാനമായ മിശിഹാ
ലൂക്കാ 2:1-20 ഈശോയുടെ ജനനം

26 ഞാ ✠ പിറവി ഒന്നാം ഞായർ (Propria Vol. I. page 61)
ചൊവ്വാഴ്ച ശിശുദിനം
വെള്ളിയാഴ്ച വർഷാവസാനം
ശനിയാഴ്ച വർഷാരംഭം
ഉത്പ 21:1-8 (21:1-21) ഇസഹാക്കിന്റെ ജനനം.
1 സാമു 1:21-28 (1:19-28) സാമുവൽ കർത്താവിനു സമർപ്പിക്കപ്പെടുന്നു.
ഗലാ 4:21-5:1 സ്വാതന്ത്ര്യത്തിലേക്കു നമ്മെ മോചിപ്പിച്ച മിശിഹാ.
മത്താ 2:1-12 (2:1-23) ജ്ഞാനികളുടെ സന്ദർശനം.

**തിരുക്കുടുംബം**
ഉത്പ 1:26-28 സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.
പ്രഭാ 3:1-9 മാതാപിതാക്കന്മാരോടുള്ള കടമകൾ.
കൊളോ 3:18-21 കർത്താവിൽ നയിക്കപ്പെടുന്ന കുടുംബജീവിതം.
മത്താ 2:13-14, 19-23 ഈജിപ്തിലേക്കു പലായനം ചെയ്യുന്ന തിരുക്കുടുംബം

**വി. സ്റ്റീഫൻ വേ. (Propria Vol. I. page 148)**
അപ്പ 6:8-10 + 7:54-59 സ്റ്റീഫന്റെ രക്തസാക്ഷിത്വം
മത്താ 10:16-22 അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷപ്പെടും.

27 തി **വി. യോഹന്നാൻ ശ്ലീഹാ (Propria Vol. III. page 611)**
വടക്കേൽ മാർ ജോൺ മെത്രാന്റെ നാമഹേതുകദിനം.
പുറ 33:9-23 കർത്താവ് ജനത്തോടുകൂടെ.
പ്രഭാ 15:1-6 കർത്താവിന്റെ ഭക്തനു സമ്മാനം ലഭിക്കും.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ആര് നമ്മെ വേർപെടുത്തും?
യോഹ 21:20-24 ഈശോയും വത്സലശിഷ്യനും.

28 ചൊ **കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)**
ഉത്പ 4:3-8 ആബേൽ വധിക്കപ്പെടുന്നു.
ജെറ 31:15-17 റാമായിൽനിന്ന് വിലാപസ്വരം
ഹെബ്രാ 11:3-10 (11:3-10 + 11:32-12:2) വിശ്വസിക്കുന്നവന് എല്ലാം നന്മയ്ക്കായി ഭവിക്കുന്നു.
മത്താ 2:13-18 ഈശോയെപ്രതി വധിക്കപ്പെട്ട ശിശുക്കൾ.

29 ബു  കൊളോ 3:12-17 ഈശോയുടെ വചനം നിങ്ങളിൽ വസിക്കട്ടെ.
യോഹ 8:12-18 ഈശോ ലോകത്തിന്റെ പ്രകാശം.

30 വ്യാ  2 കോറി 1:18-22 വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ മിശിഹാ
മത്താ 2:1-12 ജ്ഞാനികളുടെ സന്ദർശനം

31 വെ  **വർഷാവസാനം (Propria Vol. I. page 265)**
എഫേ 1:3-14 നമ്മെ അനുഗ്രഹിച്ചവൻ വാഴ്ത്തപ്പെട്ടവൻ
ലൂക്കാ 1:46-55 മറിയത്തിന്റെ സ്തോത്രഗീതം

**ദൈവമാതൃത്വത്തിരുനാൾ (Propria Vol. I. page 69)**

പുറ 15:11-21 (പുറ 15:11-21 + മിക്ക 6:1-5 + ജെറ 31:13-17 ) മിരിയാം ദൈവത്തെ സ്തുതിക്കുന്നു.

അപ്പ 1:12-14 (1:1-14) മറിയത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന ശ്ലീഹന്മാർ

റോമാ 16:17-20, 25-27 (16:1-27) രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ദൈവം.

ലൂക്കാ 1:39-45 (ലൂക്കാ 1:26-55 + മത്താ 1:1-16, 18-25) നീ സ്ത്രീകളിൽ അനുഗൃഹീതയാണ്.

# അനുബന്ധം 1

| | | | |
|---|---|---|---|
| ജനുവരി | 21 | : | വി. ആഗ്നസ് |
| ഫെബ്രുവരി | 14 | : | വി. സിറിലും മെത്തോഡിയസും |
| മേയ് | 16 | : | വി. സൈമൺ സ്റ്റോക്ക് |
| മേയ് | 23 | : | വി. റീത്ത |
| ജൂൺ | 17 | : | വി. ഗർവാസിസും പ്രൊത്താസിസും |
| ജൂൺ | 21 | : | വി. അലോഷ്യസ് ഗൊൺസാഗ |
| ജൂലൈ | 6 | : | വി. മരിയ ഗൊരേറ്റി |
| ആഗസ്റ്റ് | 10 | : | വി. ലോറൻസ് |
| ആഗസ്റ്റ് | 13 | : | വി. ജോൺ ബെർക്കുമാൻസ് |
| ആഗസ്റ്റ് | 20 | : | വി. ബെർനാർദ് |
| ആഗസ്റ്റ് | 27 | : | വി. മോനിക്ക |
| സെപ്തംബർ | 3 | : | മഹാനായ വി. ഗ്രിഗരി മാർപാപ്പ |
| ഒക്ടോബർ | 7 | : | ജപമാലരാജ്ഞി |
| നവംബർ | 3 | : | വി. മാർട്ടിൻ ഡി പോറസ് |
| നവംബർ | 10 | : | മഹാനായ വി. ലിയോ മാർപാപ്പ |
| നവംബർ | 15 | : | മഹാനായ വി. ആൽബർട്ട് |
| നവംബർ | 21 | : | പ. കന്യകാമറിയത്തിന്റെ സമർപ്പണം |
| ഡിസംബർ | 4 | : | വി. ജോൺ ഡമഷീൻ |
| ഡിസംബർ | 5 | : | വി. സാബാ |

# അനുബന്ധം 2

# വിശുദ്ധരുടെ തിരുനാളുകൾക്കും മറ്റു സന്ദർഭ ങ്ങൾക്കുംവേണ്ടിയുള്ള പൊതുവായനകൾ

## 1 വിശുദ്ധർ

### 1. പരിശുദ്ധ കന്യകാമറിയം

**A**

ഉത്പ 3:1-19 നിന്റെ സന്തതിയും അവളുടെ സന്തതിയും ശത്രുതയുളവാക്കും
ഉത്പ 17:15-22 അവൾ ജനതകളുടെ മാതാവാകും
പുറ 40:32-38 കർത്താവിന്റെ മഹത്ത്വം കൂടാരത്തിൽ നിറഞ്ഞുനിന്നു

**B**

ന്യായ 13:1-7 നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും
സുഭാ 3:13-18 നല്ല ദാനങ്ങൾ നല്കുന്ന അമ്മ
റൂത്ത് 1:14-17 അമ്മ പോകുന്നിടത്ത് ഞാനും വരും
യൂദി 15:8-13 നീ ജറുസലമിന്റെ ഉന്നതിയും ഇസ്രായേലിന്റെ മഹിമയും
" 13:18-20 നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ
ഉത്ത 2:1-4 മുള്ളുകൾക്കിടയിലെ ലില്ലിപ്പൂവുപോലെ
ഏശ 7:10-16 കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും
സെഫാ 3:14-20 സീയോന്റെ പുത്രി സന്തോഷിച്ചുല്ലസിക്കും
മിക്കാ 5:2-6 വരാനിരിക്കുന്ന രാജാവ്

**C**

അപ്പ 1:12-14 ശ്ലീഹന്മാരോടൊപ്പം പ്രാർത്ഥിക്കുന്ന അമ്മ
റോമാ 8:26-30 മുൻകൂട്ടി തിരഞ്ഞെടുത്തവരെ വിളിക്കുന്ന ദൈവം
ഗലാ 4:4-7 അവൻ സ്ത്രീയിൽനിന്നു ജാതനായി
എഫേ 1:3-12 ലോകാരംഭത്തിനു മുമ്പ് നമ്മെ തിരഞ്ഞെടുത്ത ദൈവം

**D**

മത്താ 1:1-16 അവളിൽനിന്ന് ഈശോ ജനിച്ചു
മത്താ 1:18-25 അവൾ ഗർഭം ധരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്
മത്താ 2:13-23 ഈജിപ്തിലേക്കുള്ള പലായനം
മത്താ 12:46-50 ഈശോയുടെ അമ്മയും സഹോദരരും

ലൂക്കാ 1:26–38 നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും
” 1:39–47 നീ സ്ത്രീകളിൽ അനുഗൃഹീത
” 1:46–56 മറിയത്തിന്റെ സ്തോത്രഗീതം
” 2:1–14 അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു
” 2:15b––19 മറിയം അവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു
” 2:27–35 നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും
” 2:41–52 ഉൽക്കണ്ഠയോടെ ഈശോയെ അന്വേഷിക്കുന്ന അമ്മ
” 11:27–28 നിന്നെ വഹിച്ച ഉദരം ഭാഗ്യമുള്ളത്
യോഹ 2:1–11 അവിടെ ഈശോയുടെ അമ്മയും ഉണ്ടായിരുന്നു
” 19:25–27 ഇതാ, നിന്റെ അമ്മ

## 2. രക്തസാക്ഷികൾക്ക്

### A

ഉത്പ 4:8–16 ആബേൽ വധിക്കപ്പെടുന്നു

### B

1 രാജാ 21:1–21 നാബോത്ത് കല്ലെറിയപ്പെടുന്നു
2 ദിന 24:18–22 സഖറിയാസ് കൊല്ലപ്പെടുന്നു
2 മക്ക 6:18–31 എലയാസറിന്റെ രക്തസാക്ഷിത്വം
” 7:1–11 അമ്മയും ഏഴു മക്കളും
ഏശ 53:1–12 ദൈവദാസന്റെ സഹനം
ദാനി 3:18–22 കർത്താവിന്റെ ദാസരെ പീഡിപ്പിക്കുന്നവർ ലജ്ജിക്കും
” 6:11–24 ദാനിയേൽ സിംഹക്കുഴിയിൽ

### C

അപ്പ 7:55–60 സ്റ്റീഫന്റെ രക്തസാക്ഷിത്വം
റോമാ 5:1–5 നമ്മുടെ കഷ്ടതകളിൽ നമുക്ക് അഭിമാനം
” 8:31–39 മിശിഹായുമായുള്ള ഐക്യം
2 കോറി 4:7–15 ഈശോയെപ്രതി സദാ മരണത്തിന് ഏല്പിക്കപ്പെടുന്നു
” 6:4–10 മരിക്കുന്നവരെപ്പോലെയാണെങ്കിലും ഞങ്ങൾ ജീവിക്കുന്നു
2 തിമോ 2:8–13; 3:10–12 മിശിഹായിൽ ജീവിക്കാനാഗ്രഹിക്കുന്നവർ സഹിക്കണം
ഹെബ്രാ 10:32–36 കഷ്ടതകളോടു പൊരുതിയ കഴിഞ്ഞകാലം
യാക്കോ 1:2–4; 12–13 പരീക്ഷകളിൽ സന്തോഷിക്കുക
1 പത്രോ 3:14–17 നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കുക

1 പത്രോ 4:12-19 മിശിഹായുടെ പീഢകളിൽ പങ്കുകാരാകുക
വെളി 12:10-12 കുഞ്ഞാടിന്റെ രക്തംകൊണ്ടു വിജയം

## D

മത്താ 10:16-25 എന്നെപ്രതി സഹിക്കുക
മത്താ 10:26-33 നിർഭയം സാക്ഷ്യം വഹിക്കുക
ലൂക്കാ 9:23-36 മിശിഹായെപ്രതി ജീവൻ നഷ്ടപ്പെടുത്തുക
യോഹ 12:24-26 ഗോതമ്പുമണി നിലത്തുവീണ് അഴിയണം
" 15:18-21 ലോകം നിങ്ങളെ ദ്വേഷിക്കും
" 17:11-19 ലോകം അവരെ ദ്വേഷിച്ചു

### 3. പൗരോഹിത്യപദവിയുള്ള വിശുദ്ധർക്ക്

## A

പുറ 32:7-14 ഇസ്രായേൽ ജനതയുടെ ദുഷ്ടത

## B

ഏശ 6:1-8 ഞാൻ ആരെയാണ് അയയ്ക്കുക
ഏശ 52:7-10 എല്ലാവർക്കും രക്ഷ
" 61:1-3 കർത്താവ് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു
ജറെ 1:4-9 ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകുക
എസെ 3:16-21 നീ ഇസ്രായേലിന്റെ കാവൽക്കാരൻ
" 31:11-16 ഇടയൻ ആടുകളുടെ പിന്നാലെ

## C

അപ്പ 20:17-38 അജഗണങ്ങളെപ്പറ്റി ജാഗ്രത
അപ്പ 26:19-23 വിജാതീയരോടു സുവിശേഷം
റോമാ 12:3-13 വിവിധങ്ങളായ വരങ്ങൾ
1 കോറി 1:18-25 കുരിശിന്റെ ഭോഷത്തം
" 4:1-5 ഞങ്ങൾ മിശിഹായുടെ ദാസന്മാർ
" 9:16-19, 22-23 സുവിശേഷം പ്രസംഗിക്കാത്തവനു ദുരിതം
" 12:27-31 പ്രവാചകരും പ്രബോധകരും
" 3:1-6 പുതിയ ഉടമ്പടിയുടെ ശുശ്രൂഷകൻ
2 കോറി 4:1-7 ഞങ്ങൾ നിങ്ങളുടെ ദാസന്മാർ
" 5:14-20 രമ്യതയുടെ ശുശ്രൂഷകർ
എഫേ 4:1-7, 11-13 ശുശ്രൂഷയുടെ ജോലി ചെയ്യുന്നവർ
കൊളോ 1:24-29 ശ്ലീഹായുടെ ദൗത്യം
1 തെസ 2:2-8 നമ്മളെത്തന്നെ പങ്കുവയ്ക്കുക

2 തിമോ 2:1-9 മിശിഹായുടെ പടയാളി
1 പത്രോ 5:1-4 അജഗണത്തെ പരിപാലിക്കുന്നവർ

## D

മത്താ 9:35-38 വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുക
മത്താ 16:13-19 ഈ പാറമേൽ എന്റെ പള്ളി
" 23:8-12 ഒന്നാമൻ ഏവരുടെയും ശുശ്രൂഷകൻ
" 28:16-20 എല്ലാവരെയും ശിഷ്യപ്പെടുത്തുക
മർക്കോ 1:14-20 നിങ്ങൾ മനുഷ്യരെ പിടിക്കുന്നവരാകും
" 16:15-20 എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക
ലൂക്കാ 5:1-11 നിന്റെ വാക്കനുസരിച്ച് ഞാൻ വലയിറക്കാം
" 22:24-30 ഈശോ എല്ലാവരുടെയും പരിചാരകൻ
യോഹ 10:11-16 ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന ഇടയൻ
" 15:9-17 ഞാൻ ഇനി നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല
" 21:15-17 നീ എന്റെ ആടുകളെ മേയ്ക്കുക

### 4. സഭാപിതാക്കന്മാർക്ക്

## A

നിയ 6:1-15 ദൈവത്തിന്റെ കല്പനകൾ
സംഖ്യ 27:15-22 ജോഷ്വ ഇസ്രായേൽ ജനത്തിന്റെ പിതാവ്

## B

1 രാജാ 3:7-14 ജ്ഞാനവും വിവേകവും
ജ്ഞാനം 7:7-10, 15-16 ജ്ഞാനം സർവ്വോൽകൃഷ്ടം
പ്രഭാ 15:1-6 അറിവുകൊണ്ടും ജ്ഞാനംകൊണ്ടും അവനെ നിറയ്ക്കും
" 39:8-14 ജ്ഞാനത്തിന്റെ അരൂപികൊണ്ട് അവൻ നിറയ്ക്കപ്പെടും

## C

1 കോറി 1:18-25 കുരിശിന്റെ ഭോഷത്തം
" 2:1-10 നിഗൂഢമായ ദൈവികജ്ഞാനം
" 2:11-16 എല്ലാം വിവേചിച്ചറിയുന്ന ആത്മീയ മനുഷ്യൻ
എഫേ 3:8-12 ക്രിസ്തുവിന്റെ സമ്പന്നതയെക്കുറിച്ചു പ്രസംഗിക്കുന്ന പൗ
ലോസ്
" 4:1-7, 11-13 കർത്താവിന്റെ ശരീരത്തെ പണുതുയർത്തുക
2 തിമോ 2:1-13 ക്രിസ്തുവിന്റെ പടയാളി
" 4:1-5 സുവിശേഷത്തിന്റെ ജോലി ചെയ്യുക

## D

മത്താ 5:13–19 നിങ്ങൾ ലോകത്തിന്റെ പ്രകാശം
  ” 7:21–29 ഈശോ അധികാരമുള്ളവനെപ്പോലെ പഠിപ്പിച്ചു
  ” 23:8–12 നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ
  ” 4:1–10, 13–20 വിതക്കാരന്റെ ഉപമ

### 5. കന്യകകൾക്ക്

## A

നിയ 11:10–15 കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുക

## B

ഉത്ത 8:6–7 സ്നേഹം മരണത്തെപ്പോലെ ശക്തം
ഹോസി 2:16–22 എന്നേക്കും നമ്മെ പരിഗ്രഹിക്കുന്ന കർത്താവ്

## C

1 കോറി 7:25–35 അവിവാഹിത, കർത്താവിന്റെ കാര്യങ്ങളിൽ തല്പര
വെളി 19:5–9 കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർ
  ” 21:1–5 കർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ

## D

മത്താ 19:3–12 സ്വർഗ്ഗരാജ്യത്തെപ്രതി
മത്താ 25:1–13 ബുദ്ധിമതികളായ കന്യകമാർ
ലൂക്കാ 10:35–42 മറിയം ഏറ്റം ശ്രേഷ്ഠമായതു തിരഞ്ഞെടുത്തു

### 6. മറ്റു വിശുദ്ധർക്ക്

## A

ഉത്പ 12:1–6 ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോകുക
ലേവ്യ 19:1–2, 17–18 നിങ്ങൾ പരിശുദ്ധരായിരിക്കണം
നിയ 6:3–9 പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക
  ” 10:8–9 എന്റെ അവകാശം കർത്താവാകുന്നു

## B

1 രാജാ 19:4–15 ഹൃദയനൈർമ്മല്യത്തോടെ എന്റെ മുമ്പിൽ വരിക
1 രാജാ 19:16–21 എലിസേവൂസ് ഏലിയായുടെ പിന്നാലെ
തോബി 12:6–13 ഉപവാസം, ദാനധർമ്മം എന്നിവയോടുകൂടി പ്രാർത്ഥിക്കുക
പ്രഭാ 2:7–11 കർത്താവിൽ ആശ്രയിക്കുന്നവർ
പ്രഭാ 3:17–25 വിനീതർ കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു

ഏശ 58:6–11 വിശക്കുന്നവരുമായി ആഹാരം പങ്കുവയ്ക്കുക
ജറെ 20:7–9 ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ ഹൃദയത്തിൽ
മിക്ക 6:6–8 വിശുദ്ധർ നന്മയുടെ മനുഷ്യർ

## C

നട 4:32–35 അവർ ഒരു ഹൃദയവും ആത്മാവും
റോമാ 8:26–30 മുൻകൂട്ടി നിശ്ചയിച്ചവരെ വിളിക്കുന്ന ദൈവം
1 കോറി 1:26–31 ബലഹീനരെ തിരഞ്ഞെടുക്കുന്ന ദൈവം
2 കോറി 10:17–11:2 കർത്താവു നമ്മുടെ അഭിമാനം
ഗലാ 2:19–20 ഞാൻ മിശിഹായോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു
” 6:14–16 മിശിഹായെപ്രതി ക്രൂശിക്കപ്പെട്ടിരിക്കുന്നു
എഫേ 3:14–19 മിശിഹായുടെ സ്നേഹത്തിന്റെ ശക്തി എന്നിൽ
” 6:10–13, 18 കർത്താവിലും അവിടുത്തെ ശക്തിയിലും
ഫിലി 3:8–14 മിശിഹായെപ്രതി സർവ്വതും നഷ്ടപ്പെടുത്തുക
” 4:4–9 ഉത്തമമായവയെപ്പറ്റി ചിന്തിക്കുക
കൊളോ 3:12–17 സ്നേഹം പരിശീലിപ്പിക്കുവിൻ
യാക്കോ 2:14–17 വിശ്വാസം പ്രവൃത്തിയിലൂടെ
1 പത്രോ 3:1–9 നമ്മൾ ദൈവികദാനങ്ങളുടെ കാര്യസ്ഥർ
1 യോഹ 3:14–18 നാം സ്നേഹിക്കേണ്ടതു പ്രവൃത്തിയിലും സത്യത്തിലും
” 4:7–16 പരസ്പരം സ്നേഹിക്കുന്നവനിൽ ദൈവം വസിക്കുന്നു
” 5:1–5 ദൈവത്തിൽനിന്നും ജനിച്ചവർ ലോകത്തെ കീഴടക്കുന്നു
വെളി 3:14–22 ഞാൻ അവന്റെ അടുത്തേക്കു വരും
” 19:1–9 വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടവർ
” 21:5–7 ദാഹിക്കുന്നവനു ജീവജലം

## D

മത്താ 5:1–12 സുവിശേഷഭാഗ്യങ്ങൾ
” 5:13–16 നിങ്ങൾ ലോകത്തിന്റെ പ്രകാശം
” 7:21–27 വിവേകപൂർവ്വം ജീവിക്കുക
” 11:25–30 ശിശുക്കൾക്കു വെളിപ്പെടുത്തുന്ന ഈശോ
” 13:43–46 സ്വർഗ്ഗരാജ്യത്തിലെ നിധി
” 16:24–27 മിശിഹായ്ക്കുവേണ്ടി ജീവൻ നഷ്ടപ്പെടുത്തുന്നവർ
” 18:1–5 സ്വർഗ്ഗരാജ്യം ശിശുക്കൾക്ക്
” 19:27–29 മിശിഹായെപ്രതി സർവ്വതും ഉപേക്ഷിക്കണം
” 22:34–40 നമ്മെപ്പോലെ അയൽക്കാരെയും സ്നേഹിക്കണം
” 25:14–30 അല്പകാര്യങ്ങളിലും വിശ്വസ്തനാകുക

മത്താ 25:31-46 ഏവർക്കും നന്മ ചെയ്യുക
മർക്കോ 3:31-35 ദൈവേഷ്ടം പ്രവർത്തിക്കുക
” 9:34-37 ചെറിയവരെ മിശിഹായുടെ നാമത്തിൽ സ്വീകരിക്കുക
” 10:13-16 ശിശുക്കൾ എന്റെ അടുക്കൽ വരട്ടെ
” 10:17-30 നിങ്ങൾക്കുള്ളതെല്ലാം വിറ്റ് പാവങ്ങൾക്കു കൊടുക്കുക
ലൂക്കാ 6:27-38 ഏവരോടും കരുണകാണിക്കുക
” 9:57-62 കലപ്പയിൽ കൈവച്ചു തിരിഞ്ഞുനോക്കരുത്
” 10:38-42 മറിയം വിശിഷ്ടഭാഗം തിരഞ്ഞെടുത്തു
” 12:32-34 ദൈവരാജ്യം അന്വേഷിക്കുക
” 14:25-33 മിശിഹായുടെ ശിഷ്യൻ സ്വജീവൻ ഉപേക്ഷിക്കണം
യോഹ 15:1-8 മുന്തിരിവള്ളിയും ശാഖകളും
” 15:9-17 നമ്മൾ മിശിഹായുടെ സ്നേഹിതന്മാർ
” 17:20-26 ഞാൻ ആയിരിക്കുന്നിടത്ത് അവരും ആയിരിക്കണം

## II. മറ്റു സന്ദർഭങ്ങൾക്ക്

### 1. മാമ്മോദീസ

#### A

ഉത്പ 12:1-4 ഞാൻ കാണിച്ചുതരുന്നിടത്തേക്കു പോവുക
” 15:1-6 വിശ്വാസത്തിലൂടെ നീതീകരണം
” 17:1-8 നീയുമായി ഞാൻ ഉടമ്പടി സ്ഥാപിക്കും
” 35:1-7 അന്യദേവന്മാരെ ഉപേക്ഷിക്കുക
നിയ 30:15-20 ജീവൻ തിരഞ്ഞെടുക്കുക

#### B

ജോഷ 24:14-18 അന്യദേവന്മാരെ സേവിക്കരുത്
2 രാജാ 5:9-15 നീ ജോർദ്ദാനിൽ പോയി കുളിക്കുക
ഏശ 44:1-8 നമ്മുടെമേൽ ദൈവത്തിന്റെ ആത്മാവ്
ജറെ 31:33-34 കർത്താവിന്റെ നിയമം നമ്മുടെ ഹൃദയത്തിൽ
എസെ 36:24-28 നിങ്ങളുടെമേൽ ശുദ്ധജലം തളിക്കും
എസെ 47:1-12 വിശുദ്ധസ്ഥലത്തുനിന്നും ഒഴുകുന്ന ജലം

#### C

നട 8:26-38 പീലിപ്പോസ് ജ്ഞാനസ്നാനം നല്കുന്നു
റോമാ 6:3-11 മാമ്മോദീസാവഴി മിശിഹായുടെ മരണത്തിൽ ഐക്യം
” 8:22-32 പുത്രന്റെ സാദൃശ്യത്തിൽ അനുരൂപരാകുക

റോമാ 8:35–39 മിശിഹായുടെ സ്നേഹത്തിൽനിന്നു വേർപ്പെടുത്തുക സാധ്യമല്ല
1 കോറി 12:12–13 മാമ്മോദീസാവഴി നാമെല്ലാം ഒരേ ശരീരം
ഗലാ 3:26–28 മാമ്മോദീസാവഴി നാം മിശിഹായെ ധരിച്ചു
എഫേ 1:3–10 ദൈവം മിശിഹായിൽ നമ്മെ തിരഞ്ഞെടുത്തു
” 4:1–6 ഒരു വിശ്വാസവും ഒരു മാമ്മോദീസായും
കൊളോ 3:9–17 പുതിയ മനുഷ്യനെ ധരിക്കുക
തീത്തോ 3:4–7 സ്നാനംവഴി ഈശോ നമ്മെ രക്ഷിച്ചു
ഹെബ്രാ 10:22–25 വിശ്വാസത്തിലൂടെ മിശിഹായുടെ അടുത്തേക്ക്
1 പത്രോ 2:4–10 തിരഞ്ഞെടുക്കപ്പെട്ട ജനം
വെളി 19:1–9 കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർ

## D

മത്താ 16:24–27 സ്വയം പരിത്യജിക്കുക
” 22:35–40 ഏറ്റവും പ്രധാനപ്പെട്ട കല്പന
” 28:18–20 എല്ലാവരെയും സ്നാനപ്പെടുത്തുക
മർക്കോ 1:9–11 ഈശോയുടെ ജ്ഞാനസ്നാനം
” 10:13–16 ശിശുക്കൾ മിശിഹായുടെ അടുക്കലേക്ക്
” 12:28–34 നമ്മുടെ കർത്താവായ ദൈവം ഏക കർത്താവ്
” 16:15–20 മാമ്മോദീസാ സ്വീകരിക്കുന്നവർ രക്ഷപ്പെടും
ലൂക്കാ 24:44–53 പാപമോചനത്തിനുള്ള അനുതാപം
യോഹ 1:9–18 നമ്മെ ദൈവപുത്രരാക്കിയ മിശിഹാ
” 1:29–34 ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
” 3:1–6 നാം വീണ്ടും ജനിക്കണം
” 3:16–21 മിശിഹായിൽ ജീവിക്കുന്നവർക്കു നിത്യജീവൻ
” 4:5–14 മിശിഹാ തരുന്ന ജീവജലം
” 6:44–47 വിശ്വസിക്കുന്നവർക്കു നിത്യജീവൻ
” 7:37–39 ദാഹിക്കുന്നവർ മിശിഹായുടെ അടുക്കൽനിന്നും കുടിക്കട്ടെ
” 9:1–7 അവൻ പോയി കഴുകി; കാഴ്ച ലഭിച്ചു
” 12:44–50 ലോകത്തിന്റെ പ്രകാശമായ മിശിഹാ
” 15:1–11 മുന്തിരിവള്ളിയും ശാഖകളും
” 19:31–35 യേശുവിന്റെ പാർശ്വത്തിൽനിന്നും രക്തവും വെള്ളവും

## 2. സ്ഥൈര്യലേപനം

### A

സംഖ്യ 11:16-17 എഴുപതു നേതാക്കന്മാർ

### B

ഏശ 11:1-4 കർത്താവിന്റെ അരൂപി അവന്റെമേൽ ആവസിക്കും
" 42:1-3 എന്റെ അരൂപിയെ ഞാൻ അവനു നല്കും
ഏശ 61:1-9 അവിടുന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു
എസെ 36:24-28 എന്റെ അരൂപിയെ നിങ്ങളിൽ നിവേശിപ്പിക്കും
ജോയേ 2:28-32 എല്ലാവരുടെയുംമേൽ അരൂപിയെ വർഷിക്കും

### C

നട 1:3-8 നിങ്ങൾ പരിശുദ്ധാത്മാവിൽ സ്നാനമേല്ക്കും
" 2:1-6 പരിശുദ്ധാത്മാവിൽ നിറഞ്ഞ ശ്ലീഹന്മാർ
" 8:14-17 സമരിയാക്കാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചു
" 10:37-44 വിജാതിയരുടെമേൽ പരിശുദ്ധാത്മാവ്
" 19:1-6 എഫേസൂസുകാരുടെമേൽ പരിശുദ്ധാത്മാവ്
റോമാ 5:1-8 പരിശുദ്ധാത്മാവിലൂടെ ദൈവസ്നേഹം നമ്മിലേക്ക്
" 8:12-17 ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവമക്കൾ
" 8:26-27 വിസിദ്ധർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്ന ആത്മാവ്
1 കോറി 12:4-13 നാം എല്ലാം ഒരേ ആത്മാവിൽ ഒരേ ശരീരം
ഗലാ 4:1-7 പുത്രന്റെ ആത്മാവ് നമ്മുടെ ഹൃദയത്തിൽ
" 5:16-25 ആത്മാവിന്റെ പ്രേരണ അനുസരിച്ചു വ്യാപരിക്കുവിൻ
എഫേ 1:17-19 നിങ്ങൾ പരിശുദ്ധാത്മാവിൽ മുദ്രിതർ
" 4:1-6 ഒരു ശരീരവും ഒരു ആത്മാവും ഒരു മാമ്മോദീസയും

### D

ലൂക്കാ 4:16-22 കർത്താവിന്റെ അരൂപി എന്റെമേൽ ഉണ്ട്
" 8:14-16 നല്ല നിലത്തു വീണ വിത്ത്
" 10:21-24 എല്ലാം ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നു
യോഹ 7:37-39 ഹൃദയത്തിൽനിന്നു ജീവജലത്തിന്റെ അരുവികൾ
" 14:15-17 എന്നേക്കുമുള്ള ഒരു സഹായകൻ
" 14:21-26 എല്ലാം പഠിപ്പിക്കുന്ന പരിശുദ്ധാത്മാവ്
" 15:18-27 മിശിഹായ്ക്കു സാക്ഷ്യം നല്കുന്ന ആത്മാവ്
" 16:5-13 സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുന്ന പരിശുദ്ധാത്മാവ്

## 3. പൗരോഹിത്യം
## പുരോഹിതപട്ടത്തിന്

### A

സംഖ്യ 3:5-9 ലേവീഗോത്രം അഹറോന്റെ ശുശ്രൂഷയ്ക്ക്
പുറ 28:1-5, 40-43 അഹറോനും പുത്രന്മാരും
ലേവ്യ 8:1-12 പുരോഹിതാഭിഷേകം
ഏശ 61:1-3 പീഡിതർക്കു സുവിശേഷം
ജറെ 1:4-9 ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം

### C

നട 10:37-43 മിശിഹായുടെ പ്രവൃത്തികൾക്കു ഞങ്ങൾ സാക്ഷികൾ
” 20:17-36 അജഗണത്തെപ്പറ്റി ജാഗ്രത
റോമാ 12:4-8 വ്യത്യസ്തമായ ദാനങ്ങൾ
1 കോറി 12:27-31 വിവിധ ശുശ്രൂഷകൾ
2 കോറി 4:1-7 ഈശോമിശിഹായെ പ്രസംഗിക്കുക
” 5:14-20 അനുരഞ്ജനത്തിന്റെ ശുശ്രൂഷകൾ
” 4:8-20 വിവിധ ശുശ്രൂഷകൾ സഭയെ പടുത്തുയർത്താൻ
1 തിമോ 3:8-13 രഹസ്യത്തിന്റെ സൂക്ഷിപ്പുകാർ
” 4:6-16 കൈവയ്പുവഴി നല്കുന്ന കൃപാവരം
2 തിമോ 1:6-14 കൈവയ്പിലൂടെ നല്കുന്ന കൃപാവരം
ഹെബ്രാ 5:1-10 മെൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതൻ
1 പത്രോ 4:7-11 ദൈവകാര്യങ്ങളുടെ മദ്ധ്യസ്ഥൻ
” 5:1-4 അജഗണങ്ങളുടെ പരിപാലകൻ

### D

മത്താ 5:13-16 നിങ്ങൾ ലോകത്തിന്റെ പ്രകാശം
” 9:35-38 വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുക
” 10:1-5 ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പ്
” 20:25-28 ഒന്നാമൻ ഏവരുടെയും ശുശ്രൂഷകൻ
ലൂക്കാ 10:1-9 വിളവ് ഏറെ വേലക്കാർ ചുരുക്കം
” 12:35-44 ഉണർന്നിരിക്കുന്നവർ ഭാഗ്യവാന്മാർ
” 22:14-20, 24-30 എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ
യോഹ 10:11-16 ആടുകൾക്കുവേണ്ടി ജീവിക്കുന്ന ഇടയൻ
” 12:24-26 മിശിഹായുടെ ശിഷ്യൻ അവന്റെ പിന്നാലെ
” 15:9-17 മിശിഹായിൽ തിരഞ്ഞെടുക്കപ്പെട്ടവർ
” 17:6-19 മറ്റുള്ളവർക്കുവേണ്ടി സ്വയം വിശുദ്ധീകരിക്കുന്ന ഈശോ

യോഹ 20:19–23 മിശിഹായാൽ അയയ്ക്കപ്പെട്ടവർ
” 21:15–17 ആടുകളെ മേയ്ക്കുന്നവർ

### മ്ശംശാന പട്ടത്തിന്

### A

സംഖ്യ 8:5–16 ലേവ്യരുടെ സമർപ്പണം
” 8:20–26 ലേവ്യർക്കുള്ള നിയമങ്ങൾ

### B

പ്രഭാ 30:1–11 കർത്താവിന്റെ ന്ബന്ധനകളിൽ അഭിമാനംകൊള്ളുന്നവർ
ഏശ 6:1–8 ആരാണു നമുക്കുവേണ്ടി പോവുക

### C

നട 6:1–7 ഏഴു ഡീക്കന്മാരുടെ തിരഞ്ഞെടുപ്പ്
” 8:26–40 സുവിശേഷപ്രസംഗകർ
” 12:4–11 ആത്മാവു നല്കുന്ന വിവിധ ദാനങ്ങൾ
1 തിമോ 3:8–13 രഹസ്യത്തിന്റെ സൂക്ഷിപ്പുകാർ
2 തിമോ 3:10–15 നീ പഠിപ്പിക്കുക

### D

മർക്കോ 1:11–20 മനുഷ്യരെ പിടിക്കുന്നവർ
ലൂക്കാ 5:1–11 മിശിഹായുടെ വാക്കനുസരിച്ചു വലയിറക്കുന്നവർ
യോഹ 1:35–42 ഞങ്ങൾ മിശിഹായെ കണ്ടു
” 1:43–49 നിഷ്കളങ്കനായ ഒരു ഇസ്രായേൽക്കാരൻ

### ഹെവുപ്ദ്യാക്ക്ന പട്ടത്തിന്

### A

ഉത്പ 14:18–20 മെൽക്കിസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവരുന്നു
പുറ 16:2–15 ആകാശത്തുനിന്ന് അപ്പം വർഷിക്കപ്പെടുന്നു
” 24:3–8 ഇത് ഉടമ്പടിയുടെ രക്തം
നിയ 8:2–16 കർത്താവിന്റെ വാക്കു ജീവൻ നല്കുന്നു

### B

സുഭാ 9:1–6 കർത്താവിന്റെ അപ്പം ഭക്ഷിക്കുക

## C

നട 2:43–47 ശ്ലീഹന്മാരുടെ പ്രബോധനത്തിൽ പങ്കുചേർന്നവർ

”     10:37–43 മിശിഹായോടൊപ്പം ഭക്ഷിച്ചിരുന്നവർ

1 കോറി 10:16–17 നാം ഏക ശരീരം

”     11:23–26 ഈ അപ്പത്തിൽനിന്നും ഭക്ഷിക്കുക

ഹെബ്രാ 9:11–15 നമ്മെ വിശുദ്ധീകരിക്കുന്ന മിശിഹായുടെ രക്തം

## D

മർക്കോ 14:12–26 ഇതെന്റെ രക്തം

ലൂക്കാ 9:11–17 അവരെല്ലാം ഭക്ഷിച്ചു തൃപ്തരായി

”     24:13–35 എമ്മാവൂസിലെ ശിഷ്യന്മാർ

യോഹ 6:1–15 അപ്പം വർദ്ധിപ്പിക്കുന്ന ഈശോ

യോഹ 6:24–35 മിശിഹായിൽ വിശ്വസിക്കുന്നവനു ദാഹിക്കുകയില്ല

”     6:41–51 മിശിഹാ ജീവന്റെ അപ്പം

”     6:51–59 മിശിഹായുടെ ശരീരം യഥാർത്ഥ ഭക്ഷണം

### കാറോയാപ്പട്ടത്തിന്

## A

നിയ 6:3–9 കർത്താവിന്റെ നിയമം നമ്മുടെ ഹൃദയത്തിൽ

”     30:10–14 കർത്താവിന്റെ പ്രമാണം നമ്മുടെ അധരത്തിൽ

## B

നെഹ 8:1–10 ദൈവത്തിന്റെ നിയമം വായിച്ചു വിശദീകരിക്കുന്നവൻ

ഏശ 55:10–13 ഫലരഹിതമാകാത്ത വാക്ക്

## C

1 കോറി 2:1–5 വിജ്ഞാനം ആത്മാവിലൂടെ

2 തിമോ 3:14–17 വിശുദ്ധലിഖിതം ദൈവനിവേശിതം

”     4:1–5 വചനം പ്രസംഗിക്കുക

ഹെബ്രാ 4:12–13 ദൈവവചനം സജീവവും ഊർജ്ജസ്വലവും

1 യോഹ 1:1–4 ഞങ്ങൾ പ്രസംഗിക്കുന്നതു നിത്യജീവൻ

## D

മത്താ 5:14–19 നിങ്ങൾ ലോകത്തിന്റെ പ്രകാശം

മർക്കോ 1:35–39 സുവിശേഷം അറിയിക്കുന്ന ഈശോ

ലൂക്കാ 4:16–21 കർത്താവിന്റെ അരൂപി എന്റെമേൽ

യോഹ 7:14–18 യേശുവിന്റെ വചനം അവനെ അയച്ചവന്റേതാണ്

## 4. രോഗീലേപനം

### A

പുറ 3:7-8 നമ്മുടെ രോദനം കേൾക്കുന്ന ദൈവം
” 17:1-6 ദാഹജലം നല്കി ആശ്വസിപ്പിക്കുന്ന കർത്താവ്

### B

1 രാജാ 19:1-8 ഏലിയാസിനെ ആശ്വസിപ്പിക്കുന്ന കർത്താവ്
ഏശ 35:1-10 ദുർബലകരങ്ങളെ ശക്തിപ്പെടുത്തുന്ന കർത്താവ്
” 52:13-53:12 നമ്മുടെ വേദനകൾ വഹിക്കുന്ന കർത്താവ്
” 61:1-3 പീഡിതരെ സദ്വാർത്ത അറിയിക്കുന്ന കർത്താവ്

### C

നട 3:1-10 മിശിഹായുടെ നാമത്തിൽ എഴുന്നേറ്റു നടക്കുക
” 3:11-16 മിശിഹായുടെ നാമത്തിൽ അവൻ സുഖപ്പെട്ടു
” 4:8-12 മിശിഹായുടെ നാമത്തിൽ അവൻ സുഖപ്പെട്ടു
റോമാ 8:14-17 മിശിഹായോടൊപ്പം പീഡയനുഭവിക്കണം
” 8:18-27 ബലഹീനനെ സഹായിക്കുന്ന ആത്മാവ്
1 കോറി 12:12-27 നമ്മൾ മിശിഹായുടെ ശരീരം
2 കോറി 4:16-18 ശക്തിപ്പെടുത്തുന്ന ആന്തരികമനുഷ്യൻ
ഗലാ 4:12-19 സുവിശേഷം പ്രസംഗിക്കുന്ന പൗലോസ്
ഫിലി 2:25-30 കരുണ കാണിക്കുന്ന ദൈവം
കൊളോ 1:22-29 മിശിഹായുടെ സഹനം നമ്മുടെ ശരീരത്തിൽ
ഹെബ്രാ 4:14-16 സഹതപിക്കാൻ കഴിവുള്ള പ്രധാന പുരോഹിതൻ
” 5:7-9 സഹനത്തിലൂടെ അനുസരണം പഠിച്ച മിശിഹാ
യാക്കോ 5:13-16 സുഖപ്പെടുത്തുന്ന പ്രാർത്ഥന
1 പത്രോ 1:3-9 പരീക്ഷകളിൽ ആനന്ദിക്കുവിൻ
വെളി 21:1-7 കണ്ണുനീർ തുടയ്ക്കുന്ന ദൈവം
” 22:17-21 ആഗ്രഹമുള്ളവനു ജീവന്റെ ജലം

### D

മത്താ 5:1-12 കഷ്ടതകളിൽ പ്രതിഫലം
” 8:1-4 മനുഷ്യനെ ശുദ്ധനാക്കുന്ന മിശിഹാ
” 8:5-17 ബലഹീനതകൾ ഏറ്റെടുക്കുന്ന മിശിഹാ
” 11:25-30 ക്ലേശിതർക്ക് ആശ്രയമായ മിശിഹാ
” 15:25-31 അനേകരെ സുഖപ്പെടുത്തിയ മിശിഹാ
” 25:31-40 കരുണകാണിക്കുന്നവനു പ്രതിഫലം

മർക്കോ 2:1-12 തളർവാതരോഗിയെ സുഖപ്പെടുത്തുന്നു
" 10:46-52 കുരുടനു കാഴ്ച നല്കുന്നു
ലൂക്കാ 7:19-23 നിങ്ങൾ കാണുന്നവ യോഹന്നാനെ അറിയിക്കുക
" 12:35-45 ഒരുക്കമുള്ളവർ ഭാഗ്യവാന്മാർ
" 18:9-14 പാപിയായ എന്റെമേൽ കൃപയായിരിക്കണമേ
യോഹ 6:35-40 എല്ലാവരും രക്ഷപ്പെടണമെന്ന പിതാവിന്റെ ഇഷ്ടം
" 9:1-7 കുരുടന് കാഴ്ച ലഭിക്കുന്നു

### 5. വിവാഹം

## A

ഉത്പ 1:26-28 സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു
" 2:18-24 പുരുഷൻ മാതാപിതാക്കന്മാരെ വിട്ടു ഭാര്യയോടു ചേരണം
" 24:48-67 ഇസഹാക്ക് റബേക്കായെ സ്നേഹിച്ചു

## B

തോബി 7:6-14 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ
" 8:4-8 നിഷ്കളങ്കമായ സ്നേഹം
പ്രഭാ 26:1-4 വിശ്വസ്തയായ ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കും
" 26:13-17 ഭാര്യയുടെ ദൈവഭയം ഭർത്താവിനെ പുഷ്ടിപ്പെടുത്തും

## C

റോമാ 12:1-2, 9-13 നിഷ്കളങ്കമായ സ്നേഹം
1 കോറി 6:12-20 ശരീരം പരിശുദ്ധാത്മാവിന്റെ ആലയം
എഫേ 5:22-23 അവർ രണ്ടുപേരും ഒന്നാകും
1 പത്രോ 3:1-7 ആന്തരിക വ്യക്തിത്വം ഭാര്യയുടെ അലങ്കാരം
വെളി 19:5-9 വിവാഹവിരുന്ന്

## D

മത്താ 19:3-6 ദൈവം യോജിപ്പിച്ച ബന്ധം
" 22:35-40 പ്രഥമവും പ്രധാനവുമായ കല്പന
മർക്കോ 10:6-9 അവർ ഇനി ഒരു ശരീരം
യോഹ 2:1-11 കാനായിലെ വിവാഹം
" 15:8-12 മിശിഹായുടെ സ്നേഹത്തിൽ നിലനില്ക്കണം
" 15:12-16 പരസ്പരം സ്നേഹിക്കണം

### 6. സന്യാസവ്രതവാഗ്ദാനം

## A

ഉത്പ 12:1-4 ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോകൂ

## B

1 സാമു 3:1-10 നാഥാ, അരുളിച്ചെയ്താലും
1 രാജാ 19:4-15 കർത്താവിന്റെ സന്നിധിയിൽ നില്ക്കുക
" 19:19-21 ഏലിയായെ അനുഗമിച്ച ഏലീശ
ഉത്ത 8:6-7 സ്നേഹം മരണത്തെപ്പോലെ ശക്തം
ഏശ 63:1-8 എന്നെ അയച്ചാലും
ജറെ 31:31-37 പുതിയ ഉടമ്പടി
" 2:16-22 നിത്യമായി നിന്നെ ഞാൻ പരിഗ്രഹിക്കും

## C

നട 2:42-47 ആദിമ ക്രൈസ്തവസമൂഹം
" 4:32-35 ഒരു ഹൃദയവും ഒരു ആത്മാവുമായ സമൂഹം
റോമാ 6:3-11 ഞാൻ ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെട്ടു
" 12:1-13 നമ്മുടെ ശരീരം ബലിവസ്തു
1 കോറി 7:25-35 അവിവാഹിതൻ കർത്താവിന്റെ കാര്യങ്ങളിൽ തല്പരൻ
എഫേ 1:3-14 മിശിഹായിൽ നാം തിരഞ്ഞെടുക്കപ്പെട്ടു
ഫിലി 2:1-4 ഒരേ സ്നേഹത്തിൽ വർത്തിക്കുക
" 3:8-14 മിശിഹായെപ്രതി സർവ്വതും ഉപേക്ഷിക്കുക
കൊളോ 3:1-4 ഉന്നതത്തിലുള്ളവയെ അന്വേഷിക്കുക
" 3:12-17 എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന സ്നേഹം
1 തെസ 4:1-12 നമ്മുടെ വിശുദ്ധീകരണം ദൈവാഭീഷ്ടം

## D

മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ
" 11:25-30 ശിശുക്കൾക്കു വെളിപ്പെടുത്തി
" 16:24-27 സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ
" 19:16-26 പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ
" 25:1-13 പത്തു കന്യകമാർ
മർക്കോ 3:31-35 പിതാവിന്റെ ഇഷ്ടം നിറവേറ്റുക
" 10:24-30 സർവ്വതും ഉപേക്ഷിച്ച ശ്ലീഹന്മാർ
ലൂക്കാ 1:26-38 ഇതാ കർത്താവിന്റെ ദാസി
" 9:57-62 കലപ്പയിൽ കൈവച്ചു പിന്തിരിയരുത്

”   10:38-42 ശ്രേഷ്ഠമായ ഭാഗം തിരഞ്ഞെടുത്ത മറിയം
”   11:27-28 ദൈവവചനം അനുസരിച്ചു പ്രവർത്തിക്കുക
യോഹ 12:24-26 ഗോതമ്പുമണി നിലത്തുവീണ് അഴിയണം
”   15:1-8 മുന്തിരിവള്ളിയും ശാഖകളും
”   15:9-17 മിശിഹായിൽ വസിക്കുന്നവർ

## 7. മരിച്ചവർക്കുവേണ്ടി

### A

ഉത്പ 49:29-33 യാക്കോബിന്റെ മരണം

### B

2 മക്ക 12:43-45 മരിച്ചവർക്കുവേണ്ടി പരിഹാരകർമ്മം
ജോബ് 19:23-27 എന്റെ രക്ഷകൻ ജീവിക്കുന്നു
ജ്ഞാനം 3:1-9 നീതിമാന്മാരുടെ ആത്മാക്കൾ ദൈവകരങ്ങളിൽ
”   4:7-15 വിശ്രാന്തി ആസ്വദിക്കുന്ന നീതിമാൻ
ഏശ 25:6-9 മരണത്തെ ഗ്രസിക്കുന്ന കർത്താവ്
ദാനി 12:1-3 ഭൂമിയിലെ പൊടിയിലുറങ്ങുന്നവർ ഉണരും

### C

നട 10:34-47 ജീവിക്കുന്നവരുടെയും മരിച്ചവരുടെയും വിധികർത്താവ്
റോമാ 6:3-9 മിശിഹായോടൊപ്പം നമുക്കും പുതിയ ജീവിതം
”   8:12-17 മിശിഹായോടൊപ്പം നാമും മഹത്ത്വപ്പെടും
”   14:7-12 ജീവിച്ചാലും മരിച്ചാലും കർത്താവിനുള്ളവർ
1 കോറി 15:12-19 മരിച്ചവർക്കു പുനരുത്ഥാനം
”   15:20-28 മിശിഹായിൽ എല്ലാവരും പുനർജീവിക്കും
”   15:36-50 അനശ്വരതയിലേക്കുയരുന്ന നശ്വരത
”   15:50-57 മരണത്തെ വിജയം ഗ്രസിച്ചു
2 കോറി 4:14-5:1 അനശ്വരമായ ഭവനം
”   5:6-10 മിശിഹായുടെ നീതിപീഠത്തിനു മുമ്പിൽ
ഫിലി 3:20-21 നമ്മുടെ പൗരത്വം സ്വർഗ്ഗത്തിൽ
1 തെസ 4:13-18 മരിച്ചവരുടെ ഉയിർപ്പ്
2 തിമോ 2:8-13 മിശിഹായോടൊപ്പം നാം ജീവിക്കും
1 യോഹ 3:1-2 നാമും മിശിഹായെപ്പോലെ
”   3:14-16 സ്നേഹിക്കുന്നവർ ജീവനിലേക്ക്
വെളി 14:13-20 കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ
”   20:11-21:1 പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം
”   21:1-7 ഇനി മരണം ഉണ്ടാവുകയില്ല

## D

മത്താ 25:1-13 പത്തു കന്യകകൾ
” 25:14-30 അല്പകാര്യങ്ങളിലും വിശ്വസ്തർ
” 25:31-46 പിതാവിനാൽ അനുഗൃഹീതർ
ലൂക്കാ 7:11-17 യുവാവേ, എഴുന്നേല്ക്കുക
” 12:35-40 സദാ ഒരുങ്ങിയിരിക്കുക
” 23:33-43 നല്ല കള്ളൻ
” 23:47-53 പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ സമർപ്പിക്കുന്ന ഈശോ
യോഹ 5:24-29 മിശിഹായിൽ ജീവിക്കുന്നവർക്കു നിത്യജീവൻ
” 6:37-40 മിശിഹായ്ക്കുള്ളവർ ഉയിർപ്പിക്കപ്പെടും
” 6:51-58 മിശിഹായെ സ്വീകരിക്കുന്നവർക്കു നിത്യജീവൻ
” 11:12-27 പുനരുത്ഥാനവും ജീവനുമായ മിശിഹാ
” 11:32-45 ലാസറേ, പുറത്തുവരിക
” 12:23-28 ഗോതമ്പുമണി നിലത്തുവീണ് അഴിയണം
” 14:1-6 പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ
” 17:24-26 ഞാൻ ആയിരിക്കുന്നിടത്ത് അവരും ആയിരിക്കണം

# അനുബന്ധം 3

## സ്മരണീയമായ ചില തീയതികൾ

A.D 52 നവംബർ 21– നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരിൽഒരാളായ മാർ തോമാശ്ലീഹാ കേരളത്തിൽ വന്ന് സുവിശേഷപ്രസംഗം നടത്തി ക്രൈസ്തവസഭയ്ക്ക് ബീജാവാപം ചെയ്തു. കേരളത്തിൽ ശ്ലീഹ സ്ഥാപിച്ച പ്രധാന പള്ളികൾ: കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ കോട്ടയ്ക്കാവ്, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം.

72 ജൂലൈ 3– മാർ തോമാശ്ലീഹാ മൈലാപ്പൂരിലെ ചിന്നമലയിൽവച്ചു രക്തസാക്ഷിത്വം വരിച്ചു. മൈലാപ്പൂരിൽ സംസ്കരിക്കപ്പെട്ടു. ഈ ദിവസത്തെ 'ദുക്റാന' എന്നു വിളിക്കുന്നു.

190 – അലക്സാൻഡ്രിയായിൽനിന്ന് വി. പന്തേനോസ് ക്രിസ്ത്യാനികളെ സഹായിക്കാൻ കേരളത്തിൽ വന്നു.

325 – നിക്യായിലെ പൊതു സൂനഹദോസിൽ ഇന്ത്യയുടെ മെത്രാപ്പോലീത്തയായ മാർ യോഹന്നാൻ സംബന്ധിച്ചു.

345 – ക്നായി തോമ്മാ കൊടുങ്ങല്ലൂരിൽ വന്നു. ഈ ആണ്ടിനു മലയാളത്തിലെ അക്ഷരക്കണക്കിൽ ശോ വാ ല (3–4–5) എന്നാണു പറയുന്നത്.

1567 ആഗസ്റ്റ് 29 – അങ്കമാലി അതിരൂപതാസ്ഥാപനം

1597 – അവസാനത്തെ വിദേശ സുറിയാനി മെത്രാപ്പോലീത്തയായ മാർ അബ്രാഹമിന്റെ ചരമം. അങ്കമാലിയിൽ വി. ഉറുമീസിന്റെ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

1599 ജൂൺ 20–26 – ഉദയംപേരൂർ സൂനഹദോസ്. 9 യോഗങ്ങൾ നടന്നു. അതിൽ 153 വൈദികരും 660 ജനപ്രതിനിധികളും സംബന്ധിച്ചു.

1559 നവംബർ 5 – ഫ്രാൻസിസ് റോസ് എസ്.ജെ. സുറിയാനിക്കാരുടെ ആദ്യത്തെ ലത്തീൻ മെത്രാനായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1600 ആഗസ്റ്റ് 4 – പാദ്രോവാദൊ അധികാരം മാർത്തോമ്മാക്രിസ്ത്യാനികളുടെ മേൽ വ്യാപിപ്പിച്ചു.

1609 ഡിസംബർ 3 – അതിരൂപതയുടെ ആസ്ഥാനം അങ്കമാലിയിൽനിന്ന് കൊടുങ്ങല്ലൂരിലേക്കു മാറ്റി.

1610 ഡിസംബർ 22 – ഗോവാ മെത്രാപ്പോലീത്താ സുറിയാനി മേലദ്ധ്യക്ഷ ന്മാർക്ക് ഇന്ത്യ മുഴുവനിലുമുണ്ടായിരുന്ന അധികാരം മലബാറിന്റെ വട ക്കുഭാഗം മുതൽ തെക്കോട്ടായി അതിർത്തി നിശ്ചയിച്ചു ചുരുക്കി.

1653 ജനുവരി 3 – ഗാർസിയ എസ്.ജെ. മെത്രാപ്പോലീത്തയുടെ കാലത്ത് മട്ടാഞ്ചേരിയിൽവച്ച് ഭാരത സുറിയാനി സഭാംഗങ്ങൾ പോർട്ടുഗീസ് ഭര ണത്തിനെതിരായി 'കൂനൻകുരിശുസത്യം' നടത്തി.

1653 മേയ് 22 – ആലങ്ങാട്ടുവച്ച് 12 പട്ടക്കാർ തോമസ് അർക്കദിയാക്കോന്റെ മേൽ കൈവച്ച് 'മെത്രാൻസ്ഥാനം' കൊടുത്തു.

1659 ഡിസംബർ 15 – ഇറ്റലിക്കാരനും കർമ്മലീത്താ സഭാംഗവുമായ സെബ സ്ത്യാനിയുടെ മെത്രാഭിഷേകം

1959 ഡിസംബർ 17 – സെബാസ്ത്യാനിയെ മലബാറിന്റെ അപ്പസ്തോലിക് കമ്മീസറിയും അഡ്മിനിസ്ട്രേറ്ററുമായി നിയമിച്ചു.

1659 ഡിസംബർ 24 – മലബാറിൽ മെത്രാനെ വാഴിച്ച് അദ്ദേഹത്തെ വികാരി അ പ്പസ്തോലിക്കയായി നിയമിക്കുന്നതിനുള്ള അധികാരം ഏഴാം അലക്സാ ണ്ടർ മാർപാപ്പ Pro Commissa Nobis എന്ന തിരുവെഴുത്തുപ്രകാരം സെ ബസ്ത്യാനി മെത്രാനു നല്കി.

1663 ഫെബ്രുവരി 1 – മേൽപറഞ്ഞ തിരുവെഴുത്ത് അനുസരിച്ച് പള്ളിവീട്ടിൽ ചാണ്ടി(Alexander de Campo)യച്ചനെ മെഗരോയുടെ സ്ഥാനികമെത്രാനും മലബാറിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയുമായി അഭിഷേചിച്ചു നി യമിച്ചു. ഇതുവരെ പോർട്ടുഗീസുഭരണത്തിനെതിരായി നിന്നവരിൽ ഭൂരി ഭാഗവും ചാണ്ടിമെത്രാനെ തങ്ങളുടെ മേലദ്ധ്യക്ഷനായി സ്വീകരിച്ചു.

1665–1671 – മലബാറിൽ വന്നു താമസിച്ച യാക്കോബായ മെത്രാൻ മാർ ഗ്രിഗോറി യോസ്, യാക്കോബായ വിശ്വാസവും അതനുസരിച്ചുള്ള ക്രമങ്ങളും നട പ്പാക്കി. ഈ ക്രമങ്ങൾ സ്വീകരിച്ചവർ ആദ്യം 'പുത്തൻകൂറ്റു' കാർ എന്ന് അറിയപ്പെട്ടു. പിന്നീട് 'യാക്കോബായക്കാർ ' എന്നു വിളിക്കപ്പെട്ടു. മറ്റു സുറിയാനിക്കാർ 'പഴയ കൂറ്റുകാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

1673 –ചാത്യാത്ത് കർമ്മലീത്താ മിഷനറിമാരുടെ ആദ്യത്തെ ദേവാലയസ്ഥാ പനം. പിന്നീട് അതേവർഷം വരാപ്പുഴയിലും സ്ഥാപിച്ചു. ഇവ രണ്ടിനും അനുവാദം പള്ളിവീട്ടിൽ (പറമ്പിൽ) ചാണ്ടി മെത്രാനാണ് കൊടുത്തത്.

1674 മാർച്ച് 3 – ചാത്യാത്തുപള്ളി ചാണ്ടിമെത്രാൻ exempt ആക്കി കല്പന കൊടുത്തു. മുൻകാലങ്ങളിലെ സുറിയാനി മേലദ്ധ്യക്ഷന്മാരെപ്പോലെ ഇദ്ദേഹവും ഇന്ത്യയൊക്കെയുടെയും മെത്രാപ്പോലീത്ത എന്നാണ്

ഇതിൽ എഴുതിയിരിക്കുന്നത്. സുറിയാനിക്കത്തോലിക്കരിൽനിന്നു പിരിഞ്ഞ കത്തോലിക്കേതര മേലദ്ധ്യക്ഷന്മാർ ഇപ്പോഴും ഇങ്ങനെത ന്നെയാണ് എഴുതുന്നത്.

1687 ജനുവരി 2 – പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ ചരമം

1782 ജൂലൈ 16 – ആലങ്ങാട്ട് (മങ്ങാട്ട്) കരിയാറ്റിൽ മാർ യൗസേപ്പ് (Ph.D., DD. Urban University, Rome, 2 August 1766) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1782 ഡിസംബർ 16 – കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ നിയമനം പരിശുദ്ധ സിംഹാസനം അംഗീകരിച്ചു.

1783 ഫെബ്രുവരി 17 – കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ അഭിഷേകം (യിസ്ബൺ).

1785 സെപ്തംബർ 1 – കരിയാറ്റിൽ മെത്രാപ്പോലീത്ത ഒരുമിച്ച് റോമിലേക്കും മറ്റും യാത്ര ചെയ്ത പാറേമ്മാക്കൽ തോമ്മാ കത്തനാർ 'വർത്തമാനപ്പു സ്തകം' എഴുതാൻ ആരംഭിച്ചു. രണ്ടു പുസ്തകമുണ്ടെന്നാണ് അറിയു ന്നത്.

1786 സെപ്തംബർ 10 – കരിയാറ്റിൽ മെത്രാപ്പോലീത്തയുടെ ചരമം (ഗോവ). പഴയ ഗോവയിലെ കത്തീഡ്രൽ ആയ വി. കത്രീനയുടെ പള്ളിയിൽ അട ക്കപ്പെട്ടു. കൂടെയുണ്ടായിരുന്ന പാറേമ്മാക്കൽ തോമാ കത്തനാർ കൊടു ങ്ങല്ലൂർ അതിരൂപതയുടെ ഗോവർണ്ണദോരായി (administrator) നിയമിക്ക പ്പെട്ടു.

1799 മാർച്ച് 20 – പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെ ചരമം

1818 – C.M.S മിഷനറിമാരുടെ വരവും പ്രൊട്ടസ്റ്റന്റുമതവും

1831 മേയ് 11 – വൈദികരുടെ കർമ്മലീത്താ മൂന്നാംസഭ (മാന്നാനം).

1840 ഏപ്രിൽ 10 – വരാപ്പുഴയിൽ താമസിച്ചുകൊണ്ടിരുന്ന മലബാറിന്റെ വികാരി അപ്പസ്തോലിക്കമാരിൽ ഫ്രാൻസിസ് സേവ്യർ ഒ.സി.ഡി മെത്രാന് ആദ്യ മായി ആർച്ചുബിഷപ്പ് (സർദിയായുടെ) സ്ഥാനം നല്കപ്പെട്ടു.

1861 സെപ്തംബർ 5 – റോക്കോസുമെത്രാനെ മഹറോൻ ചൊല്ലാൻ റോമിന്റെ കല്പന

1866 ഫെബ്രുവരി 13 – കന്യാസ്ത്രികളുടെ കർമ്മലീത്താ മൂന്നാംസഭ (കൂന മ്മാവ്)

1866 ആഗസ്റ്റ് 13 – പുത്തൻപള്ളി പള്ളിവക സ്ഥലത്തു സെമിനാരി ആരംഭം

1866 ആലുവായ്ക്കു സമീപം, ചുറ്റും മതിലും രണ്ടുനില ബംഗ്ലാവും വില പിടിച്ച വൃക്ഷങ്ങളും മറ്റുമുള്ളതും നാല്പതേക്കറോളം വിസ്താരമുള്ള തുമായ മംഗലപ്പുഴ (Mons Formosa) 1041 കർക്കടകത്തിൽ ഷെട്ട്ലറി ൽനിന്ന്, കൊടുങ്ങല്ലൂർ രൂപതയിലായിരുന്ന സുറിയാനിക്കാരുടെ സെമി നാരിക്കായിട്ടും അവരുടെ ഗുണത്തിനായി അവരുടെ മേലദ്ധ്യക്ഷൻ നിശ്ചയിക്കുന്ന മറ്റു കാര്യത്തിനായിട്ടും, അവരുടെ പേർക്ക് പാറായിൽ അവിരാ വർക്കി തരകന്റെ പേരിൽ വിലയ്ക്കുവാങ്ങി. മേല്പടി തീറും ടി വർക്കി തരകൻ ടി സംഗതിക്കായി ഗോവാ മെത്രാപ്പോലീത്തായുടെ പേരിൽ എഴുതിയ തീറും (കൊച്ചി അരമനയിലുള്ള അസ്സൽ പ്രമാണ ങ്ങളുടെ പകർപ്പ് 'എറണാകുളം മിസ്സം' മാസികയിൽ vol-.vii pp-21 -24), ടി സ്ഥലവും കെട്ടിടങ്ങളും ഗോവാ മെത്രാപ്പോലീത്താ, കൊച്ചി മെത്രാനച്ചനു സൂക്ഷത്തിനേല്പിച്ചിരുന്നതാണെന്നാണ് അറിവ്. ഗോവാ മെത്രാപ്പോലീത്തായ്ക്ക് എഴുതിയ തീറിൽ പറയുന്ന ഉദ്ദേശ്യം 1898 ജൂൺ 2-ലെ Prot 8402- കല്പനയനുസരിച്ച് പ്രൊപ്പഗാന്ത തിരുസംഘവും തുടർന്ന് അംഗീകരിച്ചിട്ടുണ്ട്.

1871 ജനുവരി 3 - വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരമം

1874 ആഗസ്റ്റ് 1 - മേലൂസുമെത്രാൻ കേരളത്തിൽ. അദ്ദേഹത്തെ മഹറോൻ ചൊല്ലുവാനുള്ള റോമിന്റെ കല്പന ഒക്ടോബർ 25-ന് പരസ്യംചെയ്തു. തൃശൂരിലുള്ള 'സൂറായികൾ' പ്രസ്തുത ശീശ്മയുമായി ബന്ധപ്പെട്ടതാണ്.

1876 യാക്കോബായ പാത്രിയാർക്കീസ് മുടക്കിയ പാലക്കുന്നത്തു മാർ മാത്യൂസ് അത്തനാസിയോസിന്റെ കാലം മുതൽ നവീകരണസഭ (മാർത്തോമ്മാ സഭ) ഉണ്ടായി.

1877 ഒക്ടോബർ 12 - മർസലീനോസ് കോ-അദ്യുത്തോർ മെത്രാന്റെ അഭി ഷേകം

1877 നവംബർ 15 - മർസലീനോസ് മെത്രാനു സുറിയാനിക്കാരുടെമേലുള്ള അംഗീകാരനിർണ്ണയം. 1878 മാർച്ച് 19-ന് അദ്ദേഹം ഭരണം തുടങ്ങി.

1886 സെപ്തംബർ 1 - ഇന്ത്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപനം ("Humanae Salutis Auctor" of Leo XIII). ഇതോടുകൂടി കർമ്മലീത്താ ക്കാരായ മുൻഗാമികളെപ്പോലെ വരാപ്പുഴ ആസ്ഥാനമാക്കിയിരുന്ന നിക്കോ മേദിയായുടെ മെത്രാപ്പോലീത്തയും മലബാറിന്റെ അവസാനത്തെ വികാരി അപ്പസ്തോലിക്കയുമായ ഡോക്ടർ മെല്ലാനോ വരാപ്പുഴയുടെ ആദ്യത്തെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു.

1887 മെയ് 20 – വരാപ്പുഴയിലെ കർമ്മലീത്താ മെത്രാപ്പോലീത്തായുടെ കീഴിൽനിന്നും പദ്രുവാദോക്കീഴിൽനിന്നും പൂർണ്ണമായി വിച്ഛേദിച്ച് പരി. സിംഹാസനത്തിന്റെ നേരിട്ടുള്ള അധികാരത്തിൻകീഴായി മലബാറിനെ ആലുവാപ്പുഴകൊണ്ട് രണ്ടായി തിരിച്ച് സുറിയാനിക്കാർക്കു തൃശൂർ, കോട്ടയം (വടക്കുംഭാഗരും തെക്കുംഭാഗരും ഉൾപ്പെടുന്നു) എന്നീ വികാരിയത്തുകളുടെ സ്ഥാപനം. "Quod jam pridem" of Leo XII.

1887 സെപ്തംബർ 13 – പ്രസ്തുത ബൂളയനുസരിച്ച് ലത്തീൻ റീത്തിൽപ്പെട്ട ഡോ. മെഡ്ലിക്കോട്ട് (തൃശൂർ), ഡോ. ലവീഞ്ഞ് എസ്. ജെ (കോട്ടയം) എന്നീ മെത്രാൻമാരുടെ തിരഞ്ഞെടുപ്പ്. ഡിസംബർ 11–നു മെഡ്ലിക്കോട്ടു മെത്രാന്റെ അഭിഷേകം.

1896 ജൂലൈ 28 – തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി വികാരിയാത്തുകളുടെ സ്ഥാപനം ("Quae rei Sacrae" of Leo XIII).

1896 ആഗസ്റ്റ് 11 – ആധുനികകാലത്ത് ഇന്ത്യാ സ്വദേശികളായ ആദ്യത്തെ മെത്രാന്മാരായി മേനാച്ചേരി മാർ യോഹന്നാൻ (തൃശൂർ) പഴേപറമ്പിൽ മാർ ളൂയീസ് (എറണാകുളം), മാക്കിൽ മാർ മത്തായി (ചങ്ങനാശ്ശേരി) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്. ഒക്ടോബർ 15–നു പ്രസ്തുത മെത്രാന്മാരുടെ അഭിഷേകം (Kandy, Sri Lanka).

1911 ആഗസ്റ്റ് 29 – തെക്കുംഭാഗക്കാർക്കായുള്ള പുതിയ കോട്ടയം വികാരിയാത്തു സ്ഥാപനം ("In Universi Christiani" of St. Pius X) മാക്കിൽ മാർ മത്തായി മെത്രാനെ അതിന്റെ അദ്ധ്യക്ഷനാക്കി.

1911 ആഗസ്റ്റ് 29 – എറണാകുളത്തെ കോ–അദ്യുത്തോർ മെത്രാനായി കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരഞ്ഞെടുക്കപ്പെട്ടു.

1911 ആഗസ്റ്റ് 30 – കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ്.

1911 ഡിസംബർ 3 – കണ്ടത്തിൽ മാർ ആഗുസ്തീനോസ്, കുര്യാളശ്ശേരിൽ മാർ തോമ്മാ എന്നിവരുടെ മെത്രാഭിഷേകം (കാണ്ടി)

1913 ജൂലൈ 11 – ലവീഞ്ഞു മെത്രാന്റെ ചരമം (ഫ്രാൻസ്)

1914 ജനുവരി 26 – മാക്കിൽ മാർ മത്തായി മെത്രാന്റെ ചരമം

1914 ജൂലൈ 14 – ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ തിരഞ്ഞെടുപ്പ്. നവംമ്പർ 1 അഭിഷേകം.

1918 മേയ് 4 – മെഡ്ലിക്കോട്ട് മെത്രാന്റെ ചരമം (ബാംഗ്ലൂർ)

1919 ഡിസംബർ 9 – പഴേപറമ്പിൽ മാർ ളൂയീസ് മെത്രാന്റെ ചരമം

1919 ഡിസംബർ 19 – മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം

1921 ഏപ്രിൽ 5 – വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാന്റെ തിരഞ്ഞെടുപ്പ്. ജൂലൈ 6–ന് അഭിഷേകം.

1923 ഡിസംബർ 21 – പോർട്ടുഗീസുകാരുടെ ആഗമനംവരെ ഭാരതത്തിലെ കത്തോലിക്കാ സഭയ്ക്കു തങ്ങളുടേതായ സ്വയംഭരണസംവിധാനം ഉണ്ടായിരുന്നു. പദ്രുവാദോ അധികാരം ഭാരതത്തിൽ സ്ഥാപിതമായതോടെ അതു നഷ്ടപ്പെട്ടു. പിന്നീട് അനേകവർഷങ്ങളിലെ അഭ്യർത്ഥനയുടെ ഫലമായി എറണാകുളം അതിരൂപതയായും തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവ സാമന്തരൂപതകളായും പ്രഖ്യാപിച്ചുകൊണ്ട് വീണ്ടും സ്വന്തമായ ഭരണസംവിധാനം–ഹയരാർക്കി–സ്ഥാപിതമായി. (Romani Pontifices of Pius XI).

1923 ഡിസംബർ 21 – ആധുനികകാലത്ത് ഇന്ത്യാ സ്വദേശിയായ ആദ്യത്തെ മെത്രാപ്പോലീത്തയായി കണ്ടത്തിൽ മാർ ആഗുസ്തിനോസ് നിയമിതനായി.

1924 നവംബർ 16 – മലയാള സുറിയാനി ഹയരാർക്കി സ്ഥാപനബൂള, മാർപാപ്പയാൽ നിയമിക്കപ്പെട്ട ലെപ്പിസിയെ (Lepicier) മെത്രാപ്പോലീത്ത എറണാകുളത്തുവച്ചു പരസ്യംചെയ്തു. കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്തയെ പാലിയം ധരിപ്പിച്ചു.

1925 ജൂൺ 2 – റോമിൽവച്ചു കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാന്റെ ചരമം. കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ. സംസ്കാരകർമ്മത്തിൽ കണ്ടത്തിൽ മെത്രാപ്പോലീത്ത പ്രധാന കാർമ്മികനായിരുന്നു.

1926 ജൂൺ 8 – വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ ചരമം.

1927 ഒക്ടോബർ 29 – കാളാശ്ശേരിൽ മാർ യാക്കോബു മെത്രാന്റെ തിരഞ്ഞെടുപ്പ്. ഡിസംബർ 21 അഭിഷേകം.

1929 ഫെബ്രുവരി 11 – വത്തിക്കാനും ഇറ്റലിയും തമ്മിൽ 'ലാറ്ററൻ ഉടമ്പടി'

1930 സെപ്തംബർ 20 – യാക്കോബായ സഭയിൽനിന്ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും മാർ തിയോഫിലസ് മെത്രാന്റെയും പുനരൈക്യം.

1932 ജൂൺ 1 – സുറിയാനിക്കാരുടെ വകയായ മംഗലപ്പുഴയിലുള്ള പഴയ സെമിനാരിക്കെട്ടിടം നീക്കി തൽസ്ഥാനത്തു പണിയിച്ചതും പുത്തൻപള്ളിയിലെ സീറോ മലബാർ സെമിനാരിയെപ്പോലെതന്നെ പൗരസ്ത്യ

തിരുസംഘത്തിന്റെ കീഴിൽ Delegate Ap. Internuncio--യുടെ നേരിട്ടു ഭരണത്തിലുള്ളതുമായ പുതിയ സെമിനാരിയിൽ പഠനമാരംഭം.

1932 ജൂൺ 11 – സീറോ-മലങ്കര ഹയരാർക്കി സ്ഥാപനം

1933 നവംബർ 6 – തിരുവല്ല രൂപത സ്ഥാപനം.

1936 ഡിസംബർ 9 – ഇന്ത്യാസ്വദേശികളിൽ ആദ്യമായി തിരുസിംഹാസന സഹായകൻ (Pontificis Solio adstans Praelatus Domesticus et Nobilis Comes) എന്നുള്ള സ്ഥാനം എറണാകുളം മെത്രാപ്പോലീത്ത കണ്ട ത്തിൽ മാർ ആഗുസ്തിനോസിനു നല്കപ്പെട്ടു.

1937 നവംബർ 29 – മാർ സെവേരിയോസ് മെത്രാപ്പോലീത്തായുടെ പുന രൈക്യം.

1939 മാർച്ച് 2 – പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ സ്ഥാനാരോഹണം.

1942 മേയ് 12 – വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാന്റെ ചരമം.

1944 മാർച്ച് 11 – ആലപ്പാട്ട് മാർ ജോർജ് മെത്രാന്റെ തിരഞ്ഞെടുപ്പ്. മേയ് 1 അഭിഷേകം.

1945 ജൂൺ 9 – തറയിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ്. ഒക്ടോ ബർ 7 അഭിഷേകം.

1946 ജൂലൈ 28 – വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ചരമം.

1949 ഒക്ടോബർ 27 – കാളാശ്ശേരി മാർ യാക്കോബു മെത്രാന്റെ ചരമം.

1950 ജനുവരി 6-18 – ബാംഗ്ലൂരിൽവച്ച് ഇന്ത്യയിലെ ആദ്യത്തെ പൊതുസൂന ഹദോസ്. കർദ്ദിനാൾ തോമസ് ഗിൽറോയ് അദ്ധ്യക്ഷൻ. മൂന്നു റീത്തി ലുംപെട്ട മേലദ്ധ്യക്ഷൻമാരും പ്രതിനിധികളുമായി 56ഉം സഹായിക ളായി വേറെ 52ഉം പേർ പങ്കെടുത്തു. (16 Sessions ) തിരുസിംഹാസന ത്തിന്റെ അംഗീകാരം 1951 മാർച്ച് 15.

1950 ജൂലൈ 25 – എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി പാലാ രൂപത സ്ഥാപനം (Quo Ecclesiarum of Pius XII); കാവുകാട്ടു മാർ മത്തായി (ചങ്ങനാശ്ശേരി), വയലിൽ മാർ സെബാസ്ത്യൻ (പാലാ) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്.

1950 നവംബർ 9 – കാവുകാട്ടു മാർ മത്തായി, വയലിൽ മാർ സെബാസ്ത്യൻ എന്നീ മെത്രാന്മാരുടെ അഭിഷേകം (റോമാ).

1951 ജനുവരി 8 – ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം.

1952 ഡിസംബർ 28-31 – എറണാകുളത്തുവച്ച് വി. തോമ്മാശ്ലീഹായുടെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും ശതാബ്ദിയാഘോഷങ്ങളിൽ പേപ്പൽ പ്രതിനിധിയായി സിഡ്നി മെത്രാപ്പോലീത്ത കർദ്ദിനാൾ തോമസ് ഗിൽറോയി ആദ്ധ്യക്ഷം വഹിച്ചു. എറണാകുളം മെത്രാപ്പോലീത്ത കണ്ടത്തിൽ മാർ അഗസ്റ്റിൻ സ്വാഗതപ്രസംഗം നടത്തി. സമാപനദിവസം ഇന്ത്യയിലെ നിരവധി മേലദ്ധ്യക്ഷന്മാർ സന്നിഹിതരായിരുന്നു. ഇന്ത്യയുടെ ആദ്യത്തെ കർദ്ദിനാളായി ബോംബെ മെത്രാപ്പോലീത്ത വലേരിയൻ ഗ്രേഷ്യസ് തിരഞ്ഞെടുക്കപ്പെട്ട വിവരത്തിനു കമ്പിസന്ദേശം ലഭിച്ചു.

1953 ജനുവരി 29 – തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി മാർ ഗ്രിഗോരിയോസിന്റെ അഭിഷേകം.

1953 ജൂലൈ 15 – മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ ചരമം.

1953 ഒക്ടോബർ 28 – ആരെത്തൂസായുടെ മെത്രാനും എറണാകുളം മെത്രാപ്പോലീത്തായുടെ സഹായമെത്രാനുമായി പാറേക്കാട്ടിൽ മാർ യൗസേപ്പു തിരഞ്ഞെടുക്കപ്പെട്ടു.

1953 നവംബർ 11 – പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയും കർദ്ദിനാൾ സംഘത്തിന്റെ അദ്ധ്യക്ഷനുമായ കർദ്ദിനാൾ തിസ്സറാങ്ങ് കേരള സന്ദർശനാർത്ഥം എറണാകുളത്തുവന്നു. എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി പാറേക്കാട്ടിൽ യൗസേപ്പച്ചനെ തിരഞ്ഞെടുത്ത വാർത്ത കർദ്ദിനാൾ പ്രഖ്യാപിച്ചു.

1953 നവംബർ 30 – എറണാകുളത്തുവച്ചു കർദ്ദിനാൾ തിസ്സറാങ്ങ് തിരുമേനി മാർ യൗസേപ്പ് പാറേക്കാട്ടിലിനെ മെത്രാനായി അഭിഷേചിച്ചു.

1953 ഡിസംബർ 6 – മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ മൈലാപ്പൂരിൽനിന്ന് എദേസ്സായ്ക്കു കൊണ്ടുപോവുകയും അവിടെനിന്ന് പിന്നീട് ഇറ്റലിയിലെ Ortona a Mare എന്ന പട്ടണത്തിൽ കൊണ്ടുപോയി സൂക്ഷിക്കുകയും ചെയ്തു. അതിൽനിന്ന് കൈയുടെ ഒരു അസ്ഥി കർദ്ദിനാൾ തിസ്സാറാങ്ങ് തിരുമേനി കൊണ്ടുവന്ന് കൊടുങ്ങല്ലൂരിൽ പൗരസ്ത്യ തിരുസംഘത്തിന്റെ കീഴിലും പ്രൊനുൺസിയോയുടെ മേൽനോട്ടത്തിലും സ്ഥാപിച്ചിരിക്കുന്ന Pontifical Shrine-ൽ ആഘോഷപൂർവ്വം പ്രതിഷ്ഠിച്ചു.

1953 ഡിസംബർ 31 – എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി തലശ്ശേരി രൂപതയുടെ സ്ഥാപനം. വള്ളോപ്പിള്ളി മാർ സെബാസ്ത്യൻ അതിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. (Ad Christi Ecclesiam of Pius XII).

1954 ഏപ്രിൽ 22 – തിരുവല്ല മെത്രാൻ മാർ തിയോഫിലസ് തിരുമേനിയുടെ സഹായമെത്രാനായി സക്കറിയാസ് മാർ അത്തനാസിയോസിന്റെ അഭിഷേകം.

1955 ജനുവരി 18 – തിരുവല്ല മെത്രാപ്പോലീത്ത മാർ സെവേരിയോസിന്റെ ചരമം.

1955 ജനുവരി 27 – മാർ ഗ്രിഗോരിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്ത.

1955 ജനുവരി 27 – മാർ അത്തനാസിയോസ് തിരുവല്ല മെത്രാൻ.

1955 ഏപ്രിൽ 28 – സീറോ-മലബാർ ഹയരാർക്കിയുടെ അധികാരപരിധി വികസനം സംബന്ധിച്ചുള്ള പന്ത്രണ്ടാം പീയൂസ് മാർപാപ്പാ തിരുമനസ്സിലെ തീരുമാനം.

1955 ഏപ്രിൽ 29 – തത്സംബന്ധമായി പൗരസ്ത്യ തിരുസംഘത്തിന്റെ ഡിക്രികൾ.

a) ‘Multorum Fidelibus’ – ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാപ്രദേശങ്ങൾ മുഴുവനും ഉൾപ്പെടുത്തി, തെക്കോട്ട് കന്യാകുമാരി വരെ വികസിപ്പിച്ചു.

b) ‘Saepe Fidelium’ – തൃശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ രൂപതാ പ്രദേശങ്ങൾകൂടി ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

c) ‘Pro Fidelium’ - തലശ്ശേരി രൂപത മൈസൂർ, മംഗലാപുരം എന്നീ രൂപതാപ്രദേശങ്ങൾ ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

d) ‘Quae Suddistica gens-’–കോട്ടയം മെത്രാന് വികസിതമായ മലയാള സുറിയാനി പ്രദേശത്തുള്ള തെക്കുംഭാഗരായ സുറിയാനി കത്തോലിക്കരുടെമേൽ അധികാരം (Personal Jurisdiction).

1955 ഒക്ടോബർ 16 – തലശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് മോൺ. സെബാസ്ത്യൻ വള്ളോപ്പിള്ളിയെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തി.

1956 ജനുവരി 8 – വള്ളോപ്പിള്ളി മാർ സെബാസ്ത്യൻ മെത്രാന്റെ അഭിഷേകം (റോമാ).

1956 ജനുവരി 10 – കണ്ടത്തിൽ മാർ ആഗുസ്തിനോസ് തിരുമേനിയുടെ ചരമം.

1956 ജൂൺ 27 – മാർ തിയോഫിലസ് തിരുമേനിയുടെ ചരമം.

1956 ജൂലൈ 20 – എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ പാറേക്കാട്ടിൽ മാർ യൗസേപ്പ് എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടു.

1956 ജൂലൈ 29 – ചങ്ങനാശ്ശേരി രൂപത അതിരൂപതയായും കാവുകാട്ട് മാർ മത്തായി മെത്രാൻ അതിന്റെ മെത്രാപ്പോലീത്തയായും ഉയർത്തപ്പെട്ടു.

1956 ജൂലൈ 29 – കോതമംഗലം രൂപതയുടെ സ്ഥാപനവും പോത്തനാമുഴി മാർ മത്തായി മെത്രാന്റെ തിരഞ്ഞെടുപ്പും.

1956 നവംബർ 18 – പോത്തനാമുഴി മാർ മത്തായി മെത്രാന്റെ അഭിഷേകം (റോമാ).

1957 ആഗസ്റ്റ് 24 – മോസ്റ്റ് റവ. ഡോ. ജയിംസ് റോബർട്ട് നോക്സ് ഭാരതത്തിലെ ഇന്റർനൺസിയോ ആയി ചാർജ്ജെടുത്തു.

1957 നവംബർ 7 – ഇന്ത്യയുടെ പ്രഥമ ഇന്റർനൺസിയോ ആയിരുന്ന മോസ്റ്റ് റവ. ലിയോ പീറ്റർ കിയർക്കൽസ് സി. പി. റോമിൽവച്ചു നിര്യാതനായി.

1958 ആഗസ്റ്റ് 4 – എറണാകുളം മെത്രാപ്പോലീത്ത പാറേക്കാട്ടിൽ മാർ ജോസഫ് റോമിൽവച്ചു 12–ാം പീയൂസ് മാർപാപ്പ തിരുമേനിയിൽനിന്നു പാലിയം സ്വീകരിച്ചു.

1958 ഒക്ടോബർ 25 – ഇന്ത്യയുടെ ദലഗാദപ്പസ്തോലിക്കയായിരുന്ന അത്യുന്നത കർദ്ദിനാൾ എഡ്വേർഡ് മൂണി നിര്യാതനായി.

1959 നവംബർ 26 – ചങ്ങനാശ്ശേരി രൂപതയെ അതിരൂപതയാക്കി ഉയർത്തുന്ന ഡിക്രിയും കാവുകാട്ട് മാർ മത്തായി മെത്രാനെ അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള ബൂളയും ഇന്റർനൺസിയോ മോസ്റ്റ് റവ. ഡോ. ജയിംസ് റോബർട്ട് നോക്സ് തിരുമേനി ചങ്ങനാശ്ശേരിയിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയും മാർ കാവുകാട്ട് തിരുമേനിയെ പാലിയം ധരിപ്പിക്കുകയും ചെയ്തു.

1960 ഇന്ത്യയുടെ ദലഗാദ് അപ്പസ്തോലിക്കയായിരുന്ന അത്യുന്നത കർദ്ദിനാൾ പീറ്റർ ഫുമസോണി ബിയോണ്ടി തിരുമേനി നിര്യാതനായി.

1960 സെപ്തംബർ 27 – പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്റ്റും സിസിലിയായുടെ പാത്രിയാർക്കീസുമായ അത്യുന്നത കർദ്ദിനാൾ ഗ്രിഗറി പീറ്റർ അഗജിയാനിയൻ കേരളസഭ സന്ദർശിച്ചു.

1961 ഏപ്രിൽ 11 – കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്തയുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽനിന്ന് ആഘോഷപൂർവ്വം കൊണ്ടുവന്ന് ആലങ്ങാട്ടുപള്ളി മദ്ബഹായിൽ പുനഃസംസ്കരിച്ചു.

1962 മാർച്ച് 19 – പൗരസ്ത്യതിരുസംഘം സെക്രട്ടറി ഗബ്രിയേൽ കൂസ്സാ തിരുമേനി കർദ്ദിനാളായി ഉയർത്തപ്പെട്ടു.

1962 മാർച്ച് 31 – നാഗപ്പൂർ അതിരൂപതയിൽപ്പെട്ട വാർദ്ധ, ഛന്ദാ, അദില ബാദ് എന്നീ ഡിസ്ട്രിക്റ്റുകൾ ഉൾപ്പെടുത്തി Ad Lucem Sancti എന്ന തിരുവെഴുത്തുവഴി ഛന്ദാ മിഷൻ സ്ഥാപനം. മോൺ. ജാനുവാരിയൂസ് സി.എം.ഐ അപ്പസ്തോലിക് എക്സാർക്ക്.

1962 ജൂലൈ 3 – പുനരുദ്ധരിക്കപ്പെട്ട റീത്തനുസരിച്ച് മലയാളത്തിലുള്ള കുർബാനയുടെ ഉദ്ഘാടനം.

1962 ജൂലൈ 3 – സീറോ-മലബാർ ഹയരാർക്കിയുടെ കീഴിൽ കോട്ടയത്ത് വടവാതൂരിൽ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി ആരം ഭിച്ചു.

1962 ജൂലൈ 19 – കർദ്ദിനാൾ കൂസ്സാ ദിവംഗതനായി.

1962 ആഗസ്റ്റ് – കർദ്ദിനാൾ ഗുസ്താവേ തെസ്താ പൗരസ്ത്യസംഘം സെക്ര ട്ടറിയായി.

1962 ഒക്ടോബർ 11 – രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ചു.

1963 ജൂൺ 3 – ജോൺ 23-ാം മാർപാപ്പ ദിവംഗതനായി.

1963 ജൂൺ 21 – പോൾ ആറാമൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു.

1963 ജൂൺ 30 – പോൾ ആറാമൻ മാർപാപ്പയുടെ സ്ഥാനാരോഹണം.

1964 മാർച്ച് 14 – മംഗലപ്പുഴ സെമിനാരി പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു-വിളംബരം ജൂൺ 14.

1964 നവംബർ 28-ഡിസംബർ 6 – ബോംബെയിൽവച്ച് 38-ാം അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസ് നടത്തപ്പെട്ടു. പരിശുദ്ധ പിതാവ് പോൾ ആറാമൻ അതിൽ സംബന്ധിച്ചു.

സീറോ മലബാർ റീത്തിൽപ്പെട്ട 130 ശെമ്മാശന്മാർക്ക് കേരളത്തിലെ മെത്രാന്മാർ ചേർന്ന് അവിടെവച്ച് വൈദികപട്ടം നല്കി.

1964 ഡിസംബർ 2 – സെന്റ് തോമസ് സ്മാരകസ്റ്റാമ്പിന്റെ (15 പൈസ) ഉദ്ഘാ ടനം.

1965 ഡിസംബർ 8 – രണ്ടാം വത്തിക്കാൻ സൂനഹദോസ് 4 സെഷനുകൾക്കു ശേഷം പര്യവസാനിച്ചു.

1967 സെപ്തംബർ 29-ഒക്ടോബർ 28 – റോമിൽ ആദ്യത്തെ Bishops' Synod നടന്നു. കേരളത്തിലെ നാലു മെത്രാപ്പോലീത്താമാരും അതിൽ സംബ ന്ധിച്ചു.

1967 നവംബർ 23 – മോസ്റ്റ് റവ. ഡോ. ജോസഫ് കാപ്രിയോ ഇന്ത്യയിലെ പ്രൊനൺസിയോയായി നിയമിതനായി.

1967 ഡിസംബർ 9 – കോട്ടയം സഹായമെത്രാൻ കുന്നശ്ശേരി മാർ കുര്യാക്കോസിന്റെ തിരഞ്ഞെടുപ്പ്.

1968 ജനുവരി 14 – അത്യുന്നത കർദ്ദിനാൾ മാക്സിമില്യൻ ഡി ഫുർസ്റ്റൻബർഗ്ഗ് പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് ആയി നിയമിക്കപ്പെട്ടു.

1968 ഫെബ്രുവരി 17 – പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ മാക്സിമില്യൻ ഫുർസ്റ്റൻബർഗ്ഗ്, പ്രോനൺസിയോ ഡോ. കാപ്രിയോയുമൊരുമിച്ച് കേരളം സന്ദർശിക്കാനായി വന്നു. എറണാകുളത്തു നല്കിയ സ്വീകരണവേളയിൽ മൂന്നു പുതിയ മിഷൻരംഗങ്ങൾകൂടി കേരള സുറിയാനി സഭയ്ക്കു നല്കാൻ പൗരസ്ത്യസിംഹാസനം തീരുമാനിച്ചിരിക്കുന്ന വിവരവും, എറണാകുളം മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ പൗരസ്ത്യ തിരുസംഘത്തിന്റെ അംഗമായി നിയമിക്കപ്പെട്ടിരിക്കുന്ന വിവരവും (1968 ഫെബ്രുവരി 8) പ്രഖ്യാപിച്ചു.

1968 ഫെബ്രുവരി 19 – കേരളസഭയ്ക്കായി ആരംഭിച്ചിരിക്കുന്ന പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (ആലുവാ) ഉദ്ഘാടനം കർദ്ദിനാൾ ഫുർസ്റ്റൻബർഗ്ഗ് നിർവ്വഹിച്ചു.

1968 ഫെബ്രുവരി 22 – സീറോമലബാർ സഭയ്ക്കായി സ്ഥാപിതമായ സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ ഔദ്യോഗികമായ ഉദ്ഘാടനം (പാലാ) കർദ്ദിനാൾ ഫുർസ്റ്റൻബർഗ്ഗ് നിർവഹിച്ചു.

1968 ഫെബ്രുവരി 24 – കോട്ടയം സഹായമെത്രാൻ കുന്നശ്ശേരി മാർ കുര്യാക്കോസിന്റെ മെത്രാഭിഷേകം. കർദ്ദിനാൾ ഫുർസ്റ്റൻബർഗ്ഗായിരുന്നു പ്രധാന കാർമ്മികൻ.

1968 ഫെബ്രുവരി 25 – വടവാതൂർ സെമിനാരിയുടെ ഔപചാരിക ഉദ്ഘാടനവും ചാപ്പലിന്റെ കൂദാശകർമ്മവും അത്യുന്നത കർദ്ദിനാൾ ഫുർസ്റ്റൻബർഗ്ഗ് തിരുമേനി നിർവഹിച്ചു.

1968 ജൂലൈ 3 – പരിഷ്കരിച്ചതും പരീക്ഷണാർത്ഥം ഉപയോഗിക്കാൻ റോം അംഗീകരിച്ചതുമായ കുർബാനക്രമം നിലവിൽവന്നു.

1968 ജൂലൈ 29 – സാറ്റ്നാ, സാഗർ, ഉജ്ജെയിൻ എന്ന മൂന്നു മിഷൻരൂപതകൾ സീറോമലബാർ സഭയ്ക്കു നല്കിക്കൊണ്ടുള്ള തിരുവെഴുത്തുകൾ പ്രസിദ്ധം ചെയ്തു. ഈ മിഷൻ രൂപതകളുടെ എക്സാർക്കുമാരായി യഥാക്രമം മാർ എബ്രാഹം മറ്റം വി.സി., മാർ ക്ലെമന്റ് തോട്ടുങ്കൽ സി.എം.ഐ., മാർ ജോൺ പെരുമറ്റം എന്നിവർ നിയുക്തരായി.

1969 മാർച്ച് 28 – എറണാകുളം മെത്രാപ്പോലീത്ത പാറേക്കാട്ടിൽ മാർ ജോസഫ് തിരുമേനിയെ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തി. സീറോ മലബാർ സഭയിൽനിന്നുള്ള പ്രഥമ കർദ്ദിനാൾ.

1969 ഏപ്രിൽ 30–മേയ് 1 – കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ റോമിൽവച്ച് പോൾ ആറാമൻ മാർപാപ്പയിൽനിന്നും കർദ്ദിനാളിനടുത്ത ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

1969 ആഗസ്റ്റ് 22 – മോസ്റ്റ് റവ. ഡോ. ജോസഫ് മരീ ലെമ്യൂ ഇന്ത്യയിലെ പ്രൊനൺഷ്യോ ആയി ചാർജ്ജെടുത്തു.

1969 ഒക്ടോബർ 9 – ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത കാവുകാട്ട് മാർ മാത്യു തിരുമേനിയുടെ ചരമം.

1969 നവംബർ 15 – എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി ഫാ. സെബാസ്റ്റ്യൻ മങ്കുഴിക്കരി നിയമിതനായി.

1969 ജനുവരി 6 – എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മങ്കുഴിക്കരി മാർ സെബാസ്റ്റ്യന്റെ അഭിഷേകം.

1970 ജനുവരി 7–16 – സി.ബി.സി.ഐ. മീറ്റിംഗ് കേരളത്തിൽ ആദ്യമായി നടന്നു (എറണാകുളം).

1970 ജൂൺ 4 – തൃശൂർ മെത്രാൻ കുണ്ടുകുളം മാർ ജോസഫിന്റെ തിരഞ്ഞെടുപ്പ്

1970 ജൂൺ 13 – ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ പടിയറ മാർ ആന്റണിയുടെ നിയമനപ്രഖ്യാപനം.

1970 ആഗസ്റ്റ് 15 – ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത പടിയറ മാർ ആന്റണിയുടെ സ്ഥാനാരോഹണം.

1970 ആഗസ്റ്റ് 16 – തൃശൂർ മെത്രാനായി കുണ്ടുകുളം മാർ ജോസഫിന്റെ അഭിഷേകം.

1970 ഒക്ടോബർ 3 – കേരള റീജണൽ വൊക്കേഷൻ സർവ്വീസ് സെന്റർ (ഭരണങ്ങാനം) ആരംഭിച്ചു.

1970 നവംബർ 23–29 – മനിലയിൽവച്ച് ഏഷ്യൻ ബിഷപ്സ് കോൺഫറൻസ്. കേരളത്തിൽനിന്ന് എറണാകുളം, ചങ്ങനാശ്ശേരി, തിരുവനന്തപുരം മെത്രാപ്പോലീത്താമാരും തിരുവല്ല, തലശ്ശേരി, കോഴിക്കോട്ടു മെത്രാന്മാരും സംബന്ധിച്ചു.

പോൾ ആറാമൻ മാർപാപ്പ നവംബർ 27–ന് അതിൽ പങ്കെടുത്തു.

1970 ഡിസംബർ 12 – കേരള പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ പുതിയ കെട്ടിടത്തിൽ (എറണാകുളം) ആരംഭിച്ചു.

1971 നവംബർ 25 – മോസ്റ്റ് റവ. ഡോ. ജോൺ ഗോർഡൻ ഇന്ത്യയിലെ പ്രൊനുൺസിയോയായി നിയമിതനായി.

1972 ജനുവരി 29 – ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി പവ്വത്തിൽ മാർ ജോസഫിന്റെ നിയമനം.

1972 ഫെബ്രുവരി 13 – ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ പവ്വത്തിൽ മാർ ജോസഫിന്റെ മെത്രാഭിഷേകം (റോം)

1972 ഫെബ്രുവരി 25 – കാർഡിനൽ യൂജിൻ തിസ്സരാങ്ങ് തിരുമേനിയുടെ ചരമം.

1972 മാർച്ച് 25 – വി. തോമ്മാശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനായി പരിശുദ്ധ പിതാവ് പോൾ ആറാമൻ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

1972 ഏപ്രിൽ 9 – മദ്രാസിൽവച്ച് കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ സി.ബി.സി.ഐ. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1972 ഏപ്രിൽ 14–16 – വി. തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19–ാം ശതാബ്ദി ആഘോഷങ്ങൾ മദ്രാസിൽ.

1972 ഏപ്രിൽ 29 – ഉത്തരേന്ത്യയിലെ ബിജ്നോർ, ജഗദൽപൂർ മിഷനുകളുടെ എക്സാർക്കുമാരായി മുണ്ടാടൻ മാർ ഗ്രേഷ്യൻ സി.എം.ഐ., ജീരകത്തിൽ മാർ പൗളീനൂസ് സി.എം.ഐ. എന്നിവർ യഥാക്രമം നിയമിതരായി.

1972 ജൂൺ 10 – കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ Commission for the Revision of the Code of Oriental Canon Law യുടെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

1972 ഡിസംബർ 27 – വി. തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19–ാം ശതാബ്ദി കേരളത്തിലെ കത്തോലിക്കാ, യാക്കോബായ,മാർത്തോമ്മാ, സി. എസ്. ഐ എന്നീ സഭകളിലെ 34 രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ എറണാകുളത്തുവച്ച് ആഘോഷിച്ചു.

1973 ഫെബ്രുവരി 12 – മംഗലപ്പുഴ സെമിനാരിയിൽ "Pontifical Institute of Theology and Philosophy" കാർഡിനൽ പാറേക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് പ്രൊനുൺഷ്യോ ആർച്ചു ബിഷപ്പ് ജോൺ ഗോർഡൻ തിരുമേനി ഉദ്ഘാടനം ചെയ്തു.

1973 മാർച്ച് 1 – “Quanta Gloria” എന്ന തിരുവെഴുത്തുവഴി മാനന്തവാടി രൂപതയുടെ സ്ഥാപനവും പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴിയുടെ തിരഞ്ഞെടുപ്പും.

1973 മാർച്ച് 1 – പാലാ സഹായമെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫിന്റെ തിരഞ്ഞെടുപ്പ്

1973 മാർച്ച് 7 – കാർഡിനൽ പോൾ ഫിലിപ്പ് പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടായി നിയമിക്കപ്പെട്ടു.

1973 മേയ് 1 – മാനന്തവാടി മെത്രാൻ തൂങ്കുഴി മാർ ജേക്കബിന്റെ മെത്രാഭിഷേകവും രൂപതയുടെ ഉദ്ഘാടനവും.

1973 ജൂൺ 18 – വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദൈവശാസ്ത്ര ഡിഗ്രി കോഴ്സ് കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ ഉദ്ഘാടനം ചെയ്തു.

1973 ജൂലൈ 3 – സെന്റ് തോമസ് ചരമ ശതാബ്ദി സ്മാരകമായി ഇന്ത്യാഗവൺമെന്റ് പ്രസിദ്ധീകരിച്ച 20 പൈസയുടെ പോസ്റ്റൽ സ്റ്റാമ്പിന്റെ ഉദ്ഘാടനം.

1973 ആഗസ്റ്റ് 15 – പാലാ രൂപതയുടെ സഹായമെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫിന്റെ മെത്രാഭിഷേകം.

1973 നവംബർ 6 – ആലപ്പാട്ട് മർ ജോർജ്ജ് മെത്രാന്റെ ചരമം.

1973 ഡിസംബർ 16 – പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി, മാർപാപ്പയുടെ സ്റ്റേറ്റുസെക്രട്ടറി തുടങ്ങിയ ഉദ്യോഗങ്ങൾ വഹിച്ചിട്ടുള്ള കാർഡിനൽ ചിക്കൊഞ്ഞാനി നിര്യാതനായി.

1974 മാർച്ച് 31 – എറണാകുളം സെന്റ് മേരീസ് ബസിലിക്കായുടെ പ്രതിഷ്ഠ. ബസിലിക്ക ആക്കിക്കൊണ്ടുള്ള തിരുവെഴുത്ത് പ്രൊനുൺഷ്യോ ഡോ. ജോൺ ഗോർഡൻ തിരുമേനി പ്രഖ്യാപനം ചെയ്തു.

1974 മേയ് 5 – കോട്ടയം രൂപതാദ്ധ്യക്ഷൻ കുന്നശ്ശേരി മാർ കുര്യാക്കോസ് രൂപതാഭരണം ഏറ്റെടുത്തു.

1974 ജൂൺ 20 – “അപ്പസ്തോലിക്ക റെക്വിരെന്തെ” എന്ന തിരുവെഴുത്തുവഴി പാലക്കാട്ടുരൂപത സ്ഥാപിതമായി. ഇരിമ്പൻ മാർ ജോസഫ് പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടു.

1974 സെപ്തംബർ 8 – പാലക്കാട്ട് മെത്രാൻ ഇരിമ്പൻ മാർ ജോസഫിന്റെ അഭിഷേകവും രൂപതയുടെ ഉദ്ഘാടനവും.

1975 ജൂലൈ 26 – കോട്ടയം മെത്രാൻ തറയിൽ മാർ തോമസ് മെത്രാന്റെ ചരമം.

1976 ജൂലൈ 23 – മോസ്റ്റ് റവ. ഡോ. ലൂസിയാനോ സ്റ്റൊറേരോ ഇന്ത്യയിലെ പ്രൊനൂൺസിയോ ആയി ചാർജ്ജെടുത്തു.

1977 ഫെബ്രുവരി 26 – കാഞ്ഞിരപ്പിള്ളി രൂപതയുടെ സ്ഥാപനവും അതിന്റെ പ്രഥമ മെത്രാനായി പവ്വത്തിൽ മാർ ജോസഫിന്റെ നിമനവും.

1977 ഫെബ്രുവരി 26 – കോതമംഗലം രൂപതയുടെ പുതിയ മെത്രാനായി പുന്നക്കോട്ടിൽ മാർ ജോർജ്ജിന്റെ തിരഞ്ഞെടുപ്പ്.

1977 മാർച്ച് 12 – അഹമ്മദാബാദ് രൂപതയിൽപ്പെട്ട ഏതാനും ജില്ലകൾ വേർതിരിച്ച് രാജ്കോട്ട് രൂപത സ്ഥാപനവും രൂപതയുടെ പ്രഥമ മെത്രാനായി തളിയത്ത് മാർ ജോനാസിന്റെ തിരഞ്ഞെടുപ്പും.

ഛാന്ദാ, ജഗൽപൂർ, സാഗർ, സാറ്റ്നാ, ഉജ്ജയിൻ എന്നീ സീറോ മലബാർ എക്സാർക്കേറ്റുകളെ രൂപതകളാക്കി ഉയർത്തിക്കൊണ്ടും അവയുടെ മെത്രാന്മാരായി യഥാക്രമം പാലാത്തുരുത്തി മാർ ജാനുവാരിയൂസ്, ജീരകത്തിൽ മാർ പൗളീനോസ്, തോട്ടുങ്കൽ മാർ ക്ലെമന്റ്, മറ്റം മാർ എബ്രാഹം, പെരുമറ്റം മാർ ജോൺ എന്നിവരെ നിയമിച്ചുകൊണ്ടുമുള്ള പ്രഖ്യാപനം.

1977 ഏപ്രിൽ 24 – കോതമംഗലം രൂപതാദ്ധ്യക്ഷൻ പുന്നക്കോട്ടിൽ മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

1977 ഏപ്രിൽ 25 – സാഗർ രൂപതാദ്ധ്യക്ഷൻ തോട്ടുങ്കൽ മാർ ക്ലെമന്റിന്റെ മെത്രാഭിഷികം.

1977 ഏപ്രിൽ 30 – സാറ്റ്നാ രൂപതാദ്ധ്യക്ഷൻ മറ്റം മാർ അബ്രാഹത്തിന്റെ മെത്രാഭിഷേകം.

1977 മേയ് 3 – ഛാന്ദാ രൂപതാദ്ധ്യക്ഷൻ പാലാത്തുരുത്തി മാർ ജാനുവാരിയൂസിന്റെ മെത്രാഭിഷേകം.

1977 മേയ് 11 – ജഗദൽപൂർ രൂപതാദ്ധ്യക്ഷൻ ജീരകത്തിൽ മാർ പൗളീനോസ്, രാജകോട്ട് രൂപതാദ്ധ്യക്ഷൻ തളിയത്ത് മാർ ജോനാസ് എന്നിവരുടെ മെത്രാഭിഷേകം.

1977 മേയ് 12 – കാഞ്ഞിരപ്പിള്ളി രൂപതാദ്ധ്യക്ഷൻ പവ്വത്തിൽ മാർ ജോസഫിന്റെ സ്ഥാനാരോഹണവും രൂപതയുടെ ഉദ്ഘാടനവും.

1977 മേയ് 15 – ഉജ്ജയിൻ രൂപതാദ്ധ്യക്ഷൻ പെരുമറ്റം മാർ ജോണിന്റെ മെത്രാഭിഷേകം.

1977 ജൂലൈ 18 – ഉത്തരേന്ത്യയിലെ സീറോമലബാർ അപ്പസ്തോലിക് എക്സാർക്കേറ്റായ ബിജ്നോറിനെ രൂപതയാക്കി ഉയർത്തിക്കൊണ്ടും അതിന്റെ പ്രഥമ മെത്രാനായി മുണ്ടാടൻ മാർ ഗ്രേഷ്യനെ നിയമിച്ചു കൊണ്ടുമുള്ള പ്രഖ്യാപനം.

1977 ആഗസ്റ്റ് 28 – തൊഴിയൂർ യാക്കോബായ സ്വതന്ത്രസഭാദ്ധ്യക്ഷൻ പൗലോസ് മാർ പീലിക്സിനോസ് തിരുമേനി കത്തോലിക്കാ സഭയു മായി പുനരൈക്യപ്പെട്ടു.

1977 സെപ്തംബർ 28 – തിരുവല്ലാ മെത്രാൻ സക്കറിയാസ് മാർ അത്തനാ സിയോസ് തിരുമേനി നിര്യാതനായി.

1977 നവംബർ 6 – ബിജ്നോർ രൂപതാദ്ധ്യക്ഷൻ മുണ്ടാടൻ മാർ ഗ്രേഷ്യന്റെ മെത്രാഭിഷേകം.

1978 ജൂൺ 22 – തൃശൂർ രൂപത വിഭജിച്ച് ഇരിങ്ങാലക്കുട രൂപത സ്ഥാപിച്ചു. രൂപതാദ്ധ്യക്ഷൻ പഴയാറ്റിൽ മാർ ജെയിംസ്.

1978 ആഗസ്റ്റ് 7 – പോൾ ആറാമൻ പാപ്പാ ദിവംഗതനായി.

1978 ആഗസ്റ്റ് 26 – ജോൺ പോൾ ഒന്നാമൻ മാർപാപ്പയുടെ തിരഞ്ഞെടുപ്പ്. ചരിത്രത്തിൽ ആദ്യമായി സീറോ-മലബാർ സഭയുടെ ഒരു മേലദ്ധ്യക്ഷൻ- കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ-മാർപാപ്പയെ തിരഞ്ഞെടുക്കുന്ന കോ ൺക്ലേവിൽ പങ്കെടുത്തു.

1978 സെപ്തംബർ 3 – ജോൺ പോൾ ഒന്നാമൻ മാർപാപ്പയുടെ സ്ഥാനാരോ ഹണം.

1978 സെപ്തംബർ 8 – ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത പടിയറ മാർ ആന്റണി കേരളത്തിനു വെളിയിലുള്ള സീറോ-മലബാർ റീത്തിൽപ്പെട്ടവരുടെ കാര്യ ങ്ങൾ അന്വേഷിക്കുന്നതിന് അപ്പസ്തോലിക് വിസിറ്ററായി നിയമിക്കപ്പെട്ടു.

1978 സെപ്തംബർ 10 – ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ പഴയാറ്റിൽ മാർ ജയിംസിന്റെ മെത്രാഭിഷേകം.

1978 സെപ്തംബർ 11 – കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസിന്റെ ചരമം.

1978 സെപ്തംബർ 29 – ജോൺ പോൾ ഒന്നാമൻ പാപ്പാ ദിവംഗതനായി.

1978 ഒക്ടോബർ 16 – ജോൺ പോൾ രണ്ടാമൻ പാപ്പായുടെ തിരഞ്ഞെടുപ്പ്. കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ കോൺക്ലേവിൽ പങ്കെടുത്തു.

1978 ഒക്ടോബർ 22 – ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ സ്ഥാനാ രോഹണം.

1978 നവംബർ 18 – സീറോ-മലങ്കര റീത്തിലെ തിരുവല്ല രൂപത വിഭജിച്ച് ബത്തേരി രൂപത സ്ഥാപിച്ചു. തിരുവല്ല രൂപതയുടെ അദ്ധ്യക്ഷനായി കൂട്ട പ്ലാക്കൽ മാർ ഐസക്കും ബത്തേരി രൂപതയുടെ അദ്ധ്യക്ഷനായി മല ഞ്ചെരിവിൽ മാർ സിറിലും നിയമിതരായി.

1978 ഡിസംബർ 28 – തിരുവല്ല മെത്രാൻ ഐസക് മാർ യൂഹാനോൻ, ബത്തേരി മെത്രാൻ സിറിൽ മാർ ബസേലിയോസ് എന്നിവരുടെ അഭിഷേകം.

1980 ജൂൺ 30 – പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫെക്ടായി ലദിസ്ലാ കാർഡി നൽ റൂബിൻ നിയമിതനായി.

1980 ആഗസ്റ്റ് 29 – സീറോ-മലബാർ, സീറോ-മലങ്കര സഭകളിലെ 22 മെത്രാ ന്മാർ റോമിൽചെന്ന് "ആദ്‌ലിമിന" സന്ദർശനം നടത്തി.

1980 ഡിസംബർ 26-1981 ജനുവരി 18 – കർദ്ദിനാൾ റൂബിൻ കേരളത്തിലെ സീറോ -മലബാർ-മലങ്കര രൂപതകൾ സന്ദർശിച്ചു.

1980 ഡിസംബർ 27-28 – കോട്ടയത്തുവച്ച് പുനരൈക്യത്തിന്റെ സുവർണ്ണജൂ ബിലി കാർഡിനൽ റൂബിൻ പേപ്പൽ പ്രതിനിധിയായി പങ്കെടുത്തു.

1981 മാർച്ച് 25 – പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് മെത്രാൻ പാലാ രൂപത യുടെ ഭരണമേറ്റു.

1981 മേയ് 9 – മോസ്റ്റ് റവ. ഡോ. അഗൊസ്തീനോ കാച്ചിയവിലൻ ഇന്ത്യയിലെ പ്രൊനുൺഷ്യോയായി നിയമിതനായി.

1981 നവംബർ 7 – രാജ്കോട്ട് മെത്രാൻ തളിയത്ത് മാർ ജോനാസിന്റെ ചരമം.

1982 ഫെബ്രുവരി 6 – പോത്തനാമുഴി മാർ മാത്യു മെത്രാന്റെ ചരമം.

1983 ഏപ്രിൽ 24 – രാജ്കോട്ട് മെത്രാൻ കരോട്ടെമ്പ്രേൽ മാർ ഗ്രിഗരിയുടെ അ ഭിഷേകം.

1983 ഒക്ടോബർ 26 – വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമി നാരിയിലെ പൗരസ്ത്യവിദ്യാപീഠം രാഷ്ട്രപതി സെയിൽസിംഗ് ഉദ്ഘാ ടനം ചെയ്തു.

1984 ഏപ്രിൽ 1 – കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ എറണാകുളം മെത്രാ പ്പോലീത്താ പദത്തിൽനിന്നും വിരമിച്ചു. സഹായമെത്രാൻ മങ്കുഴിക്കരി മാർ സെബാസ്ത്യൻ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് ആയി നിയമി തനായി.

1984 ആഗസ്റ്റ് 11 – പുതിയതായി രൂപീകൃതമായ ഗൊരഖ്പൂർ രൂപതയുടെ മെത്രാ നായി കോക്കാട്ട് മാർ ഡോമിനിക് സി.എസ്.ടി. നിയമിതനായി.

1984 ഒക്ടോബർ 4 – കോക്കാട്ട് മാർ ഡോമിനിക്കിന്റെ മെത്രാഭിഷേകം. (എറണാകുളം)

1985 മേയ് 18 – എറണാകുളം അതിരൂപതാദ്ധ്യക്ഷനായി പടിയറ മാർ ആന്റണി മെത്രാപ്പോലീത്ത നിയമിതനായി.

1985 ജൂലൈ 3 – പടിയറ മാർ ആന്റണി എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തു.

1985 ഒക്ടോബർ 30 – അത്യുന്നത കർദ്ദിനാൾ സൈമൺ ലൂർദുസാമി പൗരസ്ത്യസഭാ തിരുസംഘത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

1985 നവംബർ 16 – കാഞ്ഞിരപ്പള്ളി മെത്രാൻ പവ്വത്തിൽ മാർ ജോസഫ് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തയായി നിയമിതനായി.

1986 ജനുവരി 17 – കാഞ്ഞിരപ്പള്ളി മെത്രാൻ പവ്വത്തിൽ മാർ ജോസഫ് ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പൊലീത്തയായി സ്ഥാനാരോഹണം ചെയ്തു.

1986 ഫെബ്രുവരി 1 – പത്തുദിവസം നീണ്ടുനില്ക്കുന്ന ഭാരതസന്ദർശനത്തിനായി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ഡൽഹിയിലെത്തി. രാഷ്ട്രപതി ഗ്യാനി സെയിൽസിംഗ്, പ്രധാനമന്ത്രി രാജീവ് ഗാന്ധി, സഭാമേലദ്ധ്യക്ഷന്മാർ തുടങ്ങിയവർ ചേർന്നു സ്വീകരിച്ചു.

1986 ഫെബ്രുവരി 7–രണ്ടുദിവസത്തെ കേരള സന്ദർശനത്തിനായി പരിശുദ്ധ പിതാവ് കൊച്ചിയിലെത്തി. തൃശൂരിൽ പ്രാർത്ഥനാ പരിപാടികളിൽ സംബന്ധിച്ചു. കളമശ്ശേരി പേപ്പൽ ഗ്രൗണ്ടിൽ ദിവ്യബലി അർപ്പിച്ചു. എറണാകുളം അതിമെത്രാസന മന്ദിരത്തിൽ താമസിച്ചു.

1986 ഫെബ്രുവരി 8 – പരിശുദ്ധ പിതാവ് ദൈവദാസരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസാമ്മയെയും കോട്ടയത്തുവച്ച് വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. പുനരുദ്ധരിക്കപ്പെട്ട സീറോ-മലബാർ റാസക്രമം ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്ത് പ്രാർത്ഥനാ പരിപാടികളിൽ സംബന്ധിച്ചു. ഫെബ്രുവരി 10–നു റോമിലേക്കു മടങ്ങി.

1986 ഏപ്രിൽ 28 – തലശ്ശേരി രൂപത വിഭജിച്ച് താമരശ്ശേരി രൂപതാസ്ഥാപനം. പുതിയ രൂപതയുടെ പ്രഥമ മെത്രാനായി മങ്കുഴിക്കരി മാർ സെബാസ്ത്യൻ നിയമിതനായി.

1986 ജൂലൈ 3 – താമരശ്ശേരി രൂപതയുടെ ഉദ്ഘാടനവും അതിന്റെ മെത്രാനായി മങ്കുഴിക്കരി മാർ സെബാസ്ത്യന്റെ സ്ഥാനാരോഹണവും.

1986 സെപ്തംബർ 9 – കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്തയുടെ രണ്ടാം ചരമശതാബ്ദിയാഘോഷങ്ങൾ ജന്മദേശമായ ആലങ്ങാട്ടുവച്ച്.

1986 നവംബർ 21 – പാലാ രൂപതയുടെ പ്രഥമ മെത്രാൻ വയലിൽ മാർ സെബാസ്ത്യൻ തിരുമേനിയുടെ ചരമം.

1987 ജനുവരി 3 – വട്ടക്കുഴി മാർ മാത്യു കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാനായും നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ സാഗർ രൂപതയുടെ മെത്രാനായും നിയമിതരായി.

1987 ഫെബ്രുവരി 20 – എറണാകുളം മെത്രാപ്പോലീത്ത ആയിരുന്ന കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ ചരമം.

1987 ഫെബ്രുവരി 22 – സാഗർ രൂപതാദ്ധ്യക്ഷൻ നീലങ്കാവിൽ മാർ ജോസഫ് പാസ്റ്ററിന്റെ മെത്രാഭിഷേകം.

1987 ഫെബ്രുവരി 26 – കാഞ്ഞിരപ്പിള്ളി രൂപതാദ്ധ്യക്ഷൻ വട്ടക്കുഴി മാർ മാത്യുവിന്റെ മെത്രാഭിഷേകം.

1987 ഏപ്രിൽ 28 – തിരുവല്ല മെത്രാൻ ഐസക് മാർ യൂഹനോൻ തിരുമേനിയുടെ ചരമം.

1987 മേയ് 28 – ഭാരതത്തിലെ മൂന്നു റീത്തുകളിലെ മെത്രാന്മാർക്കും സ്വന്തമായ ദേശീയ കോൺഫറൻസുകൾ ഉണ്ടാക്കുന്നതിനുള്ള അവകാശവും, മൂന്നു റീത്തുകാർക്കും പ്രേഷിതപ്രവർത്തനം നടത്തുന്നതിനുള്ള തുല്യമായ അവകാശവും കടമയും, കേരളത്തിനു പുറത്തുള്ള പൗരസ്ത്യ സഭാംഗങ്ങൾക്ക് അവരവരുടെ റീത്തിൽ മതകാര്യങ്ങൾ നടത്തുന്നതിനുള്ള അവകാശവും അംഗീകരിച്ചുകൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഭാരതത്തിലെ മെത്രാന്മാർക്ക് കത്തെഴുതി. ബോംബെ-പൂനാ പ്രദേശത്ത് ഒരു സീറോ-മലബാർ രൂപത സ്ഥാപിക്കുവാൻ പരിശുദ്ധ പിതാവ് അനുമതി നല്കി.

1987 ആഗസ്റ്റ് 1 – പൗരസ്ത്യസംഘാദ്ധ്യക്ഷൻ കർദ്ദിനാൾ സൈമൺ ഡി ലൂർദ്ദുസാമി സീറോ-മലബാർ, മലങ്കര രൂപതകളിൽ നാലാഴ്ച നീണ്ടുനില്ക്കുന്ന ഔദ്യോഗിക സന്ദർശനത്തിനായി എറണാകുളത്തെത്തി.

1987 ആഗസ്റ്റ് 13 – വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക സെമിനാരിയുടെ രജതജൂബിലിയാഘോഷം കർദ്ദി. സൈമൺ ലൂർദുസാമി ഉദ്ഘാടനം ചെയ്തു.

1987 ആഗസ്റ്റ് 21 – തൃശൂർ, കോട്ടയം വികാരിയാത്തുകളുടെ സംയുക്ത ശതാബ്ദിയാഘോഷം എറണാകുളത്തു നടന്നു. കർദ്ദിനാൾ സൈമൺ ലൂർദ്ദു

സാമി ആദ്ധ്യക്ഷം വഹിച്ചു. കേരളത്തിലെ പേപ്പൽ പ്രതിനിധിയും സീറോ-മലബാർ സഭയിലെ എല്ലാ രൂപതാദ്ധ്യക്ഷന്മാരും രൂപതാ പ്രതിനിധികളും സംബന്ധിച്ചു.

1988 ഏപ്രിൽ 30 – ബോംബെ, പൂന, നാസിക് പ്രദേശത്തുള്ള സീറോ-മലബാർ റീത്തിൽപ്പെട്ട വിശ്വാസികൾക്കുവേണ്ടി കല്യാൺ ആസ്ഥാനമായി രൂപതാസ്ഥാപനവും അതിന്റെ പ്രഥമ മെത്രാനായി ചിറ്റിലപ്പിള്ളി മാർ പോളിന്റെ നിയമനവും.

1988 മേയ് 5 – സീറോ-മലബാർ കുർബാനക്രമം (in solemn and simple forms) സംബന്ധിച്ച് പൗരസ്ത്യതിരുസംഘം മാർഗ്ഗനിർദ്ദേശങ്ങൾ നല്കി.

1988 മേയ് 19 – തിരുവല്ല രൂപതയുടെ മെത്രാനായി ചുണ്ടേവാലേൽ മാർ ജോർജ്ജ് നിയമിതനായി.

1988 മേയ് 29 – എറണാകുളം മെത്രാപ്പോലീത്ത പടിയറ മാർ ആന്റണി തിരുമേനി കർദ്ദിനാളായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1988 ജൂൺ 28 – നിയുക്ത കർദ്ദിനാൾ പടിയറ മാർ ആന്റണി റോമിൽവച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽനിന്ന് കർദ്ദിനാളിന്റെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

1988 ആഗസ്റ്റ് 6 – തിരുവല്ല രൂപതയുടെ മെത്രാൻ ഗീവർഗീസ് മാർ തിമോത്തേയോസിന്റെ അഭിഷേകം

1988 ആഗസ്റ്റ് 24 – കല്യാൺ രൂപതയുടെ ഉദ്ഘാടനവും രൂപതാദ്ധ്യക്ഷൻ ചിറ്റിലപ്പിള്ളി മാർ പോളിന്റെ മെത്രാഭിഷേകവും (ബോംബെ).

1989 മേയ് 1 – തലശ്ശേരി രൂപതാദ്ധ്യക്ഷൻ വലിയമറ്റം മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

1989 ജൂലൈ 3 – സീറോ-മലബാർ സഭയുടെ പുതിയ കുർബാനക്രമം നടപ്പിൽ വന്നു.

1990 മേയ് 15 – ഛാന്ദാ രൂപതയുടെ മെത്രാനായി നെടുമ്പുറം മാർ വിജയാനന്ദ് നിയമിതനായി.

1990 ജൂലൈ 3 – ഛാന്ദാ രൂപതാദ്ധ്യക്ഷൻ നെടുമ്പുറം മാർ വിജയാനന്ദിന്റെ മെത്രാഭിഷേകം (ഛാന്ദ).

1990 ആഗസ്റ്റ് 6 – ജഗദൽപൂർ രൂപതാദ്ധ്യക്ഷൻ ജീരകത്തിൽ മാർ പൗളീനൂസ് നിര്യാതനായി.

1990 ആഗസ്റ്റ് 25 – സീറോ-മലബാർ, സീറോ-മലങ്കര സഭകളിലെ മെത്രാന്മാർ റോമിൽ ചെന്ന് "ആദ്‌ലിമിന" സന്ദർശനം നടത്തി.

1990 നവമ്പർ – ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി പ്രൊനൂൺഷ്യോ ആർച്ചുബിഷപ്പ് ജോർജ്ജ് സൂർ സ്ഥാനമേറ്റു.

1991 മേയ് 8 – എറണാകുളം അതിരൂപതാംഗമായ മോൺ അബ്രാഹം കാട്ടുമന മെത്രാപ്പോലീത്തയായും വത്തിക്കാൻ നൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1991 ജൂലൈ 12 – അത്യുന്നത കർദ്ദിനാൾ അക്കില്ലെ സിൽവസ്ത്രീനി പൗരസ്ത്യതിരുസംഘത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

1991 ആഗസ്റ്റ് 3 – വത്തിക്കാൻ പ്രൊനുൺഷ്യോയായി സീറോ-മലബാർ സഭയിൽനിന്ന് ആദ്യമായി നിയമിക്കപ്പെട്ട മോൺ. അബ്രാഹം കാട്ടുമനയുടെ മെത്രാഭിഷേകം (എറണാകുളം).

1991 സെപ്തംബർ 15 – സാഗർ രൂപതയുടെ പ്രഥമ മെത്രാൻ തോട്ടുങ്കൽ മാർ ക്ലെമന്റിന്റെ ചരമം.

1991 ഒക്ടോബർ 1 – പുതിയ പൗരസ്ത്യകാനൻ നിയമം പ്രാബല്യത്തിൽ വന്നു.

1992 സെപ്തംബർ 4 – സീറോ-മലബാർ സഭയുടെ കാനോനികഘടന സംബന്ധിച്ചും ലിറ്റർജി നവീകരണം സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിന് ജോൺ പോൾ രണ്ടാമൻ പാപ്പ നിയമിച്ച പെന്തിഫിക്കൽ കമ്മീഷൻ കേരളത്തിൽ എത്തി. ആർച്ചുബിഷപ്പ് തോമസ് എ. വൈറ്റ് ആയിരുന്നു കമ്മീഷന്റെ അദ്ധ്യക്ഷൻ. ഫാ. റോബർട്ട് റ്റാഫ്റ്റ് എസ്.
ൊ ജ .
ഫാ. മൈക്കൾ ഏഞ്ചൽ ബത്തീസ് ഒ.സി.ഡി. എന്നിവർ അംഗങ്ങളും. ഫാ. സാർദി സെക്രട്ടറി.

1992 സെപ്തംബർ 6 – എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി മനത്തോടത്ത് മാർ ജേക്കബ് നിയമിതനായി.

1992 സെപ്തംബർ 25 – പൊന്തിഫിക്കൽ കമ്മീഷൻ, കേരളത്തിലെ എല്ലാ സീറോ-മലബാർ രൂപതകളും സന്ദർശിച്ച് അന്വേഷണം നടത്തിയ ശേഷം റോമിലേക്കു മടങ്ങി.

1992 നവംബർ 28 – എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മനത്തോടത്ത് മാർ ജേക്കബിന്റെ മെത്രാഭിഷേകം.

1992 ഡിസംബർ 16 – സീറോ-മലബാർ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടും കർദ്ദിനാൾ മാർ ആന്റണി പടിയറയെ പ്രഥമ മേജർ ആർച്ചുബിഷപ്പായി നിയമിച്ചുംകൊണ്ടുള്ള പേപ്പൽ ബൂളകളിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഒപ്പുവച്ചു.

1993 ജനുവരി 28 – ജഗദൽപൂർ രൂപതയുടെ മെത്രാനായി പാലാത്തറ മാർ സൈമൺ സ്റ്റോക്ക് സി.എം.ഐ. നിയമിതനായി.

1993 ജനുവരി 29 – സീറോ-മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടുള്ള ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തീരുമാനം (Que majori christifidelium) ഇന്ത്യയിലെ അപ്പസ്തോലിക് പ്രൊനുൺഷ്യോ ആർച്ചു ബിഷപ്പ് ജോർജ്ജ് സൂർ എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽവച്ച് പ്രഖ്യാപിച്ചു. Major Archbishopricന്റെ പേര് എറണാകുളം-അങ്കമാലി എന്നായിരിക്കുമെന്നും അതിന്റെ ആസ്ഥാനം എറണാകുളം ആണെന്നും അദ്ദേഹം അറിയിച്ചു.

എറണാകുളം മെത്രാപ്പോലീത്ത കർദ്ദിനാൾ മാർ ആന്റണി പടിയറയെ സീറോ-മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി മാർപാപ്പ നിയമിച്ചതായും പ്രഖ്യാപനമുണ്ടായി.

സെബറാദസിന്റെ സ്ഥാനിക മെത്രാപ്പോലീത്തയും പ്രൊനുൺഷ്യോയുമായ ആർച്ച്ബിഷപ്പ് അബ്രാഹം കാട്ടുമനയെ സീറോ-മലബാർ സഭയുടെ പൊന്തിഫിക്കൽ ഡലഗേറ്റായി മാർപാപ്പ നിയമിച്ചിരിക്കുന്ന വിവരവും ആർച്ചുബിഷപ് ജോർജ്ജ് സൂർ പ്രഖ്യാപിച്ചു. കൂടാതെ, സീറോ-മലബാർ സഭയുടെ ഭൂപരിധി എറണാകുളം, ചങ്ങനാശ്ശേരി പ്രോവിൻസുകളുടെ അതിർത്തിക്കുള്ളിലായിരിക്കുമെന്നും, സിനഡ് വിളിച്ചുകൂട്ടുക, സീറോ-മലബാർ സഭയുടെ പ്രത്യേക നിയമങ്ങൾ ക്രോഡീകരിക്കുക, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ നടത്തിപ്പിൽ മേൽനോട്ടം വഹിക്കുക തുടങ്ങിയ കാര്യങ്ങൾ പൊന്തിഫിക്കൽ ഡലഗേറ്റിന്റെ ചുമതലയായിരിക്കുമെന്നും വ്യക്തമാക്കപ്പെട്ടു. അതേസമയം, പുതിയ മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്, ലിറ്റർജി സംബന്ധമായ കാര്യങ്ങൾ എന്നിവ തത്ക്കാലത്തേക്ക് മാർപാപ്പായുടെ നേരിട്ടുള്ള നിയന്ത്രണത്തിലുമായിരിക്കും.

1993 മാർച്ച് 19 – ജഗദൽപൂർ രൂപതയുടെ മെത്രാൻ പാലാത്തറ മാർ സൈമൺ സ്റ്റോക്കിന്റെ മെത്രാഭിഷേകം.

1993 മേയ് 20 – എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽവച്ചു നടന്ന ചടങ്ങിൽ കർദ്ദിനാൾ പടിയറ മാർ ആന്റണി സീറോമലബാർ സഭയിലെ മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റു. ചടങ്ങു

കൾക്ക് പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രഹാം കാട്ടുമന നേതൃത്വം നല്കി.

1993 മേയ് 20 – എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽവച്ച് സീറോ-മലബാർ സഭയിലെ പ്രഥമ സിനഡ് പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് അബ്രാഹം കാട്ടുമന ഉദ്ഘാടനം ചെയ്തു. പ്രോനുൺഷ്യോ ആർച്ചുബിഷപ്പ് ജോർജ്ജ് സൂർ ഉദ്ഘാടനസമ്മേളനത്തിൽ സംബന്ധിച്ചു. കൂടാതെ, സീറോ-മലബാർ രൂപതകളിലെ വൈദിക-സന്യാസ-അല്മായ പ്രതിനിധികളും.

1993 മേയ് 20–26 – പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രാഹം കാട്ടുമനയുടെ അദ്ധ്യക്ഷതയിൽ സീറോ-മലബാർ സഭയിലെ പ്രഥമ സിനഡ് എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽ സമ്മേളിച്ചു. സ്ഥിരം സിനഡ്, ട്രൈബ്യൂണൽ, കമ്മീഷനുകൾ എന്നിവയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തി. സിനഡിന്റെ നിയമാവലി, പ്രത്യേക നിയമങ്ങളുടെ ക്രോഡീകരണം തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്തു.

1993 നവംബർ 22–ഡിസംബർ 4 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ പ്രഥമ സമ്മേളനം. സിനഡിന്റെ ഭരണഘടനയും, മാമ്മോദീസ, സ്ഥൈര്യലേപനം എന്നീ കൂദാശകളുടെ നക്കലും ചർച്ചചെയ്ത് അംഗീകരിച്ചു. വൈദികരെയും വിവാഹത്തിന്റെ കാനോനിക വശങ്ങളെയും സംബന്ധിച്ചുള്ള പ്രത്യേക നിയമങ്ങളെപ്പറ്റിയും പ്രാഥമിക ചർച്ചകൾ നടത്തി.

1994 ഫെബ്രുവരി 28 – സി.ബി.സി.ഐ. പ്രസിഡന്റായി പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പൊലീത്ത തിരഞ്ഞെടുക്കപ്പെട്ടു.

1994 മാർച്ച് 7–23 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ രണ്ടാം സമ്മേളനം. പൗരസ്ത്യ വിദ്യാപീഠത്തിന്റെ നിയമാവലിയും വിവാഹം, രോഗീലേപനം, അനുരഞ്ജനം എന്നീ കൂദാശകളുടെ നക്കലും ചർച്ചചെയ്ത് അംഗീകരിച്ചു. കുർബാന പരിഷ്കരണം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പൗരസ്ത്യസഭാ കാര്യാലയത്തിന് അയച്ചുകൊടുക്കാൻ തീരുമാനിച്ചു.

1994 ജൂൺ 11 – താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മങ്കുഴിക്കരി മാർ സെബാസ്ത്യന്റെ ചരമം.

1994 ജൂൺ 14 – മോൺ. ഫ്രാൻസീസ് ആറുപാറയിൽ താമരശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1994 ഒക്ടോ 10 – സീറോ മലങ്കരസഭയുടെ തലവനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് നിര്യാതനായി

1994 നവംബർ 7–23 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ മൂന്നാം സമ്മേളനം. മംഗളവാർത്ത ദനഹാക്കാലങ്ങളുടെ പ്രോപ്രിയാ പ്രാർത്ഥനകൾ അംഗീകരിച്ചു.

1994 ഡിസം 1 – പാലക്കാടു രൂപതയുടെ പ്രഥമമെത്രാൻ ഇരിമ്പൻ മാർ ജോസഫ് രൂപതാഭരണത്തിൽനിന്നു വിരമിച്ചു.

1994 ഡിസം 2 – മോൺ. ജോസഫ് വെളിയത്തിൽ പാലക്കാടു രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1995 മാർച്ച് 6–10 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ നാലാം സമ്മേളനം.

1995 മാർച്ച് 28 – ചന്ദാരൂപതയുടെ പ്രഥമമെത്രാൻ പാലാത്തുരുത്തി മാർ ജാനുവാരിയൂസ് മെത്രാന്റെ ചരമം.

1995 ഏപ്രിൽ 4 – സീറോമലബാർ സഭയ്ക്കായി മാർപാപ്പ നിയമിച്ച പൊന്തിഫിക്കൽ ഡലഗേറ്റ് കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്ത ഹൃദയസ്തംഭനംമൂലം റോമിൽവച്ച് നിര്യാതനായി.

1995 ഏപ്രിൽ 8 – റോമിൽവച്ചു ദിവംഗതനായ പൊന്തിഫിക്കൽ ഡലഗേറ്റ് കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്തയുടെ മൃതദേഹം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സംസ്ക്കരിച്ചു. മേജർ ആർച്ചുബിഷപ് കർദിനാൾ പടിയറ മാർ ആന്റണി പ്രധാന കാർമ്മികത്വം വഹിച്ചു. ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ചുബിഷപ് ജോർജ്ജ് സൂർ, റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിലെ അണ്ടർ സെക്രട്ടറി ഫാ. മാർക്കോ ബ്രോജി എന്നിവർ സംസ്ക്കാര ശുശ്രൂഷകളിൽ സംബന്ധിച്ചു.

1995 മേയ് 9–13 – സീറോ മലബാർ സഭയുടെ സ്ഥിരം സിനഡ് റോമിൽ പൗരസ്ത്യസഭാകാര്യാലയത്തിൽവച്ചു നടന്നു.

1995 മേയ് 18 – തൃശൂർ, തലശ്ശേരി രൂപതകളെ അതിരൂപതകളായും കുണ്ടുകുളം മാർ ജോസഫ്, വലിയമറ്റം മാർ ജോർജ്ജ് എന്നിവരെ മെത്രാപ്പോലീത്തമാരായും ഉയർത്തി. പാലക്കാട്, ഇരിങ്ങാലക്കുട രൂപതകൾ തൃശൂരിന്റെയും മാനന്തവാടി, താമരശ്ശേരിരൂപതകൾ തലശ്ശേരിയുടെയും സാമന്തരൂപതകളായിരിക്കും.

ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ പഴയാറ്റിൽ മാർ ജെയിംസിനെ മേജർ ആർച്ചുബിഷപ്പിന്റെ സഹായിയായി മാർപാപ്പ നിയമിച്ചു.

മാനന്തവാടി രൂപതയുടെ മെത്രാൻ തൂങ്കുഴി മാർ ജേക്കബ്ബിനെ താമരശ്ശേരി രൂപതയുടെ മെത്രാനായി മാർപാപ്പ നിയമിച്ചു.

1995 മേയ് 27 – മേജർ ആർക്കി എപ്പിസ്കോപ്പൽ സഭാകാര്യാലയം കാക്കനാടുള്ള 'Mount St. Thomas'-ൽ മേജർ ആർച്ചു ബിഷപ് കർദ്ദിനാൾ പടിയറ മാർ ആന്റണി ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു.

1995 ജൂൺ 7 – മേയ് 18-ാം തീയതിയിലെ മാർപാപ്പയുടെ തീരുമാനങ്ങൾ ഔദ്യോഗികമായി പരസ്യമാക്കപ്പെട്ടു.

1995 ആഗസ്റ്റ് 24 – തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി വലിയമറ്റം മാർ ജോർജ്ജ് സ്ഥാനമേറ്റു.

1995 ആഗസ്റ്റ് 27 – തൃശൂർ അതിരൂപതയുടെ പ്രഥമമെത്രാപ്പോലീത്തയായി കുണ്ടുകുളം മാർ ജോസഫ് സ്ഥാനമേറ്റു.

1995 ആഗസ്റ്റ് 27 – മോൺ. ജോസഫ് കണിയാമറ്റം മാനന്തവാടി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1995 ആഗസ്റ്റ് 28 – താമരശ്ശേരി രൂപതയുടെ മെത്രാനായി തൂങ്കുഴി മാർ ജേക്കബ് സ്ഥാനമേറ്റു.

1995 നവംബർ 6–23 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ അഞ്ചാം സമ്മേളനം

1995 ഡിസം 15 – സീറോ മലങ്കരസഭയുടെ തലവനായി സിറിൽ മാർ ബസിലിയോസ് മെത്രാപ്പോലീത്ത നിയമിതനായി

1996 ജനുവരി 8–16 – സീറോ മലബാർ സിനഡ് റോമിൽ സമ്മേളിച്ചു. 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പ സിനഡു സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന സമ്മേളനങ്ങളിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടന്നു.

1996 ജനുവരി 18 – ആദ് ലീമിന സന്ദർശനം നടത്തിയ സീറോ മലബാർ, സീറോ മലങ്കര മെത്രാന്മാരെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ അഭിസംബോധന ചെയ്തു.

1996 ഫെബ്രുവരി 10 – എറണാകുളം അതിരൂപതയുടെ ശതാബ്ദി, മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ പടിയറ മാർ ആന്റണിയുടെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫക്ട് കർദ്ദിനാൾ അക്കില്ലെ സിൽവെസ്ത്രീനി സംബന്ധിച്ചു (എറണാകുളം). കർദ്ദിനാൾ വിവിധ സീറോ മലബാർ രൂപതകളും സന്ദർശിച്ചു.

1996 ഒക്ടോ 28–നവം 15 – സീറോ മലബാർ മെത്രാന്മാരുടെ സിനഡ് സമ്മേളനം IV (1996)

1996 ഡിസം 18 – ഡിസംബർ 11-ാം തീയതി മാർപാപ്പ അംഗീകരിച്ച തീരുമാനങ്ങളെപ്പറ്റി ഔദ്യോഗികമായ അറിയിപ്പുണ്ടായി.

സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ആന്റണി പടിയറയുടെ രാജി സ്വീകരിച്ചു.

തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത കുണ്ടുകുളം മാർ ജോസഫിന്റെ രാജി സ്വീകരിച്ചു

എറണാകുളം-അങ്കമാലി മേജർ ആർക്കി എപ്പിസ്കോപ്പൽ അതിരൂപതയുടെയും സീറോ മലബാർ സഭയുടെയും അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി ഫാ. വർക്കി വിതയത്തിൽ C.Ss.R.

മാനന്തവാടി രൂപതയുടെ മെത്രാനായി ഫാ. എമ്മാനുവേൽ പോത്തനാമുഴി C.M.I.

കല്യാൺ രൂപതയുടെ മെത്രാനായി ഫാ. തോമസ് എലവനാൽ M.C.B.S.

പുതുതായി സ്ഥാപിച്ച തക്കല രൂപതയുടെ മെത്രാനായി ഫാ. ജോർജ്ജ് ആലഞ്ചേരി

തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി താമരശ്ശേരി മെത്രാൻ തൂങ്കുഴി മാർ ജേക്കബ്

താമരശ്ശേരി രൂപതയുടെ മെത്രാനായി കല്യാൺ രൂപതയുടെ മെത്രാൻ ചിറ്റിലപ്പിള്ളി മാർ പോൾ

പാലക്കാട് രൂപതയുടെ മെത്രാനായി എറണാകുളം അതിരൂപതയുടെ സഹായ മെത്രാൻ മനത്തോടത്ത് മാർ ജേക്കബ്

1996 ഡിസം 18 – ബത്തേരി രൂപതയുടെ മെത്രാനായി ഒറ്റത്തെങ്ങേൽ മാർ വർഗ്ഗീസ് നിയമിതനായി. പുതുതായി സ്ഥാപിച്ച മാർത്താണ്ഡം രൂപതയുടെ മെത്രാനായി തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാൻ ലോറൻസ് മാർ അപ്രേം നിയമിതനായി.

1997 ജനു 6 – എറണാകുളം-അങ്കമാലി മേജർ ആർക്കി എപ്പിസ്കോപ്പൽ അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും അക്രീദയുടെ സ്ഥാനിക മെത്രാപ്പോലീത്തയുമായ ഫാ. വർക്കി വിതയത്തിലിനെ റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽവച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു.

1997 ജനു 18 – സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ആന്റണി പടിയറ തൽസ്ഥാനത്തുനിന്നു വിരമിച്ചു. വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്ത എറണാകുളം-അങ്കമാലി അതി

രൂപതയുടെയും സീറോ മലബാർ സഭയുടെയും അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1997 ജനു 23 – മാർത്താണ്ഡം രൂപതയുടെ മെത്രാനായി ലോറൻസ് മാർ അപ്രേം സ്ഥാനമേറ്റു

1997 ജനു 26 – മാനന്തവാടി രൂപതയുടെ മെത്രാൻ പോത്തനാമുഴി മാർ എമ്മാനുവേലിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും

1997 ഫെബ്രു 1 – പാലക്കാടു രൂപതയുടെ മെത്രാനായി മനത്തോടത്ത് മാർ ജേക്കബ് സ്ഥാനമേറ്റു

1997 ഫെബ്രു 2 – തക്കല രൂപതയുടെ ഉദ്ഘാടനവും അതിന്റെ പ്രഥമ മെത്രാൻ ആലഞ്ചേരി മാർ ജോർജ്ജിന്റെ മെത്രാഭിഷേകവും സ്ഥാനാ രോഹണവും

1997 ഫെബ്രു 5 – ബത്തേരി രൂപതയുടെ മെത്രാൻ ഗീവർഗീസ് മാർ ദിവ ന്നാസിയോസിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും

1997 ഫെബ്രു 8 – കല്യാൺ രൂപതയുടെ മെത്രാൻ എലവനാൽ മാർ തോമ സിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും

1997 ഫെബ്രു 13 – താമരശ്ശേരി രൂപതയുടെ മെത്രാനായി ചിറ്റിലപ്പിള്ളി മാർ പോൾ സ്ഥാനമേറ്റു.

1997 ഫെബ്രു 15 – തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത കുണ്ടുകുളം മാർ ജോസഫ് അതിരൂപതാഭരണത്തിൽനിന്നു വിരമിച്ചു

1997 ഫെബ്രു 15 – തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി തൂങ്കുഴി മാർ ജേക്കബ് സ്ഥാനമേറ്റു

1997 ഏപ്രിൽ 8 – മാർത്താണ്ഡം രൂപതയുടെ മെത്രാൻ ലോറൻസ് മാർ അപ്രേം നിര്യാതനായി

1997 ഏപ്രിൽ 19 – അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്ത, അക്രീദയ്ക്കു പകരം അന്തീനോയുടെ സ്ഥാനിക മെ ത്രാപ്പോലീത്ത ആയിരിക്കുമെന്ന് റോമിൽനിന്ന് അറിയിച്ചു

1997 ഏപ്രിൽ 26 – തിരുവല്ല രൂപതയുടെ സഹായ മെത്രാനായി ഫാ. മാമ്മൻ ചക്കാലപ്പടിക്കൽ നിയമിതനായി

1997 ജൂൺ 9–21 – സീറോ-മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം V (1997)

1997 ജൂലായ് 17 – തിരുവല്ല രൂപതയുടെ സഹായ മെത്രാൻ തോമസ് മാർ കൂറില ്ലോസിന്റെ മെത്രാഭിഷേകം

1997 ആഗസ്റ്റ് 23 – പാലക്കാടു രൂപതയുടെ പ്രഥമ മെത്രാൻ ഇരിമ്പൻ മാർ ജോസഫ് നിര്യാതനായി

1998 ജനുവരി 12–24 – സീറോ-മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം VI (1998) (ഒന്നാം സമ്മേളനം)

1998 ജനുവരി 19 – ആരാധനക്രമം സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിന് സിനഡിന് അധികാരം നല്കിക്കൊണ്ടുള്ള മാർപാപ്പയുടെ തീരുമാനം ഔദ്യോഗികമായി പരസ്യപ്പെടുത്തി.

1998 ജനുവരി 26 – സീറോ-മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ആന്റണി പടിയറയെ ഭാരത ഗവൺമെന്റ് "പത്മശ്രീ" നല്കി ആദരിച്ചു.

1998 ഫെബ്രുവരി 17 – എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി ഫാ. തോമസ് ചക്യത്ത് നിയമിതനായി.

1998 മാർച്ച് 19–20 – സീറോ-മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം VI (1998) (രണ്ടാം സമ്മേളനം)

1998 മാർച്ച് 27 – സീറോ-മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ വർക്കി പിതാവ് സി.ബി.സി.ഐ.യുടെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

1998 ഏപ്രിൽ 14 – എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ ചക്യത്ത് മാർ തോമസിന്റെ മെത്രാഭിഷേകം.

1998 ഏപ്രിൽ 15 – തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ ഫാ. കോശി വർഗ്ഗീസ് കിഴക്കേവീട്ടിലിന്റെ നിയമനം.

1998 ഏപ്രിൽ 16 – മാർത്താണ്ഡം രൂപതയുടെ മെത്രാൻ ഫാ. ജോൺ കല്ലൂരിന്റെ നിയമനം.

1998 ഏപ്രിൽ 19–മേയ് 14 – റോമിൽവച്ചു നടന്ന ഏഷ്യൻ സിനഡിൽ വിതയത്തിൽ മാർ വർക്കി, പവ്വത്തിൽ മാർ ജോസഫ്, കുന്നശ്ശേരി മാർ കുര്യാക്കോസ്, പുന്നക്കോട്ടിൽ മാർ ജോർജ്ജ്, മുണ്ടാടൻ മാർ ഗ്രേഷ്യൻ, മനത്തോടത്ത് മാർ ജേക്കബ് എന്നീ മെത്രാന്മാർ സംബന്ധിച്ചു.

1998 ഏപ്രിൽ 26 – തൃശൂർ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത കുണ്ടുകുളം മാർ ജോസഫ് നിര്യാതനായി.

1998 ജൂൺ 5 – ഉജ്ജെയിൻ രൂപതയുടെ മെത്രാനായി ഫാ. സെബാസ്റ്റ്യൻ വടക്കേൽ MST നിയമിതനായി.

1998 ജൂൺ 29 – മാർത്താണ്ഡം രൂപതയുടെ മെത്രാൻ യൂഹന്നാൻ മാർ ക്രിസോസ്റ്റോം, തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നിവരുടെ മെത്രാഭിഷേകം.

1998 ജൂലൈ 3 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പുതുതായി നിർമ്മിച്ച മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിന്റെ വെഞ്ചെരിപ്പും ഉദ്ഘാടനവും.

1998 സെപ്തംബർ 8 – ഉജ്ജെയിൻ രൂപതയുടെ മെത്രാൻ വടക്കേൽ മാർ സെബാസ്റ്റ്യന്റെ മെത്രാഭിഷേകം.

1998 നവംബർ 3–14 – സീറോ-മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം VI (1998) (മൂന്നാം സമ്മേളനം)

1998 നവംബർ 9–12 – സീറോ-മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ചു.

1998 ഡിസംബർ 8 – ഫാ. മാത്യു മൂലക്കാട്ട് കോട്ടയം രൂപതയുടെ സഹായ മെത്രാനായി നിയമിതനായി.

1999 ജനുവരി 6 – കോട്ടയം രൂപതയുടെ സഹായമെത്രാൻ മൂലക്കാട്ട് മാർ മാത്യു മെത്രാന്റെ അഭിഷേകം. (റോം)

1999 മേയ് 26 – പുതുതായി സ്ഥാപിച്ച ബെൽത്തങ്ങാടി രൂപതയുടെ മെത്രാനായി ഫാ. ലോറൻസ് മുക്കുഴി നിയമിതനായി.

1999 ജൂൺ 19 – ആർച്ചുബിഷപ്പ് ലൊറെൻസോ ബാൽദിസ്സേരി ഇന്ത്യയിലെ വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായി.

1999 ജൂലൈ 16 – പുതുതായി സ്ഥാപിച്ച അദിലാബാദ് രൂപതയുടെ മെത്രാനായി ഫാ. ജോസഫ് കുന്നത്ത് സി.എം.ഐ. നിയമിതനായി.

1999 ആഗസ്റ്റ് 4 – ബെൽത്തങ്ങാടി രൂപതയുടെ ഉദ്ഘാടനവും അതിന്റെ പ്രഥമ മെത്രാൻ മുക്കുഴി മാർ ലോറൻസിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

1999 ആഗസ്റ്റ് 24 – എറണാകുളം അതിരൂപതാംഗമായ മോൺ. ജോസഫ് ചേന്നോത്ത് മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1999 ഒക്ടോബർ 6 – അദിലാബാദ് രൂപതയുടെ ഉദ്ഘാടനവും അതിന്റെ പ്രഥമ മെത്രാൻ കുന്നത്ത് മാർ ജോസഫിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

1999 ഒക്ടോബർ 30 – വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ ചേന്നോത്ത് മാർ ജോസഫിന്റെ മെത്രാഭിഷേകം (റോം).

1999 നവംബർ 5–8 – ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ രണ്ടാമത്തെ ഭാരതസന്ദർശനം. ഡൽഹി സന്ദർശിച്ച മാർപാപ്പ റോമിൽവച്ചുനടന്ന ഏഷ്യയ്ക്കുവേണ്ടിയുള്ള സിനഡിന്റെ പ്രബോധനരേഖ (Ecclesia in Asia) ഔദ്യോഗികമായി പ്രസിദ്ധംചെയ്തു.

1999 നവംബർ 12–14 – മൗണ്ട് സെന്റ് തോമസിൽവച്ച് സീറോ മലബാർ സഭയുടെ മിഷൻ അസംബ്ലി സമ്മേളിച്ചു.

1999 നവംബർ 15–20 – സീറോ മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം VII (1999)

1999 ഡിസംബർ 4 - ഇരിങ്ങാലക്കുട രൂപതാംഗമായ മോൺ ജോർജ്ജ് പാതികുളം മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1999 ഡിസംബർ 23: വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്തയെ സീറോ മലബാർ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്തയായും എറണാകുളം–അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയായും നിയമിച്ചുകൊണ്ടുള്ള മാർപാപ്പയുടെ ഡിസംബർ 18-ാം തിയതിയിലെ തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിച്ചു.

1999 ഡിസംബർ 23- സത്ന രൂപതയുടെ മെത്രാനായി ഫാ. മാത്യു വാണിയക്കിഴക്കേൽ V.C. നിയമിതനായി.

2000 ജനുവരി 6 - വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ പാനികുളം മാർ ജോർജ്ജിന്റെ മെത്രാഭിഷേകം (റോം)

2000 ജനുവരി 26 - സീറോ മലബാർ സഭയുടെ രണ്ടാമത്ത മേജർ ആർച്ചുബിഷപ്പ് വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണം.

2000 മാർച്ച് 19 - മഹാജൂബിലി പ്രമാണിച്ചുള്ള സീറോമലബാർ സഭാദിനം റോമിൽ ആചരിച്ചു. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സഭയ്ക്ക് ആശംസകൾ നേർന്നു.

2000 മാർച്ച് 23- സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ പടിയറ മാർ ആന്റണി ദിവംഗതനായി.

2000 ഏപ്രിൽ 9 - തിരുക്കുടുംബസന്യാസിനീസഭാസ്ഥാപകയായ മദർ മറിയം ത്രേസ്യയെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു (റോം).

2000 ഏപ്രിൽ 12 - സത്ന രൂപതയുടെ മെത്രാൻ വാണിയക്കിഴക്കേൽ മാർ മാത്യുവിന്റെ മെത്രാഭിഷേകം.

2000 ജൂൺ 10 – ചങ്ങനാശ്ശേരി അതിരൂപതാംഗമായ മോൺ ജോർജ്ജ് കോച്ചേരി മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

2000 ജൂലൈ 10-22 - സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം VIII (2000) (ഒന്നാം സമ്മേളനം)

2000 ആഗസ്റ്റ് 21 - വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ കോച്ചേരി മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

2000 ഒക്ടോ 30– നവം 11 - സീറോ മലബാർ മെത്രാന്മാരുടെ സിനഡു സമ്മേളനം VIII (2000) (രണ്ടാം സമ്മേളനം)

2000 നവംബർ 10-12 മഹാജൂബിലിയുടെ കേരളതലസമാപനം മൂന്നു റീത്തു കളുടെയും സംയുക്താഭിമുഖ്യത്തിൽ ദിവ്യകാരുണ്യകോൺഗ്രസ്സോടെ നടന്നു (എറണാകുളം)

2000 നവംബർ 25 - റോമിലെ പൗരസ്ത്യ കാര്യാലയത്തിന്റെ പ്രീഫെക്റ്റായി അന്ത്യോക്യ കത്തോലിക്ക പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസ് മൂസ പ്രഥമൻ ദാവൂദിനെ മാർപാപ്പ നിയമിച്ചു.

2001 ജനുവരി 19 – കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാൻ വട്ടക്കുഴി മാർ മാത്യു രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2001 ജനുവരി 19 - കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാനായി ഫാ. മാത്യു അറയ്ക്കൽ നിയമിതനായി.

2001 ജനുവരി 21 - മേജർ ആർച്ചുബിഷപ് വിതയത്തിൽ മാർ വർക്കി കർദ്ദി നാളായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

2001 ഫെബ്രുവരി 9 - കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാൻ അറയ്ക്കൽ മാർ മാത്യുവിന്റെ മെത്രാഭിഷേകം.

2001 ഫെബ്രുവരി 21 - മേജർ ആർച്ചുബിഷപ് വിതയത്തിൽ മാർ വർക്കി റോമിൽവച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽനിന്ന് കർദ്ദിനാളിന്റെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

2001 മാർച്ച് 13 - അമേരിക്കയിൽ ചിക്കാഗോ ആസ്ഥാനമാക്കി സെന്റ് തോമസ് സീറോ-മലബാർ രൂപതയുടെ സ്ഥാപനം. രൂപതയുടെ പ്രഥമമെത്രാനായി ഫാ. ജേക്കബ് അങ്ങാടിയത്ത് നിയമിതനായി. കാനഡയിലെ സീറോ മലബാർ കത്തോലിക്കരുടെ സ്ഥിരം അപ്പസ്തോലികസന്ദർശകനായും മാർപാപ്പ അദ്ദേഹത്തെ നിയമിച്ചു.

2001 ജൂൺ 18 – തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനും സീറോ മലങ്കരസഭയുടെ അമേരിക്കയിലെയും യൂറോപ്പിലെയും അപ്പസ്തോലിക സന്ദർശകനുമായി ഫാ. ഐസക് തോട്ടുങ്കൽ നിയമിതനായി.

2001 ജൂലൈ 1 – അമേരിക്കയിലെ സെന്റ് തോമസ് രൂപതയുടെ പ്രഥമ മെത്രാൻ അങ്ങാടിയത്ത് മാർ ജേക്കബിന്റെ മെത്രാഭിഷേകം (ചിക്കാഗോ).

2001 ആഗസ്റ്റ് 15 - തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ ഐസക് മാർ ക്ലീമീസിന്റെ മെത്രാഭിഷേകം.

2001 നവംബർ 5-17: സീറോ മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം IX (2001)

2002 ഫെബ്രുവരി 4: എറണാകുളം–അങ്കമാലി അതിരൂപതയുടെ സഹായമെത്രാനായി ഫാ. സെബാസ്റ്റ്യൻ എടയന്ത്രത്ത് നിയമിതനായി.

2002 ഏപ്രിൽ 20: എറണാകുളം–അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ എടയന്ത്രത്ത് മാർ സെബാസ്റ്റ്യന്റെ മെത്രാഭിഷേകം.

2002 ഏപ്രിൽ 24: ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി ഫാ. ജോസഫ് പെരുന്തോട്ടം നിയമിതനായി.

2002 മേയ് 20: ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ പെരുന്തോട്ടം മാർ ജോസഫിന്റെ മെത്രാഭിഷേകം.

2002 ജൂലൈ 15-27: സീറോ മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം X (2002).

2002 നവംബർ 15-17 മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1950-ാം വാർഷികവും വി. ഫ്രാൻസിസ് സേവ്യറിന്റെ ചരമത്തിന്റെ 450-ാം വാർഷികവും സി.ബി.സി.ഐ.യുടെ ആഭിമുഖ്യത്തിൽ എറണാകുളത്തുവച്ച് അനുസ്മരിച്ചു. സമാപനസമ്മേളനത്തിൽ രാഷ്ട്രപതി ശ്രീ അബ്ദുൽ കലാം സംബന്ധിച്ചു.

2003 ജനുവരി 22: കോതമംഗലം രൂപത വിഭജിച്ച് ഇടുക്കി രൂപതയുടെ സ്ഥാപനം. പ്രഥമ മെത്രാനായി ഫാ. മാത്യു ആനിക്കുഴിക്കാട്ടിൽ നിയമിതനായി.

2003 ജനുവരി 22: തിരുവല്ല രൂപത വിഭജിച്ച് മൂവാറ്റുപുഴ രൂപതയുടെ സ്ഥാപനം. പ്രഥമ മെത്രാനായി തിരുവല്ല സഹായമെത്രാൻ തോമസ് മാർ കൂറിലോസ് നിയമിതനായി.

2003 ഫെബ്രുവരി 8: ആർച്ചുബിഷപ്പ് പേദ്രോ ലോപ്പസ് ക്വിന്താനാ ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷ്യോ ആയി നിയമിതനായി.

2003 മാർച്ച് 2: ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ ആനിക്കുഴിക്കാട്ടിൽ മാർ മാത്യുവിന്റെ മെത്രാഭിഷേകം.

2003 ഏപ്രിൽ 6: മാനന്തവാടി മെത്രാൻ പോത്തനാമുഴി മാർ എമ്മാനുവലിന്റെ ചരമം.

2003 ഏപ്രിൽ 21: മാനന്തവാടി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി മോൺ. ജോർജ്ജ് ഞരളക്കാട്ട് നിയമിതനായി.

2003 മേയ് 1-15: സീറോമലബാർ മെത്രാന്മാരുടെ 'ആദ് ലീമിന' സന്ദർശനം

2003 ആഗസ്റ്റ് 29: സഹായമെത്രാൻ മൂലക്കാട്ട് മാർ മാത്യു കോട്ടയം രൂപതയുടെ 'കോഅദ്യുത്തോർ' ആയി നിയമിതനായി.

2003 സെപ്തംബർ 11: തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ ഐസക് മാർ ക്ലീമിസ് തിരുവല്ല രൂപതയുടെ മെത്രാനായി നിയമിതനായി.

2003 ഒക്ടോബർ 19: മിഷനറീസ് ഓഫ് ചാരിറ്റീസ് സന്യാസസമൂഹത്തിന്റെ സ്ഥാപക മദർ തെരേസയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു (റോം).

2003 നവംബർ 3-15: സീറോമലബാർമെത്രാന്മാരുടെ സിനഡുസമ്മേളനം. XI (2003)

2004 ജനുവരി 3: മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതു സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം സിനഡിനു നല്കിക്കൊണ്ടുള്ള മാർപാപ്പയുടെ തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിച്ചു.

2004 ജനുവരി 7: റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫെക്ട് പാത്രിയാർക്കീസ് മാർ ഇഗ്നാത്തിയോസ് മൂസ കാർഡിനൽ ദാവൂദ് ഇന്ത്യയിലെ കത്തോലിക്കാമെത്രാന്മാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. (തൃശൂർ)

2004 ഫെബ്രുവരി 11: മലയാറ്റൂർ മാർത്തോമാ കുരിശുമുടി അന്താരാഷ്ട്ര തീർത്ഥാടനകേന്ദ്രമാക്കി മാർപാപ്പ പ്രഖ്യാപിച്ചു.

2004 മാർച്ച് 18: പാലാ രൂപതാദ്ധ്യക്ഷനായി റവ. ഫാ. ജോസഫ് കല്ലറങ്ങാട്ടിനെയും മാനന്തവാടി രൂപതാദ്ധ്യക്ഷനായി റവ. ഫാ. ജോസ് പൊരു

ന്നേടത്തിനെയും തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി മോൺ. ആൻഡ്രൂസ് താഴത്തിനെയും മാർപാപ്പ നിയമിച്ചു. പാലാ രൂപതയുടെ മെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് രൂപതാഭരണത്തിൽനിന്നു വിരമിച്ചു

2004 മേയ് 1: തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ താഴത്ത് മാർ ആൻഡ്രൂസിന്റെ മെത്രാഭിഷേകം.

2004 മേയ് 2: പാലാ രൂപതയുടെ മെത്രാൻ കല്ലറങ്ങാട്ട് മാർ ജോസഫിന്റെ മെത്രാഭിഷേകം.

2004 മേയ് 15: മാനന്തവാടി രൂപതയുടെ മെത്രാൻ പൊരുന്നേടം മാർ ജോസിന്റെ മെത്രാഭിഷേകം.

2004 നവം. 1-13: സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XII (2004)

2004 നവം. 2-5: സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി (രണ്ടാമത്തേത്) മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ചു.

2004 ഡിസംബർ 1: സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത ശിശുക്കളുടെ മാമ്മോദീസയും തൈലാഭിഷേകവും (സ്ഥൈര്യലേപനവും), മുതിർന്നവരുടെ മാമ്മോദീസയും തൈലാഭിഷേകവും (സ്ഥൈര്യലേപനവും), അനുരഞ്ജനകൂദാശ, വിവാഹം, രോഗിലേപനം എന്നിവയുടെ ക്രമങ്ങൾ മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തി.

2005 ജനുവരി 5: തിരുവനന്തപുരം മലങ്കര അതിരൂപതയുടെ സഹായമെത്രാനായി ജോസഫ് മാർ തോമസ് നിയമിതനായി.

2005 ജനുവരി 6: 2004 ഡിസംബർ 1-ാം തീയതി പ്രസിദ്ധപ്പെടുത്തിയ കൂദാശകളുടെ പുതിയ ക്രമം പ്രാബല്യത്തിൽ വന്നു.

2005 ജനുവരി 10: സീറോ മലങ്കര സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. ആർച്ചുബിഷപ് സിറിൽ മാർ ബസേലിയൂസിനെ പ്രഥമ മേജർ ആർച്ചുബിഷപ്പായി നിയമിച്ചു.

2005 ഏപ്രിൽ 2: ജോൺ പോൾ രണ്ടാമൻ മാർപാപ്പ ദിവംഗതനായി.

2005 ഏപ്രിൽ 19: ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ തിരഞ്ഞെടുപ്പ്. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിൽ കോൺക്ലേവിൽ പങ്കെടുത്തു.

2005 ഏപ്രിൽ 24: ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്ഥാനാരോഹണം.

2005 മേയ് 9: കോട്ടയം രൂപതയെ അതിരൂപതയായും ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരിയെ അതിരൂപതാദ്ധ്യക്ഷനായും മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ വർക്കി വിതയത്തിൽ ഉയർത്തി.

2005 ജൂൺ 3: കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി മാർ കുര്യാക്കോസ് കുന്നശ്ശേരി സ്ഥാനമേറ്റു.

2005 ആഗസ്റ്റ് 22 - സെപ്തംബർ 3: സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XIII (2005).

2005 നവംബർ 1: സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത പ്രോപ്രിയ (വി. കുർബാനയിലെ മാറിവരുന്ന പ്രാർത്ഥനകൾ) മേജർ ആർച്ചുബിഷപ്പ് ad experimentum പ്രസിദ്ധപ്പെടുത്തി.

2005 ഡിസംബർ 5: കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ കുര്യാക്കോസ് കുന്നശ്ശേരി അതിരൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2005 ഡിസംബർ 5: കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്തയായി മൂലക്കാട്ട് മാർ മാത്യു നിയമിതനായി.

2006 ജനുവരി 14: കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത മൂലക്കാട്ട് മാർ മാത്യുവിന്റെ സ്ഥാനാരോഹണം.

2006 ജനുവരി 9-21: സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XIV (2006).

2006 ഫെബ്രുവരി 2: സാഗർ രൂപതയുടെ മെത്രാൻ നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2006 ഫെബ്രുവരി 2: സാഗർ രൂപതയുടെ മെത്രാനായി മോൺ. ആന്റണി ചിറയത്ത് നിയമിതനായി.

2006 മാർച്ച് 25: സാഗർ രൂപതയുടെ മെത്രാൻ ചിറയത്ത് മാർ ആന്റണിയുടെ മെത്രാഭിഷേകം.

2006 മാർച്ച് 19: സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു.

2006 ഏപ്രിൽ 4: തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ ചരമം.

2006 ഏപ്രിൽ 30: ദൈവദാസൻ കുഞ്ഞച്ചൻ തേവർപറമ്പിലിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

2006 ജൂൺ 1: സീറോമലബാർ സഭയുടെ മതബോധന പാഠാവലി 1-9 ക്ലാസ്സുകൾ പ്രസിദ്ധീകരിച്ചു.

2006 ജൂലൈ 15: ഗൊരഖ്പൂർ രൂപതയുടെ മെത്രാൻ കോക്കാട്ട് മാർ ഡൊമിനിക്ക് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2006 ജൂലൈ 15: ഗൊരഖ്പൂർ രൂപതയുടെ മെത്രാനായി ഫാ. തോമസ് തുരുത്തിമറ്റം നിയമിതനായി.

2006 ആഗസ്റ്റ് 21 - സെപ്തംബർ 2: സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XIV (2006)

2006 ആഗസ്റ്റ് 18-21: സീറോമലബാർ പ്രവാസി സമ്മേളനം.

2006 സെപ്തംബർ 21: ഫാ. ജോസ് പണ്ടാരശ്ശേരി കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി നിയമിതനായി.

2006 ഒക്ടോബർ 1: ഗൊരഖ്പൂർ രൂപതയുടെ മെത്രാൻ തുരുത്തിമറ്റം മാർ തോമസിന്റെ അഭിഷേകം.

2006 ഒക്ടോബർ 28: കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ പണ്ടാരശ്ശേരി മാർ ജോസ് മെത്രാന്റെ അഭിഷേകം.

2006 ഡിസംബർ 3: ദൈവദാസി സി. എവുപ്രാസിയയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

2007 ജനുവരി 8 - 12: സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XV (2007)

2007 ജനുവരി 26: തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത തൂങ്കുഴി മാർ ജെയ്ക്കബ്, ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത പവ്വത്തിൽ മാർ ജോസഫ് എന്നിവർ അതിരൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2007 ജനുവരി 26: തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി താഴത്ത് മാർ ആൻഡ്രൂസ്, ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പെരുന്തോട്ടം മാർ ജോസഫ് എന്നിവർ നിയമിതരായി.

2007 ഫെബ്രുവരി 2: സീറോമലബാർസഭയുടെ അനുതാപശുശ്രൂഷാക്രമം പ്രസിദ്ധീകരിച്ചു.

2007 മാർച്ച് 18: തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത താഴത്ത് മാർ ആൻഡ്രൂസിന്റെ സ്ഥാനാരോഹണം.

2007 മാർച്ച് 19: ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത പെരുന്തോട്ടം മാർ ജോസഫിന്റെ സ്ഥാനാരോഹണം.

2007 ജൂൺ 1: സീറോമലബാർ സഭയുടെ മതബോധന പാഠാവലി X പ്രസിദ്ധീകരിച്ചു.

2007 ആഗസ്റ്റ് 20 - 31: സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XV (2007).

2007 ആഗസ്റ്റ് 15: സീറോമലബാർ സഭയുടെ വൈദീക പരിശീലന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു.

2007 ആഗസ്റ്റ് 15: സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന, എന്നീ പട്ടങ്ങൾ, പുരോഹിതപട്ടം, മെത്രാഭിഷേകം, മെത്രാന്റെ/മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം, മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം, അഭിഷേകതൈലത്തിന്റെ (വിശുദ്ധ മൂറോന്റെ) കൂദാശക്രമം എന്നിവ മേജർ ആർച്ചുബിഷപ്പ് പ്രസിദ്ധപ്പെടുത്തി.

2007 ആഗസ്റ്റ് 21: മാനന്തവാടി രൂപതയെ വിഭജിച്ച് ഭദ്രാവതി രൂപത സ്ഥാപിച്ചു. രൂപതാദ്ധ്യക്ഷനായി ഫാദർ അരുമച്ചാടത്ത് ജോസഫിനെ നിയമിച്ചു.

2007 ഒക്ടോബർ 25: ഭദ്രാവതി രൂപതയുടെ മെത്രാൻ അരുമച്ചാടത്ത് മാർ ജോസഫിന്റെ മെത്രാഭിഷേകം.

2008 ഫെബ്രുവരി 20: സി.ബി.സി.ഐ.യുടെ പ്രസിഡന്റായി മേജർ ആർച്ച് ബിഷപ്പ് വർക്കി കാർഡിനൽ വിതയത്തിലിനെ തിരഞ്ഞെടുത്തു.

2008 ജൂൺ 1 : സീറോമലബാർ സഭയുടെ മതബോധന പാഠാവലി XI പ്രസിദ്ധീകരിച്ചു.

2008 ആഗസ്റ്റ് 18 - 29: സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XVI (2008).

2008 ഒക്ടോബർ 12 : വാഴ്ത്തപ്പെട്ട സി. അൽഫോൻസായെ വിശുദ്ധയായി പ്രഖ്യാപിച്ചു.

2008 നവംബർ 6-9 : റോമിലെ പൗരസ്ത്യസഭകൾക്കായുള്ള പൊന്തിഫിക്കൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് കാർഡിനൽ ലെയൊനാർദോ

സാൻട്രി കേരളത്തിലെ സീറോ മലബാർ സഭയിലെ വിവിധ രൂപതകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും തുടർന്ന് ഭരണങ്ങാനത്ത് വി. അൽഫോൻസായുടെ നാമകരണത്തോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും കബറിടം വണങ്ങുകയും ചെയ്തു.

2009 ജൂൺ 1 : സീറോമലബാർ സഭയുടെ മതബോധന പാഠാവലി XII പ്രസിദ്ധീകരിച്ചു.

2009 ജൂൺ 24 : അങ്കമാലി സെന്റ് ജോർജ്ജ് ഇടവകദേവാലയം മൈനർ ബസ്ലിക്കയായി മാർപാപ്പ പ്രഖ്യാപിച്ചു.

2009 ആഗസ്റ്റ് 6 : സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത സീറോമലബാർസഭയുടെ ആരാധനക്രമത്തിലെ പിറവിത്തിരുനാൾ, വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ എന്നീ ദിവസങ്ങളിലെ പ്രത്യേക ക്രമങ്ങൾ മേജർ ആർച്ച് ബിഷപ്പ് പ്രസിദ്ധപ്പെടുത്തി.

2009 ആഗസ്റ്റ് 13-15 : സീറോ മലബാർ അൽമായ അസംബ്ലി കാക്കനാട് മൗണ്ട് സെന്തോമസിൽ വച്ച് നടന്നു.

2009 ആഗസ്റ്റ് 14 : ബിജ്നോർ രൂപതയുടെ മെത്രാൻ മുണ്ടാടൻ മാർ ഗ്രേഷ്യൻ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2009 ആഗസ്റ്റ് 14 : ബിജ്നോർ രൂപതയുടെ പുതിയ മെത്രാനായി ഫാ. ജോൺ വടക്കേൽ സി.എം.ഐ. യെ നിയമിച്ചു.

2009 ആഗസ്റ്റ് 17-28 : സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XVII (2009).

2009 ആഗസ്റ്റ് 23 : വി. അൽഫോൻസായുടെ ചിത്രം ആലേഖനം ചെയ്ത നാണയം പുറത്തിറക്കി.

2009 ഒക്ടോബർ 22 : ബിജ്നോർ രൂപതയുടെ മെത്രാൻ ഫാ. ജോൺ വടക്കേൽ സി.എം.ഐ. യുടെ സ്ഥാനാരോഹണം.